Rge. No. C. 101, M: 2298

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മേടം 1 | ലക്കം 33 |
|---|---|---|

## ക്രിസ്തുവിൻെറ പുനരുത്ഥാനം

റോമൻപടയാളികൾ മുദ്രവെച്ചു കാത്തുകിടന്നിരുന്ന കുഴിമാടത്തെയും തോല്പിച്ചു പുനരുത്ഥാനംചെയ്ത ആ ഗലീലിയാക്കാരൻതന്നെ ഇതേവരെ ജയിച്ചിരിക്കുന്നു. മേലിലും ജയം അവിടുത്തേക്കുതന്നെയായിരിക്കും. പുനരുത്ഥാനം ലോകത്തിനു നൽകിയിരിക്കുന്ന സന്ദേശം അതാകുന്നു.

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

ബന്ധുക്കളാലും സുഹൃത്തുക്കളാലും പരിത്യക്തനായി, നിസ്സഹായനായി, ആസന്നമരണനായി, കുരിശിൽ തൂങ്ങിക്കിടക്കുന്ന ഒരു വ്യക്തിയെ നോക്കി "അവൻ ദൈവത്തെ ശരണീകരിച്ചു; അവിടുന്നു് അവനെ രക്ഷിക്കുന്നതു കാണട്ടെ" എന്നു കുരിശിൻചുവട്ടിൽ നിന്ന വിജയോന്മത്തരായ ഒരു ജനക്കൂട്ടം പരിഹസിച്ചിരുന്ന ആ രംഗം, ലോകചരിത്രത്തിലെ അപൂർവ്വഘട്ടങ്ങളിലൊന്നാണു്. ജനസ്വരം എല്ലായ്പോഴും ദൈവസ്വരമായിരിക്കണമെന്നില്ലായെന്നതിനു് ഇതിനേക്കാൾ മെച്ചമായ ഒരുദാഹരണം ചരിത്രത്തിൽ വേറെ കാണുകയില്ലതന്നെ. ഭൗതികചിന്താമാത്രചാലസരായ തങ്ങൾക്കു പ്രത്യക്ഷത്തിൽ ഹൃദ്യമല്ലാത്ത പ്രഭാഷണങ്ങളുമായി പലസ്തീനായിൽ ചുററിത്തിരിഞ്ഞ ആ ചെറുപ്പക്കാരൻ ഇങ്ങിനിവരാതവണ്ണം ലോകത്തിൽനിന്നു് അന്തർദ്ധാനം ചെയ്യുന്നുവെന്നതിൽ അവർ തങ്ങളെത്തന്നെ അനുമോദിച്ചു.

രണ്ടുനാൾ കഴിഞ്ഞു. ആ ശ്മശാനത്തിൽ ഇതാ ഒരു പെൺകൊടി വിഭ്രാന്തചിത്തംപോലെ ചുററിത്തിരിയുന്നു. ഒരിക്കൽ മഗ്ദലന മുഴുവൻ കുപ്രസിദ്ധി പരത്തിയിരുന്ന ഇവളെ ക്രൂശിതൻ തങ്കലേക്കു് ആകർഷിച്ചതാണു്. അതിനുശേഷം ശീമോൻെറ പൂമേടയിലാകട്ടെ, കാൽവരിക്കുന്നിലെ കുരിശിങ്കലാകട്ടെ, അവിടുത്തെ പാദാന്തികത്തിങ്കൽ ശിരസ്സണച്ചു വിശ്രമിക്കുകയാണു് അവളുടെ ഏററവും വലിയ ആനന്ദം. തൻെറ ഹൃദയചോരൻെറ ഭൗതികാവശിഷ്ടങ്ങൾ അടക്കംചെയ്തിരിക്കുന്ന കല്ലറതിരക്കി പുറപ്പെട്ടിരിക്കുകയാണവൾ. കൂടെക്കൊണ്ടുവന്നിരിക്കുന്ന സുഗന്ധദ്രവ്യങ്ങൾകൊണ്ടു് അവിടുത്തെ തിരുമേനി പൂശുവാൻ വെമ്പൽകൊണ്ടാണു സൂര്യോദയത്തിനു മുൻപുതന്നെ അവൾ എത്തിയിരിക്കുന്നതു്. എന്നാൽ കുഴിമാടം ശൂന്യമായിരുന്നു; ധവളവസ്ത്രധാരികളായ രണ്ടു മാലാഖമാരല്ലാതെ, അവിടെ ആരും ഉണ്ടായിരുന്നില്ല.

പുനരുത്ഥാനത്തെപ്പററിയുള്ള ചിന്ത, മഹാപാപത്തിൻെറ കല്ലറയിൽനിന്നും ദൈവത്തിൻെറ ദയാമസൃണമായ കടാക്ഷത്താൽ ഉയർത്തെഴുന്നേററവളായിരുന്നിട്ടും, മറിയത്തിൻെറ മനസ്സിൽ തൽക്കാലം കടന്നുകൂടിയതായി കാണുന്നില്ല. ഭഗ്നാശയായ അവളുടെ നേത്രങ്ങളിൽനിന്നും അശ്രുക്കൾ ആറുപോലെ പ്രവഹിച്ചു; ദുഃഖഭാരത്താൽ നമ്രശിരസ്കയായ അവൾ ചുററുപാടും ഒന്നു കണ്ണോടിച്ചു. ഉദയസൂര്യൻെറ മഞ്ജുകിരണങ്ങൾ തൃണാഗ്രങ്ങളിലെ ഹിമബിന്ദുക്കളെ വെൺമുത്തുകളാക്കി പകർത്തുന്ന ആ പ്രഭാതകാന്തിയിൽ ഒരു സുന്ദരരൂപൻ സമീപത്തു നിൽക്കുന്നതു് അവൾ കണ്ടു. ആ കാരുണ്യമൂർത്തി ചോദിച്ചു, "സ്ത്രീ, നീ എന്തിനു കരയുന്നു? ആരെ അന്വേഷിക്കുന്നു?"

ആരാണീ മഹാൻ? അരിമത്തിയാക്കാരൻ യൗസേപ്പിൻെറ തോട്ടക്കാരനോ? ഏതായാലും അവൾപറഞ്ഞു: "പ്രഭോ, അവർ എൻെറ നാഥനെ കൊണ്ടുപൊയ്ക്കളഞ്ഞു. അവിടുത്തെ അവർ എവിടെ ഒളിച്ചുവെച്ചിരിക്കുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ." ഹൃദയത്തിൻെറ അഗാധത്തിൽനിന്നുള്ള അവർണ്ണ്യമായ ഈ സ്നേഹപ്രകടനം ആ ഗംഭീരപുരുഷനെയും ഒന്നു ചലിപ്പിച്ചു. അദ്ദേഹം ഒരേ ഒരു പദംമാത്രമേ ഉച്ചരിച്ചുള്ളു. ശതവർഷങ്ങൾ പലതു കഴിഞ്ഞുപോയിട്ടും ഇന്നും കർണ്ണപീയൂഷമായി ധ്വനിക്കുന്ന ഒരു ശബ്ദം. "മറിയം!"

ആരാണു തൻെറ മുൻപിൽ നിൽക്കുന്നതെന്നു് അവൾക്കു മനസ്സിലായി. അവിടുന്നല്ലാതെ മററാരും ഇത്ര ഹൃദയാവർജ്ജകമായി ആ പദം ഇതിനുമുൻപു് ഉച്ചരിച്ചിട്ടില്ല. ഇനിയും ഉച്ചരിക്കുമെന്നും തോന്നുന്നില്ല. അവളുടെ ഹൃദയം അന്വേഷിച്ചുകൊണ്ടിരുന്ന നിധി അവൾ കണ്ടെത്തി. സ്വതസ്സിദ്ധമായ വചോവിലാസത്തോടെ തന്നെത്തന്നെ മറന്നവളായി മറിയം പ്രതിവചിച്ചു: "റബോണി!" അവൾ അവിടുത്തെ പാദാന്തികത്തിൽ പ്രണമിച്ചു. ശീമോൻെറ അമർഷദ്യോതകവും നിന്ദാഗർഭവുമായ വീക്ഷണത്തെ അവഗണിച്ചും ഏതു പാദങ്ങൾ കണ്ണുനീരാൽ കഴുകി, വാർകുന്തളത്താൽ തുടച്ചുവോ, പ്രാസധാരികളായ റോമൻ പടയാളികളുടെ ഉഗ്രനോട്ടങ്ങളെ ധിക്കരിച്ചു് ഏതു പാദങ്ങൾ, കുരിശിൻചുവട്ടിൽ നിന്നു് അവൾ തഴുകിക്കൊണ്ടിരുന്നുവോ, ആ പാദങ്ങളിൽത്തന്നെ അവൾ പ്രണമിച്ചു.



കാൽവരിക്കുന്നിലെ അപമാനകരമായ രംഗം കാണുവാൻ ക്ഷമ ഉണ്ടായവൾക്കു പുനരുത്ഥാനത്തിൻെറ അദൃഷ്ടപൂർവ്വമായ മഹത്വം ദർശിക്കുന്നതിനുള്ള ഭാഗധേയവുമുണ്ടായി. മാനസികാന്ധകാരത്തിനുശേഷം ജാജ്വല്യപ്രകാശം; സുദീർഘനേരത്തെ നൈരാശ്യത്തിനുശേഷം അസുലഭമായ പ്രത്യാശ; അന്വേഷണത്തിനുശേഷം കണ്ടെത്തൽ; നഷ്ടത്തിനുശേഷം അവർണ്ണ്യമായ ലാഭം; അതാണു പുനരുത്ഥാനം. കുഴിമാടത്തിങ്കൽ കണ്ണുനീർ പൊഴിക്കുവാൻ അണഞ്ഞ മഗ്ദലനയ്ക്കു, തൻെറ ആരാധനാമൂർത്തി സജീവനായി മുൻപിൽ നിൽക്കുന്നതു കാണുവാൻ കഴിഞ്ഞു.

മരിച്ചവൻെറ ഉത്ഥാനം; പരാജിതൻെറ വിജയം; നഷ്ടപ്പെട്ടവൻെറ കണ്ടെത്തൽ; അതാണു പുനരുത്ഥാനദിനം നൽകുന്ന സന്ദേശം. രക്ഷയ്ക്കു് അനർഹനാണു് താനെന്നു ശങ്കിക്കുവാൻ ഇനി ആർക്കാണു സാധിക്കുക? ഇനി നിരാശയ്ക്കു സ്ഥാനമില്ല. കണ്ടെത്താൻ പാടില്ലാത്തതായി നഷ്ടപ്പെട്ട ഒരു ആടുമില്ല. പിതാവിൻെറ ആലിംഗനം ലഭിക്കാത്ത ഒരു ധൂർത്തപുത്രനും ഉണ്ടായിരിക്കുന്നില്ല. എന്നെന്നേക്കുമായി നഷ്ടപ്പെട്ടു എന്ന ഒരു തോന്നൽ ആർക്കെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതു ദുഃഖവെള്ളിയാഴ്ച ദിനം കാൽവരിക്കുന്നിൽ വെച്ചായിരുന്നു; കുരിശിൽ മരിച്ച ലോകരക്ഷകനെ കുഴിമാടത്തിൽ അടക്കംചെയ്ത സന്ദർഭത്തിലായിരുന്നു. എന്നാൽ മൂന്നു ദിവസം തികച്ചു വേണ്ടിവന്നില്ലാ മഹത്തായ പ്രത്യാശയുടെ കിരണകന്ദളങ്ങൾ ലോകത്തെ പ്രഭാപൂരിതമാക്കുവാൻ.

പീലാത്തോസിൻെറ നീതിന്യായാസനത്തിൻമുൻപിൽ പരിത്യക്തനും, വഞ്ചിതനും, പീഡിതനും, താഡിതനുമായി നിന്നവൻ, പീലാത്തോസിനാൽ അന്യായമായ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവൻ, ആ പീലാത്തോസിനെത്തന്നെ പരാജയപ്പെടുത്തുമെന്നു് ആരെങ്കിലും കരുതിയോ? അദ്ദേഹത്തെ വധിക്കുവാൻ മുറവിളികൂട്ടിയ ജനാവലിതന്നെ ഒടുവിൽ പരാജിതരാകുമെന്നു ആരെങ്കിലും വിചാരിച്ചോ? കുരിശിൽ ആണിചേർത്തു് തറയ്ക്കപ്പെട്ട കരങ്ങൾ ലോകാനുഗ്രഹത്തിനായി ഉയർത്തപ്പെടുമെന്നു ആരെങ്കിലും പ്രതീക്ഷിച്ചോ? പക്ഷേ അതു സംഭവിച്ചു. പുനരുത്ഥാനം ലോകത്തിനു നൽകിയ സന്ദേശം അതാകുന്നു.

കാൽവരിയിലെ കുരിശു് ഒരു ചോദ്യചിഹ്നമായിരുന്നെങ്കിൽ, പുനരുത്ഥാനം അതിൻെറ മറുപടി ആയിരുന്നു. "മനുഷ്യശക്തിയുടെ പരിധി എന്തു്?" എന്ന ഒരു ചോദ്യമായിരുന്നു കുരിശു്. പുനരുത്ഥാനം അതിനു മറുപടി നൽകി: "മനുഷ്യശക്തി സ്വന്തനാശത്തിൽ അവസാനിക്കുന്നു; എന്തെന്നാൽ ശത്രുവിനെ വധിക്കുന്നവർ യുദ്ധത്തിൽ തോൽക്കുകയാണു ചെയ്യുന്നതു്." അങ്ങനെ പുനരുത്ഥാനം മഹത്തായ ഒരു പാഠം നമുക്കു നൽകുന്നു. എത്രതന്നെ രൂക്ഷമായിക്കൊള്ളട്ടെ, തിന്മയുടെയും അനീതിയുടെയും കരാളകാളമേഘം കടന്നുപോകും; അതിനപ്പുറത്തു് മഹത്തായ പ്രകാശം നാം കണ്ടെത്തുകയും ചെയ്യും.

(ശേഷം 12-ാം പേജിൽ)

പ്രഭാഷണം

# പുതിയ ലോകം

"നിങ്ങൾ പുളിപ്പില്ലാത്തവരായിരിക്കുന്നതുപോലെ പുതിയ പിണ്ഡം ആകേണ്ടതിനു് പഴയ പുളിമാവു് നിങ്ങളിൽനിന്നു നീക്കിക്കളയുവിൻ. നമുക്കു വേണ്ടി കൊല്ലപ്പെട്ട മിശിഹാ ആകുന്നു നമ്മുടെ പെസഹാ. ഇതിനാൽ, പഴയ പുളിമാവുകൊണ്ടല്ല, ദുഷ്ടതയുടേയും വിദ്വേഷത്തിന്റേയും പുളിമാവുകൊണ്ടല്ല, മറിച്ചു്, പരമാത്ഥതയുടേയും സത്യത്തിന്റേയും പുളിപ്പില്ലാത്ത മാവുകൊണ്ടു നമുക്കു് തിരുനാൾ ആഘോഷിക്കാം." (ഉയിപ്പു ഞായർ ലേഖനം: 1 കോറി. V, 7—8).

ഏകദേശം അഞ്ചുശതാബ്ദങ്ങൾക്കുമുമ്പു് ക്രിസ്റ്റോഫർ കൊളമ്പസ് എന്ന ലോകസഞ്ചാരി സ്പെയിനിലെ പലോസിൽനിന്നു അജ്ഞാതലോകങ്ങൾ ആരാഞ്ഞു കണ്ടുപിടിക്കുന്നതിനായി കപ്പൽയാത്ര പുറപ്പെട്ടു. മനുഷ്യർ അതുവരെ സഞ്ചരിച്ചിട്ടില്ലാത്ത സമുദ്രങ്ങളെ തരണംചെയ്തുകൊണ്ടു് മനുഷ്യസങ്കല്പത്തിൽമാത്രം സ്ഥിതിചെയ്തിരുന്ന പുതിയ ലോകം കണ്ടുപിടിക്കുവാൻ ബദ്ധകങ്കണരായിട്ടാണു് കൊളമ്പസും സഹചരന്മാരും യാത്രതിരിച്ചതു്. ഭയങ്കരമായ കൊടുങ്കാറ്റുകളെ ആ ധീരനാവികൻ അഭിമുഖീകരിച്ചു; സഹയാത്രക്കാരുടെ അപമര്യാദകളും മറ്റനങ്ങളും അദ്ദേഹം സഹിച്ചു. എങ്കിലും ബാഹ്യവും ആഭ്യന്തരവുമായ സകല വിഘാതങ്ങളേയും വിജയിച്ചു് ഒടുവിൽ അമേരിക്കാരാജ്യം അദ്ദേഹം കണ്ടുപിടിച്ചു. ഈ പുതിയ ലോകത്തിലെ ചില വിശേഷവസ്തുക്കൾ വിജയസ്മാരകമായിവഹിച്ചുകൊണ്ടു് അദ്ദേഹം സ്പെയിനിലേക്കു മടങ്ങിവന്നപ്പോൾ, യൂറോപ്പാകമാനം ആനന്ദത്തിന്റേയും ഹർഷാരവങ്ങളുടേയും അട്ടഹാസങ്ങളാൽ മുഖരിതമായി. ഈ മഹാനേതാവിനെ അനുഗമിച്ചു് വിശാല സമുദ്രങ്ങളെ തരണംചെയ്യുവാനും പുതിയ ലോകത്തിലെ വിലപിടിച്ച നിക്ഷേപങ്ങളെ കൈവശപ്പെടുത്തുവാനും ജനങ്ങൾ അഹമഹമികയാ പുറപ്പെട്ടു.

കൊളമ്പസിനെ അനന്തമായി അതിശയിക്കുന്ന ക്രിസ്തുനാഥൻ, സംജീവിതമാകുന്ന വിശാലസമുദ്രത്തെ തരണംചെയ്തു്, കഷ്ടാനുഭവങ്ങളും കുരിശുമരണവുമാകുന്ന കടലിടുക്കിൽക്കൂടി കടന്നു്, തന്റെ നിത്യമായ പുനരുത്ഥാനംവഴിയായി ഒരു പുതിയ ലോകത്തെ ജയിച്ചടക്കിയിട്ടുണ്ടു്. മനുഷ്യരാശിക്കു ഇതേവരെ അപ്രാപ്യമായിരുന്ന ഒരു "പുതിയ സ്വർഗ്ഗവും പുതിയ ഭൂമിയും" നമുക്കു അങ്ങുന്നു കാണിച്ചുതരുന്നുണ്ടു്. ഈ പുതിയ ലോകത്തിന്റെ തീരത്തിൽ നിന്നുകൊണ്ടു്, അങ്ങുന്നു് നമ്മുടെ നേരെ തിരിഞ്ഞു്, അങ്ങയെ അനുഗമിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. "നിങ്ങൾ എന്നെ അനുഗമിക്കുക; ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. നിങ്ങൾ വന്നു ഞാൻ കാണിച്ചുതരുന്ന പുതിയ വിഭവങ്ങളിൽ ഭാഗഭാക്കുകളാകുക. നിങ്ങൾക്കു സുരക്ഷിതമായി യാത്രചെയ്യാനുള്ള സകല സൗകര്യങ്ങളും ഞാൻ ഏപ്പാടു ചെയ്തിട്ടുണ്ടു്. എന്റെ സഭയാകുന്ന യാത്രാക്കപ്പലിനെ യാതൊരു കൊടുങ്കാറ്റോ അന്തഃസ്ഥിതങ്ങളായ പാറക്കെട്ടുകളോ നശിപ്പിക്കയില്ല. സുവിശേഷങ്ങളും ദൈവവചനങ്ങളുമാകുന്ന പ്രമാദരഹിതമായ ഒരു മാർഗ്ഗനിർദ്ദേശിക (chart) ഞാൻ അതിനു നൽകിയിട്ടുണ്ടു്. ഞാൻതന്നെ കപ്പലിന്റെ അമരത്തിരുന്നു് അതിനെ നിയന്ത്രിച്ചുകൊണ്ടിരിക്കും. ബാഹ്യമായ മറ്റനക്കൊടുങ്കാറ്റുകളേയോ ആന്തരികമായ ദുരാശകളുടെ വിപ്ലവങ്ങളേയോ ഭയപ്പെടുവാനില്ല." ഇപ്രകാരം, മരണത്തേയും പാപത്തേയും ജയിച്ചുകൊണ്ടു ഉത്ഥിതനായ ക്രിസ്തു വിജയശ്രീലാളിതനായി തന്റെ പുതിയ സാമ്രാജ്യത്തിലേക്കു നമ്മെ ക്ഷണിച്ചുകൊണ്ടു നില്ക്കുന്നു. അങ്ങയെ അനുഗമിക്കുന്നതിനും ആ ദിവ്യസാമ്രാജ്യം പ്രാപിക്കുന്നതിനും നാമോരോരുത്തരും സോത്സാഹം കച്ചകെട്ടി പുറപ്പെടണം. ഈ വാഗ്ദാനത്തിന്റെ നാട്ടിലേക്കു—തേനും പാലുമല്ല; പ്രത്യുത, ജീവന്റെ ജലം ഒഴുകുന്നതും ജീവന്റെ വൃക്ഷം പൂത്തും തളിത്തും ഫലസമൃദ്ധമായും നിൽക്കുന്നതുമായ രാജ്യത്തേക്കു—നമ്മുടെ രക്ഷകനെ നമുക്കനുഗമിക്കാം.

ലോകം ഇന്നു് വിധിനിർണ്ണായകമായ ഒരു ഘട്ടത്തിലെത്തിയിരിക്കുന്നുവെന്നും, മനുഷ്യവർഗ്ഗം അതിന്റെ മുന്നോട്ടുള്ള യാത്രയിൽ പ്രാധാന്യമേറിയ ഒരു വഴിക്കവലയിലാണു് ഇന്നെത്തിച്ചേന്നിരിക്കുന്നതെന്നും, മനുഷ്യസമുദായം ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന അശ്രുതപൂർവ്വങ്ങളായ ക്ലേശങ്ങളും ദുരിതങ്ങളുമെല്ലാം ഒരു പുതിയ ലോകത്തിന്റേയും നവ്യവ്യവസ്ഥിതിയുടേയും ജനനത്തിനു മുമ്പുള്ള ഈറ്റുനോവാണെന്നും മറ്റും ഇന്നു് സാധാരണയായി പറയപ്പെടുന്നുണ്ടു്. അലകും പിടിയും മാറുന്നതരത്തിലുള്ള സമൂലപരിവത്തനങ്ങളേയും പഴമയുടെ ജീർണ്ണിച്ച അവശിഷ്ടങ്ങളിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന പുതുമയുടെ പച്ചനാമ്പുകളേയും വിഭാവനംചെയ്തുകൊണ്ടു് ചിലർ പ്രവാചകന്മാരായും പ്രത്യക്ഷപ്പെടുന്നുണ്ടു്. എന്നാൽ, നിരവധി ക്ലേശങ്ങളുടേയും ഭയങ്കരയുദ്ധങ്ങളുടേയും വർഗ്ഗമത്സരങ്ങളുടേയും സംഘർഷണസംഘട്ടനങ്ങളുടേയും ഫലമായി ഉടലെടുക്കുന്ന ഈ പുതിയ ലോകം സുസ്ഥിരവും ഗുണപ്രദായകവുമാകണമെങ്കിൽ വി. ശ്ലീഹായുടെ ഉപദേശം സകലരും സശ്രദ്ധം ശ്രവിക്കണം: "പഴയ പുളിമാവു് നിങ്ങളിൽനിന്നു നീക്കിക്കളയുവിൻ." ദുഷ്ടതയുടേയും വിദ്വേഷത്തിന്റേയും പഴയ പുളിമാവിനെ പാടെ വിപാടനം ചെയ്തു് പരമാത്ഥതയുടേയും സത്യത്തിന്റേയും പുളിപ്പില്ലാത്ത മാവുകൊണ്ടു വേണം ഈ നവലോകം കെട്ടിപ്പടുക്കുവാൻ. വ്യക്തികളിൽനിന്നും രാഷ്ട്രീയ നേതാക്കന്മാരിൽനിന്നും ഇങ്ങനെയുള്ള പുളിമാവിനെ പിഴുതുകളഞ്ഞാൽമാത്രമേ പുതിയ ലോകത്തിന്റെ പുതുമ അനുഭവവേദ്യമാകയുള്ളു.

അടിമത്തത്തിന്റെ കനത്ത ചങ്ങലയിൽ കിടന്നു ഞെളിപിരികൊണ്ടിരുന്ന ഇസ്രായേൽക്കാക്കു പുതിയതും സ്വാതന്ത്ര്യചൈതന്യസുരഭിലവുമായ ഒരു ജീവിതസരണി തുറക്കപ്പെട്ടു. ഈജിപ്തിലെ ആദ്യജാതന്മാരെയെല്ലാം വധിക്കയും അതേസമയം ഇസ്രായേൽക്കാർ കുഞ്ഞാടിന്റെ രക്താഭിഷേകംവഴിയായി ആ ശിക്ഷയിൽനിന്നു രക്ഷപെടുകയും ചെയ്തതിനു ശേഷമാണു് ഫറവോൻ രാജാവു് അവക്കു സ്വാതന്ത്ര്യം നൽകിയതു്. ആട്ടിൻകുട്ടിയെ കൊന്നു ബലിയപ്പിച്ചും പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ചുംകൊണ്ടു വേണം ഈ പുതിയ ലോകപ്രവേശത്തിന്റെ ഓമ്മ ആഘോഷിക്കുവാൻ എന്നു യഹോവ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരം, ഇസ്രായേൽ ജനത ഒരു പുതിയ ലോകത്തിലേക്കു—ഒരു നവ്യവ്യവസ്ഥിതിയിലേക്കു—കാലെടുത്തുകുത്തുന്നതിനു് പ്രാരംഭമായി പെസഹാകുഞ്ഞാടിനെ ബലികഴിച്ചതുപോലെ മനുഷ്യവർഗ്ഗം പാപാടിമത്തത്തിൽനിന്നു വിമുക്തമാകുന്നതിനും പുതിയ ലോകം തുറക്കപ്പെടുന്നതിനും നവ്യസംവിധാനക്രമം ഉടലെടുക്കുന്നതിനും പ്രാരംഭമായി ഭൂലോകദോഷങ്ങളെ ഹനിക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹാ ഗാഗുൽത്തായിൽ ബലികഴിക്കപ്പെട്ടു. പണ്ടത്തെ പെസഹാതിരുനാളിനു പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണമെന്നുണ്ടായിരുന്ന നിർദ്ദേശത്തിനുപകരം, വി. ശ്ലീഹാ പറയുന്നു പരമാത്ഥതയുടേയും സത്യത്തിന്റേയും പുളിപ്പില്ലാത്ത മാവുകൊണ്ടു് നാം തിരുനാളാഘോഷിക്കണമെന്നു്—പാപത്തിന്റേയും ദുസ്സ്വഭാവങ്ങളുടേയും പഴയ പുളിമാവിനെ നാം മാററി പരിശുദ്ധമായ ഒരു ജീവിതം നാം ആരംഭിക്കണമെന്നു്.

ക്രിസ്തുനാഥന്റെ പുനരുത്ഥാനത്തിലെ പുതുമ പ്രത്യേകം പരിഗണനീയമാണു്. കുട്ടപിടിച്ച ചോരയും, പീഡകരുടെ തുപ്പലും, മുൾമുടിയും, രക്തപങ്കിലമായ കീറത്തുണിയും, സംസ്കാരവേളയിൽ തന്നെ ആവരണം ചെയ്തിരുന്ന ശീലക്കഷണങ്ങളും തുണിക്കെട്ടുകളും എല്ലാം പാടെ അപ്രത്യക്ഷമായിരിക്കുന്നു; ശോഭോജ്ജ്വലവും കാന്തിപ്രകർഷമേറിയതും അഭംഗസുഭഗവുമായ ശരീരത്തോടുകൂടിയാണു് അങ്ങുന്നു് തന്റെ പുതിയ ലോകം ഉൽഘാടനം ചെയ്യുന്നതു്. പാപമൃത്യുവിൽ നമ്മെ ചുററിയിരുന്ന തുണിക്കഷണങ്ങളാകുന്ന ദുസ്സ്വഭാവങ്ങളും ദുഷിച്ചകൂട്ടുകെട്ടുകളും പാപാസക്തിയും ഉപേക്ഷിച്ചുകൊണ്ടു നാം ഒരു പുതിയ ജീവിതത്തിലേക്കു ഉത്ഥാനം ചെയ്യണം. "കരയുവാൻ ഒരു സമയമുണ്ടു്; ചിരിക്കാനും ചില അവസരങ്ങളുണ്ടു്" എന്നു ബോധജ്ഞാനത്തിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു. ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ സ്മരണ ഒരു ക്രിസ്ത്യാനിക്കു് അമിതമായ ആനന്ദം നൽകുന്ന ഒന്നു തന്നെയാണു്. "കത്താവു് സൃഷ്ടിച്ചതായ ദിവസം ഇതാകുന്നു; ഇന്നു നാം സന്തോഷിക്കയും ആനന്ദിക്കയും ചെയ്യുക." ദേവാലയത്തിലെ തിരുക്കമ്മങ്ങളിലും വീടുകളിലെ ചുട്ടവട്ടങ്ങളിലും എന്തെന്നില്ലാത്ത ആനന്ദവായ്പും ഹർഷാമോദങ്ങളും ഓളംവെട്ടിക്കൊണ്ടിരിക്കും. എന്നാൽ അതോടൊപ്പം ക്രിസ്തു നമ്മെ ആനയിക്കുന്ന പുതിയ ലോകത്തിലേക്കും നാം പ്രവേശിക്കണം; ഒരു നവജീവൻ നാം കൈക്കൊള്ളണം; പാപജീവിതമാകുന്ന പുളിച്ചമാവിനെ നാം മാററണം; വേണ്ടിവരുന്നപക്ഷം ജീവിതത്തിന്റെ അലകും പിടിയും മാററിക്കൊണ്ടു ഒരു സമൂലപരിവത്തനംതന്നെ നാം ഉണ്ടാക്കണം; പുതിയ ജീവൻ നമ്മിൽ പ്രസരിക്കണം. ഇങ്ങനെയെങ്കിൽ മാത്രമേ നമ്മുടെ ഈസ്റ്റർ ആഘോഷങ്ങൾ അത്ഥസമ്പുഷ്ടവും യഥാത്ഥത്തിൽ ആനന്ദസന്ദായകവുമായിത്തീരുകയുള്ളു.

(ജെ. ചെമ്മണൂർ)



ഈശോ ദേവാലയത്തിൽ

"ഈശോ ദേവാലയത്തിൽ പ്രവേശിച്ചു് അവിടെ ക്രയവിക്രയം ചെയ്തിരുന്നവരെയെല്ലാം പുറത്താക്കി." (മത്തായി 21, 12)


## എസ്. എച്ച്. ലീഗ്

### പുതിയ പുസ്തകങ്ങൾ

| | | | |
|---|---|---|---|
| 1 | പരിണാമസങ്കല്പം (പരിണാമവാദത്തെക്കുറിച്ചു് ആധുനികവും ശാസ്ത്രീയവും ആയ രീതിയിൽ പ്രതിപാദിക്കുന്ന വിശിഷ്ടഗ്രന്ഥം) പേജ് 410 മി. സ്വാമിനാഥൻ ബി. എ., എൽ. ടി. | | 2—12—0 |
| 2 | ഗലീലേയന്റെ സേനയിൽ (മി. ആർനോൾഡ് ലണ്ണിന്റെ "Now 1 See" എന്ന പ്രശസ്തഗ്രന്ഥത്തിന്റെ പരിഭാഷ) പേജ് 464 | | 3— 8—0 |
| 3 | സുവിശേഷങ്ങൾ (മോൺ. നോക്സ് അവർകളുടെ കൃതിയുടെ വിവത്തനം) പേജ് 408 | | 2—10—0 |
| 4 | തിരുമുമ്പിൽ-വാഴ്ത്തപ്പെട്ട പീററർ ജൂലിയൻ എയ്മാർഡ് (Saint of the Eucharist) പേജ് 196 | | 1—10—0 |
| 5 | പ്രേഷിതാഹ്വാനം " | 184 | 1—10—0 |
| 6 | ജെമ്മാ " | 168 | 1— 8—0 |
| 7 | വിദ്യാത്ഥിമിത്രം " | 122 | 0—10—0 |
| 8 | മാർക്സിന്റെ പാളയത്തിൽനിന്നു് | | 0—10—0 |
| 9 | ജാതകവും കൈനോട്ടവും | | 0— 5—0 |
| 10 | ഇൻഡ്യൻ മിഷനറി | | 0— 6—0 |

—ആകർഷകമായ കമ്മീഷൻ—

ജനറൽ സെക്രട്ടറി, എസ്. എച്ച്. ലീഗ്,

മംഗലപ്പുഴ സെമ്മിനാരി, ആലുവാ.


## വിനോദവീഥി

സഖാവു് പ്ലാററു്ഫോറത്തിൽ കയറിയതേയുള്ളു, സദസ്യരുടെ ഇടയിൽ ചില പ്രതിഷേധസ്വരങ്ങളും അട്ടഹാസങ്ങളും മററും കേട്ടുതുടങ്ങി. സഖാവു് സരോഷം വിളിച്ചുപറഞ്ഞു: "സഖാക്കളേ, നാം ഇനിയും പുരോഗമിച്ചിട്ടില്ല."

സദസ്യരിലൊരാൾ: "സഖാവു് ജയിലിൽനിന്നും വരുന്നവഴിയായിരിക്കാം. നമ്മുടെ സഖാക്കൾ പഴയ വാരിക്കുന്തത്തിൽനിന്നെല്ലാം പുരോഗമിച്ചു് ഇന്നു ആക്കെഡംറോൺ വരെ എത്തിക്കഴിഞ്ഞിരിക്കുന്നു."

* * *

ആ പരിണാമവാദിയും സമത്വവാദിയും തമ്മിലുള്ള തക്കം "കൈപ്രയോഗ"ത്തിന്റെ വക്കുവരെ എത്തി. ബസ്സിൽ സവ്വത്ര ബഹളമായി. സമത്ഥനായ കണ്ടക്ടർ മദ്ധ്യസ്ഥഭാവത്തിൽ അവരെ സമീപിച്ചു് പറയുകയാണു്: "നിങ്ങളുടെ വാദപ്രതിവാദത്തിൽനിന്നും, നിങ്ങളിലൊരാൾ കുരങ്ങിന്റെ സന്താനമാണെന്നും അപരൻ കുരങ്ങിനു സമനാണെന്നും എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. അതിനാൽ മനുഷ്യരുടെ സഞ്ചാരത്തിനായുള്ള ഈ ബസ്സിൽനിന്നും ഉടനെ ഇറങ്ങിക്കൊള്ളുക.

* * *

ക്ലാസിൽ അന്തോണിയുമായി ശണ്ഠകൂടിക്കൊണ്ടിരുന്ന തോമസിനോടു് അദ്ധ്യാപകൻ: "ഇംഗ്ലീഷുകാർ ഹൈദരാലിയുമായി ശണ്ഠകൂടുവാനുണ്ടായ കാരണമെന്തു്?"

തോമസ് സംഭ്രമത്തോടുകൂടി: "ഞാ-ഞാനല്ല സാർ, അന്തോണിയാണു് എന്നെ ആദ്യം പെൻസിൽകൊണ്ടു കുത്തിയതു്."

പ്രഹസനം

# അടവുകൾ

(ജി. സി. ടീച്ചർ)

രംഗം 3

(ലൂസിയാ ഒരു പാട്ടു പാടി രസിക്കുന്നു. ജോവാൻ വാതിലിൽ മുട്ടുന്നു)

ലൂസിയാ—ആരാണു്? അകത്തുവരാം.

(ജോവാൻ പ്രവേശിക്കുന്നു)

ലൂസിയാ—ഓ, എൻെറ പ്രിയപ്പെട്ട ജോവാൻ, തനിച്ചിരുന്നതുകൊണ്ടു് ഒരു പാട്ടു പാടാമെന്നുകരുതി അപശബ്ദം വല്ലതും ഉണ്ടായിരുന്നോ?

ജോവാൻ—എൻെറ ലൂസിയാ, അപശബ്ദമോ, അപശബ്ദം കയിൽനിന്നുണ്ടാകുമോ?

ലൂസി—അതുപോകട്ടെ, എന്നാൽ കഴിഞ്ഞ സെപ്റ്റംബറിനുശേഷം ജോവാനെ ഒന്നു കാണുവാൻ ഞാൻ അഗ്രഹിക്കയായിരുന്നു.

ജോവാൻ—ഞാനറിഞ്ഞു ലൂസിയാ, ഞാനറിഞ്ഞു നിങ്ങളെല്ലാവരും റോമിൽ പോയി പരിശുദ്ധപിതാവിനെ കണ്ടെന്നു്. ഈ നിർഭാഗ്യക്കു് അങ്ങനെ ഒരനുഗ്രഹം കിട്ടിയില്ലല്ലൊ.

ലൂ—അതു സാരമില്ല, ജോവാൻ. വിശേഷങ്ങളൊക്കെ ഞാൻ പറയാം.

ജോ—അതു കേൾക്കുവാൻകൂടിയാണു് ഞാൻ ഇങ്ങോട്ടുവന്നതു്.

ലൂ—കത്തോലിക്കാ പ്രവർത്തനത്തിൻെറ വാർഷികത്തിൽ സംബന്ധിക്കുവാനാണു് ഞങ്ങൾ പോയിരുന്നതു്. സ്ത്രീകൾതന്നെ രണ്ടു ലക്ഷത്തോളമുണ്ടായിരുന്നു. ഞങ്ങൾക്കോരോരുത്തർക്കും ഓരോ കൊന്ത പരിശുദ്ധപിതാവു സമ്മാനിച്ചു.

ജോ—അതൊന്നു കാണിക്കുമോ ലൂസിയാ?

ലൂ—ഓഹോ. (കഴുത്തിൽനിന്നും ഊരിയെടുത്തുകാണിക്കുന്നു.) ഇതാ നോക്കൂ, ഇതിനെന്തൊരു ഭംഗി; വെളുത്തുരുണ്ട കുരുക്കൾ, വെള്ളിക്കമ്പി.

ജോ—ഓ, രണ്ടുലക്ഷംപേർക്ക കൊടുക്കുവാൻ കൊന്ത ഒരു കുന്നുപോലെ കൂട്ടിയിരിക്കുമല്ലൊ.

ലൂ—ഒന്നരടൺ, ഒന്നരടൺ കൊന്ത എന്നാണു പറഞ്ഞുകേട്ടതു്.

ജോ—പ. പിതാവു നിങ്ങളോടു പ്രസംഗിച്ചുവോ?

ലൂ—അരമണിക്കൂർനേരം പ്രസംഗിച്ചു. അധഃപതിച്ചുപോകുന്ന ലോകത്തിൻെറ ഉദ്ധാരണത്തിനു് വളരെ അധികം പ്രാർത്ഥന ആവശ്യമാണെന്നും, സ്ത്രീകൾ കുടുംബത്തിൻെറയും സമുദായത്തിൻെറയും ആണിക്കല്ലായി നിലകൊള്ളുന്നതിനു് അവരുടെ പ്രാർത്ഥനയും ആത്മാർത്ഥമായ പരിശ്രമവും അത്യന്താപേക്ഷിതമാണെന്നും പറഞ്ഞു. പിന്നെ മറ്റൊരു കാര്യംകൂടി.

ജോ—അതെന്താണു ലൂസിയാ?

ലൂ—ഇററലിയിലെ കമ്മ്യൂണിസ്റ്റു്പരാജയത്തിനു സഹായിച്ച ഒരു സംഗതി സ്ത്രീകൾ സ്വീകരിച്ച ഉറച്ചനിലയായിരുന്നെന്നും പറഞ്ഞു.

ജോ—ഉവ്വോ ലൂസിയാ, പ. പിതാവു് അങ്ങനെ നമ്മെപ്പററി പ്രശംസിച്ചു പറഞ്ഞുവോ?

ലൂ—എന്താണു സംശയം? അതുകേട്ട പുരുഷന്മാർതന്നെ ധാരാളമുണ്ടു്.

ജോ—എൻെറ ഭർത്താവു ചോദിക്കുന്നു, മാർപ്പാപ്പാ പാവപ്പെട്ടവർക്കുവേണ്ടി കമ്മ്യൂണിസ്റ്റുകാരെപ്പോലെ വല്ലതും ചെയ്യുന്നുണ്ടോ എന്നു്.

ലൂ—അതിനെന്തു മറുപടിയാണു ജോവാൻ പറഞ്ഞതു്?

ജോ—വളരെയൊക്കെ ചെയ്യുന്നുണ്ടെന്നു പറഞ്ഞു. പക്ഷെ എനിക്കു് വിശദമായി ഒന്നും അറിഞ്ഞുകൂടായിരുന്നു.

ലൂ—എന്നാൽ ഞാൻ പറഞ്ഞുതരാം. കേട്ടുകൊൾക. രണ്ടുകൊല്ലങ്ങൾക്കുമുമ്പു് ഇററലിക്കടുത്തുള്ള സർഡീനിയാ ദ്വീപു് 1883-നു് ശേഷമുണ്ടായതിൽ എററം ഭയങ്കരമായ വെള്ളപ്പൊക്കത്താൽ നശിപ്പിക്കപ്പെട്ടു 24 മണിക്കൂർ കഴിഞ്ഞപ്പോൾ ദുരിതനിവാരണത്തിനായി മാർപ്പാപ്പായാൽ അയക്കപ്പെട്ട മൂന്നു വിമാനങ്ങൾ നാശംഭവിച്ച പ്രദേശങ്ങൾക്കരികെ പറന്നെത്തി "ഈ സാമാനങ്ങൾ പ. പിതാവു നിങ്ങൾക്കായി അയച്ചുതന്നതാണെ"ന്നു പറഞ്ഞപ്പോൾ മുട്ടുവരെ താഴുന്ന ചളിയിൽ അവർ മുട്ടുകുത്തുകയും കവിൾത്തടങ്ങളിൽകൂടി ധാരമുറിയാതെ ഒഴുകുന്ന കണ്ണുനീരോടുകൂടി അവർ ദൈവത്തിനും പ. പിതാവിനും നന്ദിപറയുകയും ചെയ്തു.

ജോ—അതു കത്തോലിക്കരെ സഹായിക്കാൻ അങ്ങനെ ചെയ്തതാണെന്നു അവർ പറയുമായിരിക്കും.

ലൂ—മാർപ്പാപ്പാ മുസ്ലീമിങ്ങളെ സഹായിച്ചുകൊണ്ട കാര്യമോ-അറിയുന്നില്ലല്ലൊ. 1947-ൽ ആഫ്റിക്കയിലെ സഹറാമരുഭൂമിയൽ നാടോടികളായി കഴിഞ്ഞുകൂടിയിരുന്ന മുസ്ലീമിങ്ങൾ പ. പിതാവിനു് അവിടുത്തെ പ്രീഫെക്റ്റ് അപ്പസ്തോലിക്കാവഴിയായി നന്ദിപ്രദർശിപ്പിക്കയുണ്ടായി. 1946-ൽ അവിടെ വലിയ ഉണക്കുമൂലം ക്ഷാമമുണ്ടായപ്പോൾ പ. പിതാവു, 5,000 ഫ്റാങ്ക് അവർക്കു് അയച്ചുകൊടുത്തു എന്നതാണു കാരണം. 1947-ലെ വേറൊരു സംഭവം പറയാം. ഈജിപ്റ്റിൽ കോളറാ പിടിപെട്ടു് അനേകർ അവശതയിലായി. മാർപ്പാപ്പാ രോഗബാധിതരുടെ സഹായാർത്ഥം 1200 പവൻ സംഭാവന ചെയ്തു. രണ്ടു മുസ്ലീം ദരിദ്രാശ്രയ സംഘടനകൾക്കായിട്ടാണു് ഈ തുക നൽകപ്പെട്ടതു്.

ജോ—എൻെറ ലൂസിയാ ഇതൊന്നും ഞാനറിഞ്ഞിരുന്നില്ല.

ലൂ—എന്നാൽ ഇനിയും കേട്ടുകൊള്ളുക. ഇൻഡ്യയിൽ ഇക്കഴിഞ്ഞകൊല്ലം വലിയ ഒരു ക്ഷാമം പലസ്ഥലങ്ങളെയും ബാധിച്ചതായി കേട്ടുവല്ലൊ. ക്ഷാമപീഡ രൂക്ഷമായ രംഗങ്ങളിലെ കുട്ടികളുടെ സഹായാർത്ഥം വിതരണംചെയ്യുവാൻ മാർപ്പാപ്പാതിരുമേനി 4000 രൂപാ ഇൻറർനൺഷിയോവഴി ഇൻഡ്യയിലേക്കു് കഴിഞ്ഞ ഡിസംബറിൽ അയച്ചുകൊടുക്കുകയുണ്ടായി. ക്രിസ്മസ്സിനു പോളണ്ടിലെയും യുക്രൈനിലെയും സാധുകുട്ടികളുടെ ഇടയിൽ വിതരണംചെയ്യുവാൻ 1300 പവൻ ഇംഗ്ലണ്ടിലെ അപ്പസ്തോലിക്കു് ഡലിഗേററായ ആർച്ചുബിഷപ്പു് ഗോഡ്ഫ്റെ തിരുമേനിയെ പ. പിതാവു് ഏല്പിച്ചതായും അറിയുന്നു. ഇനി കഴിഞ്ഞമാസത്തിൽ നടന്ന ഒരു സംഭവം കേൾക്കണമോ?

ജോ—എന്താണു, കേൾക്കണം, കേൾക്കണം. പ. പിതാവിനെപ്പററി എന്തുമാത്രം കേട്ടാലും എനിക്കു തൃപ്തിവരില്ല.

ലൂ—ചൈനയിൽ ഇപ്പോൾ ക്ഷയരോഗം വളരെ വർദ്ധിച്ചിട്ടുണ്ടു്. മിനിററിൽ 3 പേർ വീതം അവിടെ ഈ രോഗംമൂലം മരിക്കുന്നുണ്ടെന്നാണു കണക്കുകൊണ്ടു കാണുന്നതു്. അവിടത്തെ ക്ഷയരോഗനിവാരണസംഘത്തിനു് മാർപ്പാപ്പാ 500000 യുവാൻ ആണു സംഭാവന ചെയ്തതു്.

ജോ—അപ്പഴേ, ഈ "യുവാൻ" എന്നാലെന്താണു ലൂസിയാ? എൻെറ പേരിലുമുണ്ടോ നാണയം?

ലൂ—അല്ലല്ല, യുവാൻ എന്നതു "ജോവാൻ" അല്ല എൻെറ സ്നേഹിത. ഒരു ചൈനീസ് സ്വർണ്ണനാണയമാണു "യുവാൻ".

ജോ—ഓ, അപ്പോൾ നമ്മുടെ പ. പിതാവു് എന്തുമാത്രമാണു് സാധുക്കൾക്കുവേണ്ടി ചെയ്യുന്നതു്!

ലൂ—അതെ അതെ, ഇങ്ങനെ എത്ര എത്ര കാര്യങ്ങളാണു് എണ്ണി എണ്ണി പറയുവാനുള്ളതു? എന്നാൽ കമ്മ്യൂണിസ്റ്റുകാർ വിപ്ലവവും രക്തച്ചൊരിച്ചിലുമുണ്ടാക്കയല്ലാതെ ഒരൊററ സാധുവിനെ രക്ഷിച്ചതായി പറയാമോ?

ജോ—എൻെറ ലൂസി, ഇതു വല്ലതും ഞാൻ നേരത്തെ അറിഞ്ഞിരുന്നെങ്കിൽ എൻെറ ഭർത്താവിനെ ഞാൻ നിഷ്പ്രയാസം വാഗ്വാദത്തിൽ തോല്പിക്കുമായിരുന്നു.

ലൂ—അപ്പോൾ പത്രങ്ങൾ ഒന്നും തന്നെ സഹോദരി വായിക്കാറില്ലേ?

ജോ—എങ്ങനെ വായിക്കാനാണു്; കമ്മ്യൂണിസ്റ്റു് പത്രങ്ങളല്ലാതെ മി. ഡോബി മററു വല്ലതും വീട്ടിൽ കയററുമോ?

ലൂ—കഷ്ടം, ഒരു നിർഭാഗ്യതന്നെ സഹോദരി. ഞാൻ സഹതപിക്കുന്നു. വല്ലപ്പോഴും ഇവിടെ വന്നാൽ ഞാൻ കത്തോലിക്കാപത്രങ്ങൾ തരാം.

ജോ—അങ്ങനെ അകട്ടെ; ഞാൻ ചിലപ്പോഴൊക്കെ ഇവിടെ വരാം.

ലൂ—പത്രങ്ങൾ ഞാൻ അങ്ങു കൊടുത്തയക്കട്ടയോ?

ജോ—അതു വേണ്ടാ ലൂസിയാ. മി. ഡോബിയുമായി പിന്നെ സമാധാനമുണ്ടാകയില്ല. ഇപ്പോൾ ഞാൻ ഇറങ്ങട്ടെ

ലൂ—ഗുഡ്ബൈ. ദൈവം നിങ്ങളുടെ ഭർത്താവിനെയും അനുഗ്രഹിക്കട്ടെ.

ജോ—എൻെറ കൃതജ്ഞത. (ജോവാൻ പോകുന്നു)

ലൂ—(സ്വഗതം) എൻെറ ദൈവമേ, ക്രൂരരായ അങ്ങയെ ഉപേക്ഷിച്ചിട്ടു് മനുഷ്യർ മൃഗങ്ങളുടെ ഇടയിൽ ചെയ്യുന്നതു് അത്ഭുതംതന്നെ.

രംഗം 4

(ഡോബിയും ജോവാനും ഇരുന്നു സംഭാഷിക്കുന്നു)

ഡോബി—ഈ പുതിയ വാർത്തകളെല്ലാം നിനക്കെവിടെനിന്നു കിട്ടി?

ജോവാൻ—റോമിൽ പോയി പ. പിതാവിനെ സന്ദർശിച്ച ലൂസിയാ തന്നെയാണെന്നോടു പറഞ്ഞതു. ഒരിക്കലും കള്ളം പറയുന്നവളല്ല എൻെറ സ്നേഹിത.

ഡോബി—കള്ളമെന്തു്? സത്യമെന്തു്? ഞങ്ങളുടെ ലക്ഷ്യത്തിലെത്താൻ ഞങ്ങളെന്തും പറയും. അതുപോലെ മററുള്ളവരും പറയുകയില്ലേ?

ജോ—അതബദ്ധമാണു്. സത്യത്തെ വിലമതിക്കുന്ന ധാരാളം ആളുകൾ ലോകത്തിലുണ്ടു്. എനിക്കും സത്യത്തോടാണു ബഹുമാനം.

ഡോ—നീ എന്നെ വിശ്വസിക്കുന്നില്ലെന്നാണോ അതിൻെറ അർത്ഥം?

ജോ—ഞാൻ അവിടുത്തെ ഭാര്യയാണെന്നു സമ്മതിക്കുന്നു. പക്ഷെ എൻെറ ആത്മാവിനെ ഞാൻ ബലികഴിക്കയില്ല.

ഡോ—എന്താതാവു്! നീ അതു് എവിടെയാണു കണ്ടിട്ടുള്ളതു്?

ജോ—ഞാൻ കാണാത്ത പലതും വിശ്വസിക്കുന്നുണ്ടു്.

ഡോ—എന്തൊക്കെയാണെന്നു് ഒന്നു പറയാമോ?

ജോ—അങ്ങയുടെ തലച്ചോറിനെ ഞാൻ കണ്ടിട്ടില്ല. എങ്കിലും തലച്ചോറു് അതിനകത്തുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. (ഡോബി ഇളിഭ്യനായി ഞെട്ടിപ്പിടഞ്ഞുകൊള്ളുന്നു.)

ഡോ—എനിക്കു് ഒരു സന്ദർശകനെ സ്വീകരിക്കേണ്ട സമയമായി. അതിനൊരുങ്ങട്ടെ.

ജോ—അതിനെന്തു്? ഞാനിതാ പോയേക്കാം. (പോകുന്നു)

(ഡോബി ബെൽ അടിക്കുന്നു. സെക്രട്ടറി പ്രവേശിക്കുന്നു)

ഡോ—ഇരിക്കണം. ചില പ്രത്യേക കാര്യങ്ങൾ പറയുവാനുണ്ടു്. (ഇരിക്കുന്നു)

സെക്ര—അങ്ങു് വളരെ ക്ഷീണിതനായിരിക്കുന്നതുപോലെ തോന്നുന്നല്ലൊ.

ഡോ—ജോവാൻ ഇപ്പോൾ ഇവിടെനിന്നും അങ്ങുപോയതേയുള്ളൂ. അവൾ എന്നെ മാനസാന്തരപ്പെടുത്തുവാൻ ശ്രമിക്കയാണു്. അവളെ ഞാനും പക്ഷേ വാഗ്വാദത്തിൽ അവൾ എന്നെ തോല്പിച്ചുകളഞ്ഞു ഇന്നു്.

സെക്ര—ഇതുവരെയും അങ്ങു തോററിട്ടില്ലല്ലൊ.

ഡോ—അവർ ഇന്നലെ ആ ബിജിയർ പ്രസിഡൻറു് ലൂസിയായെ കാണുവാൻ പോയിരുന്നു. അവൾ കൊടുത്ത ആയുധങ്ങളുമായിട്ടാണു് ജോവാൻ ഇന്നു് എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടതു്.

സെക്ര—എന്തായിരുന്നു ആ ആയുധങ്ങൾ?

ഡോ—നമ്മുടെ വിജയം മുഴുവനും അവശർക്കും അശരണർക്കുംവേണ്ടി നാം നിലകൊള്ളുന്നു എന്ന പ്രചരണംവഴിയാണല്ലോ. എന്നാൽ മാർപ്പാപ്പാ സാധുക്കൾക്കുവേണ്ടി യഥാർത്ഥത്തിൽ ചെയ്തിട്ടുള്ള സേവനങ്ങളുടെ ലിസ്റ്റു് അവളുടെ പക്കലുണ്ടായിരുന്നു. യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ നാം വായ്പൂട്ടുകയല്ലാതെ എന്തുചെയ്യും?

സെക്ര—യാഥാർത്ഥ്യങ്ങളെ കഴിച്ചുമൂടുവാൻ നമുക്കു കഴികയില്ലേ?

ഡോ—അതെങ്ങനെ?

സെക്ര—ഹംഗറിയിലെ പത്രങ്ങളെ ഗവമെൻറു നിയന്ത്രിക്കണം. ഗവമെൻറിനെ അനുകൂലിക്കാത്ത യാതൊരു വിദേശപത്രങ്ങളും രാജ്യത്തു കടത്തരുതു്. ഇവിടത്തെ ജനങ്ങൾ പിന്നെ യാഥാർത്ഥ്യങ്ങൾ ഒന്നും അറിയുകയില്ല നാം കൊടുക്കുന്ന "യാഥാർത്ഥ്യങ്ങൾ" മാത്രം മുഴുച്ചുനിൽക്കുകയും ചെയ്യും.

ഡോ—താങ്കളുടെ നീർദ്ദേശങ്ങൾ വളരെ വിലമതിക്കത്തക്കതാണു. ഇന്നുമുതൽ താങ്കളെ നിയന്ത്രണവകുപ്പിൻെറ മേധാവിയായ്ക്കൂടി നിയമിച്ചിരിക്കുന്നു. അതിൽ താങ്കളുടെ ബുദ്ധിയും സാമർത്ഥ്യവും പ്രകടിപ്പിച്ചുകൊള്ളുക.

സെക്ര—എല്ലാം കത്തോലിക്കാസംഘടനകളെയും, പ്രത്യേകിച്ചു് വിൻസെൻറ് ഡി പോൾ, ലീജിയൻ ഓഫ് മേരി എന്നിവയെ നാം നിയമവിരുദ്ധമായി പ്രഖ്യാപിക്കണം. കത്തോലിക്കാ സംഘടനകൾക്കിന്നു മാത്രം നമുക്കു ശാശ്വതമായ പ്രതിബന്ധങ്ങൾ ഉണ്ടാകയുള്ളു. (ഡോബിയുടെ വയററിൽ ഒരു വലിയ വേദന. അദ്ദേഹം കൈ വയററത്തുവച്ചു് അസ്വാസം പ്രകടിപ്പിക്കുന്നു. കസേരയിലേക്കു തളർന്നു വീഴുന്നു.)

സെക്ര—അയ്യോ, ഇതെന്തു്! അങ്ങേയ്ക്കു എന്താണു്?

(ഡോബി മിണ്ടുന്നില്ല. സെക്രട്ടറി പരിഭ്രമിച്ചു് ബെൽഅടിക്കുന്നു. ഒരു സേവകൻ പ്രവേശിക്കുന്നു)

സെക്ര—താൻ ഓടു്. ഡോക്ടരെ കൊണ്ടുവരണം. ആ പാമിസ്സിനെക്കൂടി വിളിച്ചുകൊള്ളു.

സേവകൻ—ഉത്തരവു്. (പോകുന്നു. ജോവാൻ പ്രവേശിക്കുന്നു.)

ജോവാൻ—എൻെറ പ്രാണനാഥാ, അങ്ങേക്കെന്തുപററി?

(ഡോബി ശബ്ദിക്കുന്നില്ല. കണ്ണുരുട്ടിച്ചു നോക്കുകമാത്രം ചെയ്യുന്നു.)

ജോ—സെക്രട്ടറി, ഇതു തീച്ചയായും ദൈവശിക്ഷയാണു്. അവസാനസമയത്തെങ്കിലും അദ്ദേഹം ദൈവത്തെ വിശ്വസിച്ചു പാപങ്ങളെക്കുറിച്ചു മോചനം നേടുവാൻ ഒരു വൈദികനെ വരുത്തേണ്ടയോ?

സെക്ര— വേണ്ടാ, വേണ്ടാ. ആ കാര്യം എൻെറ യജമാനനു പററിയതല്ല

ജോ—എൻെറ ഭർത്താവിൻെറ അത്യാവശ്യമെന്തെന്നു എനിക്കറിയാം. അവസാനമെങ്കിലും അദ്ദേഹത്തെ എനിക്കു വിട്ടുതരിക.

സെക്ര—സ്റ്റൂലിനോടു് ഒരു ഫോൺ കൊടുത്തിട്ടു് വേണ്ടതുചെയ്യാം. അതുവരെ ഭവതി ക്ഷമിച്ചിരിക്കണം.

(ഡോക്ടരും പാമിസ്സും പ്രവേശിക്കുന്നു)

സെക്ര—ഇരിക്കണം. (ഇരുവരും ഇരിക്കുന്നു) ഒരു മോഹാലസ്യം ആണെന്നു തോന്നുന്നു. വിളിച്ചിട്ടു മിണ്ടുന്നില്ല. ഡോക്ടർ ഒന്നു നോക്കണം.

(ഡോക്ടർ എഴുന്നേറ്റു പരിശോധിക്കുന്നു)

ഡോക്ടർ—ഒന്നു കിടത്തിവച്ചു നോക്കണം. അപകടം ആലപിച്ചതിൻെറ ഫലമായി ഉണ്ടായ ഒരു മോഹാലസ്യമായിരിക്കണം (ഡോക്ടർ കിടത്തിവെക്കുന്നു.)

സെക്ര—പാമിസ്സു്, അദ്ദേഹത്തിൻെറ കൈനോക്കി ഒരു തീരുമാനം പറയൂ.

(പാമിസ്സു് ഡോബിയുടെ കൈ എടുത്തുപിടിച്ചു നോക്കുന്നു)

പാമിസ്സു്—ലൈഫ്‌ലൈൻ കട്ടു് ആണു്. അതുകൊണ്ടു് ആയുസ്സു് ഇനി ഉണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഭാഗ്യരേഖ തെളിഞ്ഞിട്ടുണ്ടു്. അതിനാൽ ഇത അപകടം ഒഴിഞ്ഞേക്കാനും മതി. എന്തായാലും ഡോക്ടരുടെ സാമർത്ഥ്യം നമുക്കൊന്നറിയാം. (ഡോക്ടർ ഒരുമരുന്നു മണപ്പിക്കുന്നു. ഡോബി ജീവൻറെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങുന്നു)

ഡോ—എനിക്കെന്തു സംഭവിച്ചു ജോവാൻ?

ജോ—ഒരു ബോധക്കേടുണ്ടായതുപോലെ തോന്നുന്നു.

ഡോ—അല്ല, ഞാൻ ഭയങ്കരമായ ഒരു സ്വപ്നം കാണുകയായിരുന്നു.

ജോ—എന്തായിരുന്നു ആ സ്വപ്നം?

ഡോ—ഞാൻ ഒരു തീക്കുഴിയിൻെറ

ബാലരംഗം

# മെത്രാപ്പോലീത്താച്ചന്റെ തിരുനാൾ

"തുലയററൊരുഭാഗ്യമെത്തവേ നി—
മ്മലനായോരവനേറി സൌമ്യശീലം.
ബലമുള്ള മഹീരുഹങ്ങൾപോലും
ഫലമുണ്ടാംസമയം വളഞ്ഞുതാഴും"

പ്രിയ കുഞ്ഞുങ്ങളേ,

ഓററ്ററിയിലെ കുട്ടികളുടെ സുകൃതാഭിവൃദ്ധിക്കു സഹായകമാകുന്നതിലേക്കു "മാർളൂയീസ് സഖ്യം" എന്ന നാമത്തിൽ ബോസ്ക്കോഅച്ചൻ ഒരു ഭക്തസംഘടന ആരംഭിച്ചു. യുവജനമദ്ധ്യസ്ഥനായ വി. ളൂയീസിനെ തന്റെ കുട്ടികൾ യഥാശക്തി അനുകരിക്കുന്നതിനു ഉത്സാഹിപ്പിക്കുന്ന നിയമങ്ങളും അദ്ദേഹം അതിലേക്കു എഴുതിയുണ്ടാക്കി. കൃത്യനിർവഹണത്തിൽ സദാ ഉത്സുകരായിരിക്കുക, വിശുദ്ധകുർബാന പാട്ടപോലെ അടുക്കലടുക്കൽ കൈക്കൊള്ളുക, ദുർജ്ജനസംസർഗ്ഗം പരിവർജ്ജിക്കുക, പരസ്നേഹകൃത്യങ്ങളിൽ ജാഗരൂകരായിരിക്കുക, അധികാരികളെ ശ്രദ്ധാപൂർവ്വം അനുസരിക്കുക, ആദിയായി പല നല്ല നിബന്ധനകളും അതിൽ ഉൾപ്പെട്ടിരുന്നു. ട്യൂറിൻ മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു നിയമാനുസരണം ആ സംഘടനയെ അംഗീകരിക്കുകയും ചെയ്തു.

ജോൺബോസ്ക്കോയുടേയും കുട്ടികളുടേയുംനേക്കു മെത്രാപ്പോലീത്താച്ചനുള്ള സ്നേഹവാത്സല്യങ്ങളുടെ അടയാളമായി, അദ്ദേഹത്തിന്റെ നാമകാരണന്റെ തിരുനാൾപ്രമാണിച്ച് ഓററ്ററിയിൽവന്നു വിശുദ്ധകുർബാന അപ്പിക്കാമെന്നും, കുട്ടികൾക്കു മുമ്പിലത്തെ ഒപ്രുശുമാ നൽകാമെന്നും അദ്ദേഹം സദയം സമ്മതിച്ചു. ജൂൺ 29-ാം തീയതിയായിരുന്നു ആ മഹാദിനം. ഓററ്ററി ആസകലം കാലേക്കൂട്ടി അലങ്കരിച്ചു സജ്ജമാക്കുന്നതിൽ കുട്ടികൾ പ്രദർശിപ്പിച്ച പാടവം പ്രശംസനീയമായിരുന്നു. തലേദിവസംതന്നെ കുട്ടികളെല്ലാം കുമ്പസാരം കഴിച്ചു. പട്ടണത്തിൽനിന്നു പല വൈദികർ അതിലേക്കു വന്നുചേർന്നെങ്കിലും രാത്രിമുഴുവൻ കുമ്പസാരം നടന്നുകൊണ്ടിരുന്നു. രാവിലെ 7 മണിയോടെ മഹാവന്ദ്യ ദിവ്യശ്രീ ഫ്റാൻസോണിമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നിരവധി വൈദികരാലും വിശ്വാസികളാലും അനുഗതനായി പിന്നാർഡിഭവനത്തിന്റെ പ്രവേശനത്തിങ്കലെത്തി. അവിടെ തയാറാക്കിയിരുന്ന മനോഹരമായ പൂപ്പന്തലിൽ ഫാദർ ബോസ്ക്കോയും കുട്ടികളുംകൂടി തങ്ങളുടെ ആദ്ധ്യാത്മികാജപാലനെ സ്വീകരിച്ച് ഒരു മംഗളപത്രം സമപ്പിച്ചു. അപ്രതീക്ഷിതങ്ങളായ ഈ പ്രകടനങ്ങൾകണ്ടു വികാരഭരിതനായിഭവിച്ച ആ പുരോഹിതശ്രേഷ്ഠനു അധികമൊന്നും പറയാൻ സാധിച്ചില്ല. ഉടൻ അദ്ദേഹം ദിവ്യപൂജ ആരംഭിച്ചു. അനേകശതം കുട്ടികൾ ദിവ്യകാരുണ്യം സ്വീകരിച്ചു. മുന്നൂറോളം കുട്ടികൾക്കു ധൈര്യലേപനവും നൽകുകയുണ്ടായി.

അനന്തരം കുട്ടികളോടു ഒരുപദേശം പറയുന്നതിനായി, കപ്പേളയിൽ തയാറാക്കിയിരുന്ന പ്ലാററുഫോറത്തിലേക്കു മെത്രാപ്പോലീത്താച്ചൻ പ്രവേശിക്കയിൽ; ഓററ്ററിയുടെ മേൽപ്പുരയിൽ തട്ടി അദ്ദേഹത്തിന്റെ തൊപ്പി താഴെ വീണപ്പോഴാണ് പിന്നാർഡിഭവനം അന്നും എത്ര വിനീതമായ നിലയിലാണെന്നു അദ്ദേഹത്തിനു മനസ്സിലായതു്. ഫാദർ ബോസ്ക്കോയുടെ എളിമയിലും ദാരിദ്ര്യത്തിലും അടിസ്ഥാനം ഉറപ്പിക്കപ്പെട്ടിരുന്ന സലേഷ്യൻ പ്രസ്ഥാനം അചിരേണ ഉയന്നുവരുമെന്നുള്ളതിനെപ്പററി അദ്ദേഹത്തിനു് അശേഷം സംശയമുണ്ടായിരുന്നില്ല. അനന്തരകാലങ്ങളിൽ ജോൺബോസ്ക്കോ തന്റെ വലിയ പള്ളിയുടെ പണി ആരംഭിച്ചപ്പോൾ മെത്രാപ്പോലീത്താ പറഞ്ഞുവന്നിരുന്നു: "എന്റെ തൊപ്പി ഇനിയും താഴെ വീഴാതിരിപ്പാൻ തക്കവണ്ണം ദയവായി ശ്രദ്ധിച്ചുകൊള്ളുമല്ലോ."

മെത്രാപ്പോലീത്താച്ചന്റെ ചെലവിൽ കേങ്കേമമായ ഒരു ഡിന്നർ അന്നു കുട്ടികൾക്കു നൽകപ്പെട്ടു. കുട്ടികളുടെവകയായി പല വിനോദങ്ങളും തദവസരത്തിൽ നടന്നു. ആ കൂട്ടത്തിൽ "നെപ്പോളിയന്റെ ശവമഞ്ചം" എന്നൊരു പ്രഹസനവും അവർ അഭിനയിക്കയുണ്ടായി. "എന്റെ ആയുസ്സുകാലത്തൊരിക്കലും ഞാൻ ഇത്രയും ചിരിക്കാൻ ഇടയുണ്ടായിട്ടില്ല" എന്നത്രെ അന്നത്തെ പരിപാടികളെപ്പററി അദ്ദേഹം പ്രസ്താവിച്ചതു്.

"പ്രിയ കുഞ്ഞുങ്ങളേ, ദുർഭഗരായ എത്രയാളുകളാണ ഇന്നു ജയിലുകളിൽ ബന്ധനസ്ഥരായിരിക്കുന്നതു്. ചെറുപ്പകാലത്തു അവരെ വളത്തിയെടുക്കുന്നതിനും, അസന്മാർഗ്ഗികതയിൽനിന്നും ദുഷ്ടസംസർഗ്ഗങ്ങളിൽനിന്നും അവരെ സംരക്ഷിക്കുന്നതിനും തക്കയാളുകൾ ഇല്ലാഞ്ഞിട്ടല്ലേ അവർ ഈ നിലയിലെത്തിയതു്? എന്നാൽ നിങ്ങളുടെ നില എത്ര വ്യത്യസ്തം! ജ്ഞാനത്തിന്റേയും നന്മയുടേയും ആസ്ഥാനമായ ഈ ഭവനത്തിലേക്കു ... പെടുത്തുവച്ച ദിവസത്തെ നിങ്ങൾ വാഴ്ത്തുവിൻ!......എന്റെ അജഗണത്തിന്റെ ഏററം വിശിഷ്ടമായ ഒരു ഭാഗമായും പ്രിയമക്കളായും നിങ്ങളെ ഞാൻ എന്നും പരിഗണിക്കുന്നതാണ്." എന്നിങ്ങനെയത്രെ മെത്രാപ്പോലീത്താച്ചൻ ചടങ്ങുകൾ ഉപസംഹരിച്ചതു്.



മറിയംമഗ്ദലന ഈശോയുടെ പാദാന്തികത്തിൽ

"അവൾ തന്റെ കണ്ണുനീർകൊണ്ടു് അവിടുത്തെ കാലുകൾ കഴുകുവാനും, തന്റെ തലമുടികൊണ്ടു് അവ തുടയ്ക്കുവാനും തുടങ്ങി. അവൾ അവിടുത്തെ കാലുകൾ ചുംബിക്കുകയും സുഗന്ധദ്രവ്യംകൊണ്ടു പൂശുകയും ചെയ്തിരുന്നു." (ലൂക്കാ 7, 38)

കത്തുകൾക്കു മറുപടി

126. ടി. വി. തോമസ്.

"എനിക്കുള്ള ഒരു പ്രധാന ക്ലേശം എന്റെ പരീക്ഷകളാണ്. കുരിശു വരയ്ക്കുമ്പോഴും, പള്ളിയിലിരിക്കുമ്പോഴും, സദാ പരീക്ഷകളുണ്ടായിക്കൊണ്ടിരിക്കുന്നു. അതിനു എന്തെങ്കിലും ഒരു പ്രതിവിധി അച്ചൻ എനിക്കു കാണിച്ചുതരണം."

പ്രിയ മകനേ, പരീക്ഷകൾ ഉണ്ടാകുന്നതു പാപമല്ലെന്നു ആദ്യംതന്നെ മനസ്സിലാക്കണം. അതിനു കാരണം കൊടുക്കുകയോ, സമ്മതിക്കുകയോ, അതിനനുസരിച്ചു പ്രവത്തിക്കയോ ചെയ്യാത്തകാലത്തോളം പരീക്ഷകൾകൊണ്ടു നമുക്കു യാതൊരു കേടും വരാനില്ല. എന്നുതന്നെയല്ല, അവയോടു എതിർത്തു യുദ്ധംചെയ്യുന്നതു് നമുക്കു പുണ്യാഭിവൃദ്ധിക്കുള്ള ഒരു മാർഗ്ഗമായിരിക്കും. നഷ്ടമില്ല, ലാഭമേയുള്ളു എന്നു കണ്ടാൽ പിന്നെ അതിനെ ഇത്ര പേടിക്കാനെന്താണുള്ളതു്? പിശാചും ശരീരവും നമ്മുടെ ശത്രുക്കളാണ്. അവർ അവരുടെ ജോലി നിറവേററുന്നു; നമ്മൾ നമ്മുടെ ജോലിയും നിറവേററാൻ സദാ ശ്രദ്ധിച്ചുകൊണ്ടാൽമാത്രംമതി — അതായതു ആയുധം ധരിച്ചു അവരോടു യുദ്ധം ചെയ്യാൻ. ഏതു പരീക്ഷയും വരട്ടെ. ഈശോ മറിയം യൗസേപ്പേ എന്നെ സഹായിക്കേണമേ, എന്നു ഹൃദയപൂർവ്വം ചൊല്ലിക്കൊണ്ടു അതിനെ എതിർക്കുക. ശത്രു ഓടിക്കൊള്ളും. പിന്നെയും വരുന്നോ? പിന്നെയും എതിർക്കുക. കീഴടങ്ങിക്കൊടുക്കാത്തകാലത്തോളം ജയം നമുക്കാണ്. യുദ്ധമില്ലാതെ ജയമുണ്ടോ? ജയമില്ലാതെ കിരീടമുണ്ടോ? ഒന്നുകൂടി ഓക്കണം. നമ്മുടെ ശക്തിയിൽ കവിഞ്ഞ പരീക്ഷകൾ നമ്മുടെ കത്താവു ഒരിക്കലും നമുക്കനുവദിക്കയില്ല. സഹായത്തിനു താൻ പുറകിൽ നിൽക്കയും ചെയ്യും. വി. കത്രീനാപുണ്യവതി ഒരിക്കൽ മഹാ അശുദ്ധപരീക്ഷകളോടു യുദ്ധംചെയ്തുകൊണ്ടിരിക്കയിൽ കത്താവു പുണ്യവതിക്കു പ്രത്യക്ഷനായി. "എന്റെ കത്താവേ, ഞാനീ അശുദ്ധപിശാചിനോടു പോരാടുകയിൽ നീ എവിടെയായിരുന്നു?" എന്നു പുണ്യവതി ആവലാതിപ്പെട്ടു. "മകളേ! നീ യുദ്ധംചെയ്തു വിജയംനേടുന്നതുകണ്ടുകൊണ്ടു ഞാൻ നിന്റെ ഹൃദയത്തിൽ ഇരുന്നു ആനന്ദിക്കയായിരുന്നു" എന്നു കത്താവു പ്രത്യുത്തരവും നൽകി. പരീക്ഷകൾ പുണ്യവാന്മാക്കും ഉണ്ടായിരുന്നെന്നുള്ളതും മറന്നുപോകരുതു്. വലിയ വലിയ പരീക്ഷകളെ ജയിച്ചവരാണ് വലിയ പുണ്യവാന്മാർ. അതിനാൽ എന്റെ മകൻ ഇതുകൊണ്ടൊന്നും ഒട്ടും കലങ്ങരുതു്. ആത്മപിതാവിനോടു് എല്ലാം പരമാത്ഥമായി അറിയിച്ചുകൊള്ളണം. അപ്പോൾതന്നെ ശത്രു പടക്കളംവിട്ടോടിക്കൊള്ളും. പ്രാത്ഥനയിൽ സ്ഥിരമായിനിൽക്കണം. വിശുദ്ധകുർബാന കൂടെക്കൂടെ അടുപ്പിച്ചു കൈക്കൊള്ളണം. എല്ലാം ശാന്തമായിവരും.

എന്നു സ്വന്തം വല്യച്ചൻ.

P. S. ഉയിർപ്പുതിരുനാളിന്റെ മംഗളം ബാലരംഗത്തിന്റെ എല്ലാ അംഗങ്ങൾക്കും ആശംസിച്ചുകൊള്ളുന്നു. പീഡാനുഭവങ്ങൾ കഴിഞ്ഞു മഹത്വത്തോടെ ഉത്ഥാനംചെയ്ത സ്നേഹരക്ഷകനോടുകൂടി ആത്മീയമായി ആനന്ദിക്കുക. അതേ മഹത്വത്തോടെ ഉയിക്കാനുള്ളവരാണ നാമും, എന്നോത്തു പുണ്യവഴിയിൽ ധീരതയോടെ മുന്നോട്ടു പോകുക.

സ്വ. വ.

നടക്കു പതിച്ചതായും പിശാചുക്കൾ എന്നെ വലിച്ചുകീറുന്നതായും കണ്ടു.

ജോ—ഇതാണു ഞാൻ പറയുന്നതു് അങ്ങു് ഈ ഉദ്യോഗം രാജിവച്ചു് ദൈവത്തെ ദ്രോഹിക്കുന്ന ദുഷ്കൃത്യങ്ങൾ നിറുത്തിവയ്ക്കണമെന്നു്.

ഡോ—എനിക്കും ഇപ്പോൾ അങ്ങനെ തോന്നുന്നു. സെക്രട്ടറിയുടെ അഭിപ്രായം എന്താണു്?

സെക്ര—സഖാവു സ്റ്റാലിനെ അറിയിച്ചിട്ടു് അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു പ്രവത്തിക്കുന്നതാണു് നന്നു്.

ഡോ—കൊള്ളാം. എന്നാൽ സ്റ്റാലിനു് ഞാൻ പറയുന്നതരത്തിൽ ഒരു സന്ദേശം കൊടുക്കുക.

സെക്ര—കൊടുക്കാം. എങ്ങനെ വേണമെന്നു പറഞ്ഞാലും.

ഡോ—"സഖാവേ, ഹംഗേറിയൻ പ്രീമിയർ മി. ഡോബിയുടെ മരണനാഴിക അടുത്തിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ പഴയ വിശ്വാസത്തിലേക്കു പിന്തിരിയുന്നതിനു തടസ്സമുണ്ടോ?"

(സെക്രട്ടറി സന്ദേശം അയക്കുന്നു.)

സ്റ്റാലിന്റെ മറുപടി—എന്റെ സഹതാപം. ജീവിച്ചിരിക്കുന്നവക്കു വേണ്ടിയാണു കമ്മ്യൂണിസം, അല്ലാതെ മരിക്കുവാൻ പോകുന്നവക്കുവേണ്ടിയല്ല. മരിക്കാൻ പോകുന്നെങ്കിൽ ഡോബി ഇഷ്ടംപോലെ ചെയ്യട്ടെ. അദ്ദേഹത്തിന്റെ സ്ഥാനത്തേക്കു മി. റക്കോസിയെ നിയമിക്കുന്നതാണെന്നും പറഞ്ഞേക്കുക.

(കർട്ടൻ)

## നിങ്ങൾക്കറിയാമോ?

1 ക്രിസ്തു അരുളിച്ചെയ്ത എത്ര അന്യാപദേശങ്ങൾ (Parables) വി. യോഹന്നാന്റെ സുവിശേഷത്തിലുണ്ടു്?

2 പെസഹ എന്ന വാക്കിന്റെ അത്ഥമെന്തു്?

3 പഴയനിയമത്തിൽ അതു എന്തിന്റെ സ്മാരകമായിരുന്നു?

4 ഗാഗുൽത്താമല എവിടെയാണ്?

5 ഗദ്സേമനി എവിടെയാണ്?

(ഉത്തരങ്ങൾ 9-ാം പേജിൽ)

## യുവതികൾക്കു ഏകാന്തധ്യാനം ആലുവാ

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തപ്പെടാറുള്ള യുവതികൾക്കായുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെന്റ് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ച് ഏപ്രിൽ 26-ാംനു ചൊവ്വാഴ്ച (14 മേടം) വൈകുന്നേരം തുടങ്ങി ഏപ്രിൽ 30-ാംനു ശനിയാഴ്ച (18 മേടം) കാലത്തു അവസാനിക്കുന്നതാണ്.

ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംഗ്ഫീസ് ഏഴു രൂപാ (Rs 7) മാത്രം. ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 20-ാം തീയതിക്കകം വിവരം അറിയിക്കേണ്ടതാണ്.

Mother Superior S. D.
Chunangamvely
Alwaye




പാൽബോളി
(കുടുംബിനി)

നാഴി പരിപ്പ്, നാഴി റവ, രണ്ടു റാത്തൽ പഞ്ചസാര, നാഴി പശുവിൻ പാൽ, ഉഴക്കു നെയ്, ഒരു തേങ്ങ.

പരിപ്പു നല്ലവണ്ണം വേവിച്ച് അതിൽ പഞ്ചസാര, തേങ്ങ ചുരണ്ടിയതു്, പാൽ, നെയ്, ഇവ ചേത്തു് വിളയിക്കുക. റവ പാലിൽ കുഴച്ചുവച്ചശേഷം കുറേശെ എടുത്തു് ഒരു പലകയിൽവച്ചു പരത്തി, വിളയിച്ചുവച്ചിരിക്കുന്ന പരിപ്പ് ചെറുനാരങ്ങയുടെ വലിപ്പത്തിൽ ഉരുട്ടിയെടുത്തു് റവയിൽവച്ചു പൊതിഞ്ഞു് വടരൂപത്തിൽ പരത്തി തിളച്ച വെളിച്ചെണ്ണയിലിട്ടു വേവിച്ച് ഊററിയെടുക്കുക.

——

## നീഗ്രോകളുടെ മാനസാന്തരം

1948-ൽ അമേരിക്കൻ ഐക്യനാടുകളിലെ നീഗ്രോകളിൽ 8857 പേർ മനസ്സുതിരിഞ്ഞിരിക്കുന്നു. കഴിഞ്ഞ 63 കൊല്ലത്തിനിടയ്ക്കു് ഇത്ര അധികം പേർ ഒരു വർഷത്തിൽ മനസ്സുതിരിയുന്നതു് ഇദംപ്രഥമമായിട്ടാണ്. ഐക്യനാടുകളിൽ ഇപ്പോൾ 362,427 നീഗ്രോകത്തോലിക്കരുണ്ടു്.

# ആ മുൻവിധി

(പെരുമാലിൽ ആഗസ്തി)

എൻെറ ചോദ്യത്തിനുള്ള മറുപടിക്കുപകരം വേറൊരു ചോദ്യം എന്നോടു ചോദിക്കുകയാണല്ലൊ ശ്രീ ജോസഫ് ചെയ്തിരിക്കുന്നതു്. അതിനുള്ള മറുപടി കണ്ടിട്ടേ എൻെറ ചോദ്യത്തിനു മറുപടി എഴുതാൻ തനിക്കു "മനസ്സുവരൂ" എന്നദ്ദേഹം എഴുതുകയും ചെയ്തിരിക്കുന്നു. സാധാരണമുറയ്ക്കു് ആദ്യത്തെ ചോദ്യത്തിനു മറുപടി കിട്ടിയശേഷം പുരോഗമിച്ചാൽ മതി. എങ്കിലും കാര്യങ്ങളുടെ സഫലതയ്ക്കായി ആദ്യം ഞാൻ തന്നെ മറുപടി പറയാം.

ചിലപ്പോഴൊക്കെ ഇങ്ങനെയുള്ള നാദങ്ങൾ പുറപ്പെടുവിക്കാറുള്ള ഒരു തൂലികയുടെ ചലനനാദമാണതു് എന്നു ഞാൻ പറഞ്ഞതു തെളിയിക്കണമെന്നാണല്ലൊ ശ്രീ. ജോസഫ് ആവശ്യപ്പെട്ടിരിക്കുന്നതു്. താഴെ കാണിക്കുന്ന ഉദാഹരണങ്ങൾ ശ്രീ. ജോസഫിൻെറ ലേഖനങ്ങളിൽ ചിലപ്പോഴൊക്കെ കണ്ടുവരാറുള്ള വാസ്തവവിരുദ്ധങ്ങൾ ഏവയെന്നു തെളിയിക്കുന്നതാണു്.

1. "ഗ്രീക്കുകാരും ലത്തീൻകാരുമായ ക്രിസ്തീയഗ്രന്ഥകാരന്മാരുടെ വിപുലങ്ങളായ കൃതികൾ വിവിധവിഷയങ്ങളെപ്പററി പ്രതിപാദിക്കുന്നവയാണു്. ഇവയെല്ലാം ശേഖരിച്ചു പത്തര ഇഞ്ചു നീളവും ഏഴര ഇഞ്ചു വീതിയും ഏകദേശം ആയിരം പുറങ്ങൾ വീതവുമുള്ള വാല്യങ്ങളായി പാരീസിൽ നിന്നും പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ക്രിസ്ത്വാബ്ദം 13-ാം ശതകംവരെയുള്ള കൃതികളെല്ലാം ഉൾക്കൊള്ളുന്ന 139 ഗ്രീക്കുവാല്യങ്ങളും 217 ലത്തീൻവാല്യങ്ങളും ഈ ലേഖകൻ പരിശോധിച്ചു. ഇതുപോലെതന്നെ പ്രസ്താവിതകാലത്തിനുള്ളിൽ ഇൻഡ്യയെപ്പററി പ്രതിപാദിച്ചിട്ടുള്ള അക്രൈസ്തവഗ്രന്ഥകാരന്മാരുടെ പ്രതിപാദനങ്ങളും ഈ ലേഖകൻ പരിശോധിച്ചു ഈ പരിശോധനയ്ക്കുശേഷം ക്രി. മു. 3-6 മുതൽ ക്രിസ്ത്വാബ്ദം 641 വരെയുള്ള കാലങ്ങളിൽ ജീവിച്ചിരുന്ന ഗ്രീക്കുലത്തീൻകാർ കണ്ട ഇൻഡ്യ ഏതായിരുന്നുവെന്നതിനെപ്പററി അവരുടെ ലിഖിതങ്ങൾമാത്രം ഉദ്ധരിച്ചുകൊണ്ടു ലേഖനരൂപത്തിൽ തൻെറ പഠനഫലം ഈ ലേഖകൻ പാററ്നായിൽനിന്നും പുറപ്പെടുന്ന ബിഹാർ ഒറീസ്സാ ഗവേഷകസമിതിവക ത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തി. പൗരാണികരായ ഗ്രീക്കുലത്തീൻകാരുടെ ദൃഷ്ടിയിൽ ഒരിൻഡ്യ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നാണു് അതിൽ തെളിയിച്ചിരിക്കുന്നതു്. ഈ സംഗതിതന്നെ എൻെറ എല്ലാ ലേഖനങ്ങളിലും വ്യക്തമാക്കിയിട്ടുണ്ടു്. ഒരിടത്തും എല്ലാ പൗരാണികജാതികളുടെയും ദൃഷ്ടിയിൽ ഒരിൻഡ്യമാത്രമെ ഉണ്ടായിരുന്നുള്ളുവെന്നു പറഞ്ഞിട്ടില്ല. പറഞ്ഞിട്ടുള്ളതു് പൗരാണികഗ്രീക്കുലത്തീൻകാരുടെ ദൃഷ്ടിയിൽ ഒരിൻഡ്യമാത്രമെ ഉണ്ടായിരുന്നുള്ളു എന്നാണു്. "പൗരാണികർ" എന്ന വാക്കുമാത്രം ചില വാചകങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടു്. അപ്പോഴൊക്കെ ഞാൻ വിവക്ഷിക്കുന്ന "പൗരാണികർ" ആരാണെന്നു സൽബുദ്ധികൾക്കു തോന്നത്തക്കവണ്ണം ഞാൻ വ്യക്തമാക്കിയിട്ടുണ്ടു്. ഞാൻ വിവക്ഷിക്കുന്ന പൗരാണികർ ഗ്രീക്കുലത്തീൻകാർ മാത്രമാണു്; സുറിയാനിക്കാരൊ, ക്ലുത്തുകാരൊ മററതെങ്കിലും ജാതിക്കാരൊ അല്ല. ഈ 'പൗരാണികഗ്രീക്കുകാരുടെയും ലത്തീൻകാരുടെയും ദൃഷ്ടിയിൽ ഒരിൻഡ്യമാത്രമെ ഉണ്ടായിരുന്നുള്ളു എന്നു പൗരാണികഗ്രീക്കുലത്തീൻകാരുടെ ഇൻഡ്യ അറേബ്യയിലൊ ആഫ്രിക്കയിലൊ ആണെന്നു പറയുന്ന സകല പാശ്ചാത്യഗ്രന്ഥകാരന്മാർക്കും എതിരായി ഞാൻ പറഞ്ഞു; ഇന്നും സധൈര്യം ആവർത്തിച്ചു പറയുകയും ചെയ്യുന്നു." (1946 ഒക്ടോബർ ലക്കം കുടുംബദീപം) ഈ പറഞ്ഞ 'സംഗതികൾ മേൽപ്പറഞ്ഞ ത്രൈമാസികത്തിൽനിന്നും വ്യക്തമായി ഗ്രഹിക്കാൻ സാധിക്കുന്നതാണു്. ശ്രീ. ജോസഫിനു് ഈ സംഗതികൾ അജ്ഞാതവുമല്ല. എന്നിട്ടും എല്ലാ പൗരാണികജാതിക്കാരുടെയും ദൃഷ്ടിയിൽ ഒരിൻഡ്യമാത്രമെ ഉണ്ടായിരുന്നുള്ളുവെന്നു ഞാൻ പറയുന്നതായി വായനക്കാർക്കു തോന്നത്തക്കവണ്ണം എൻെറ വാക്യത്തെ അതിൻെറ സന്ദർഭത്തിൽനിന്നും അടർത്തുമാററി 1946 സെപ്തംബർ ലക്കം കുടുംബദീപത്തിലും 1947 ആഗസ്റ്റ് ലക്കം Journal of Indian History യിലും അദ്ദേഹം വ്യാഖ്യാനിച്ചു.

2. എൻെറ ലേഖനമെഴുതാൻ ഞാൻ വായിച്ചു പരിശോധിച്ച ഗ്രന്ഥകാരന്മാരും ഗ്രന്ഥങ്ങളും എത്രമാത്രമെന്നു പിതൃഗ്രന്ഥാവലിയെപ്പററി അല്പജ്ഞാനമെങ്കിലുമുള്ളവർക്കു് അറിവാൻ സാധിക്കുന്നതാണു്. ശ്രീ ജോസഫിനു ഗ്രീക്കിലും ലത്തീനിലുമുള്ള ഈ പിതൃഗ്രന്ഥാവലി കാണുവാൻ സാധിച്ചിട്ടില്ലായിരിക്കാം. എന്നിരുന്നാലും എൻെറ ലേഖനത്തിൻെറ അവസാനത്തിൽ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും അതനുമാനിക്കാൻ കഴിയും. എന്നിട്ടും "ഗ്രീക്കുലത്തീൻ പുരാതനകൃതികളിൽ പത്തുനാല്പതെണ്ണംമാത്രം പരിശോധിച്ച അച്ചനവർകൾക്കു......" എന്നാണു് 1946 സെപ്റ്റംബർ ലക്കം കുടുംബദീപത്തിൽ അദ്ദേഹം എഴുതിയിരിക്കുന്നതു്.

3. എൻെറ ഗവേഷണം അപൂർണ്ണമാണെന്നു കാണിക്കാൻ വേണ്ടി എൻെറ ലേഖനത്തിൽനിന്നും "As far as the



കുരുടനു കാഴ്ചകൊടുത്തതു്

"അവിടുന്നു നിലത്തു തുപ്പി തൻെറ തുപ്പൽകൊണ്ടു ചേറുണ്ടാക്കി ആ കുരുടൻെറ കണ്ണുകളിന്മേൽ പൂശി അവനോടു്: നീ പോയി ശീലോഹാകുളത്തിൽ കഴുകുക എന്നരുളിച്ചെയ്തു." യോഹന്നാൻ 9, 6-7)

present writer has examined...... Eusebius" എന്നും "as far as we are aware" എന്നും രണ്ടു വാക്യാംശങ്ങൾ മാത്രം വേർപെടുത്തിയെടുത്തു് അവയുടെ സന്ദർഭത്തിൽ അവയ്ക്കുള്ള അർത്ഥത്തിൽനിന്നും എതിരായ അർത്ഥം കല്പിച്ചു് 1946 നവംബർലക്കം കുടുംബദീപത്തിലും 1947 ആഗസ്റ്റ്ലക്കം Journal of Indian History യിലും ശ്രീ ജോസഫ് പ്രസിദ്ധപ്പെടുത്തി.

4. മേലുദ്ധരിച്ച ത്രൈമാസികത്തിൽ എൻെറ ലേഖനത്തെ സംബന്ധിച്ചിടത്തോളം അനേകം അച്ചടിത്തെററുകൾ ഉണ്ടു്. ത്രൈമാസികം തുറന്നു നോക്കുന്ന ഏതൊരു സാധാരണക്കാരനും അതു വ്യക്തമാകുന്നതാണു്. എന്നിട്ടും അതിലുള്ള അച്ചടിത്തെററിനെ എൻെറ ഗവേഷണം അപൂർണ്ണമാണെന്നു കാണിക്കാനായി അദ്ദേഹം വീണ്ടും വീണ്ടും എടുത്തുകാണിച്ചിട്ടുണ്ടു്.

5. എത്തിയോപ്യാനിവാസികളെയും അറേബ്യാനിവാസികളെയും ചില ഗ്രീക്കുകാർ ഇൻഡ്യാക്കാരെന്നു വിളിച്ചിട്ടുണ്ടെന്നു എൻെറ ലേഖനത്തിൽ—ശ്രീ ജോസഫിൻെറ കൈവശമുള്ള എൻെറ ലേഖനത്തിൽ—വളരെ വ്യക്തമായി തെളിവുസഹിതം ഞാൻ പറഞ്ഞിട്ടുണ്ടു്. എന്നിട്ടും 1947 ജൂൺ 7-ാംനു- യിലെ Examiner -ൽ ഞാൻ പരിശോധിച്ചവരും പരിശോധിക്കാത്തവരും ആയ എല്ലാ ഗ്രീക്കുകാരും ലത്തീൻകാരും ഒരേ ഒരു ബ്രാഹ്മണജനതയെ മാത്ര (Only one people Called Indian (viz. Brahmins) ഇൻഡ്യാക്കാർ എന്നു വിളിക്കുന്നുള്ളുവെന്നു എൻെറ ലേഖനത്തിൽ ഞാൻ പറഞ്ഞിരിക്കുന്നതായി അദ്ദേഹം പ്രസ്താവിക്കുന്നു.

6. അറേബ്യയെ ഇൻഡ്യയായി റുഫീനൂസ് എന്ന ലത്തീൻ ഗ്രന്ഥകാരൻ ഗണിച്ചിരുന്നുവെന്നു കാണിക്കാൻവേണ്ടി റുഫീനൂസിൻെറ തിരുസഭാചരിത്രം ഒന്നാം പുസ്തകം 9-ാമദ്ധ്യായത്തിലെ ഒരു വാക്യത്തിൽനിന്നും "adherent" എന്ന ഒരു വാക്കുമാത്രം മാററിയെടുത്തു പ്രസ്തുത 9-ാമദ്ധ്യായത്തിൽ വിവരിക്കുന്ന മററു സംഗതികളോടു യാതൊരുവിധത്തിലും പൊരുത്തമില്ലാത്തവിധത്തിൽ വ്യാഖ്യാനിച്ചു് തൻെറ അഭിപ്രായത്തിനു് ഒരു താങ്ങായി ശ്രീ ജോസഫ് തുടരെത്തുടരെ എടുത്തുകാണിക്കുന്നുണ്ടു്.

7. ആഫ്രിക്കയെയും അറേബ്യയെയും ഇൻഡ്യയായി ഗ്രീക്കുലത്തീൻകാർ ഗണിച്ചിരുന്നുവെന്നു് ക്രി. മു. 326-ാമാണ്ടുമുതൽ ക്രിസ്ത്വാബ്ദം 641-ാമാണ്ടുവരെയുള്ള ഗ്രീക്കുലത്തീൻ കൃതികളിൽനിന്നും തെളിയിക്കണമെന്നു ശ്രീ ജോസഫിനോടു ഞാൻ തുടരെത്തുടരെ ആവശ്യപ്പെട്ടപ്പോൾ 1946 ജൂൺ ലക്കം കുടുംബദീപത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി: "കുറഞ്ഞപക്ഷം ക്രി. വ. 1-ാമാണ്ടുമുതലുള്ള പണ്ടകാലങ്ങളിൽനിന്നു് അബ്ദിയാസിനെയും റുഫീനൂസിനെയും സോക്രാറിസിനെയും (5-ാം ശതകം) കടന്നു ആറാംശതകത്തിൽ സിറിയൻ മെത്രാനായിരുന്ന മാർ യോഹന്നാൻ. പിൽക്കാലത്തു ജീവിച്ചിരുന്ന സെർവിയൂസ് എന്നവരിങ്കൽ നാം എത്തുമ്പോഴും ഒന്നിലധികം ഇൻഡ്യാകൾ കാണുന്നു." എൻെറ ചോദ്യത്തിൻേറയും ശ്രീ ജോസഫിൻെറ മേലുദ്ധരിച്ച വാക്യത്തിൻേറയും സന്ദർഭത്തിൽവച്ചു നോക്കുന്നതായാൽ സെർവിയൂസ് ക്രിസ്ത്വാബ്ദം 641-ാമാണ്ടിനുമുമ്പു് ജീവിച്ചിരുന്ന ഒരാളായിരുന്നെന്നല്ലയൊ സാധാരണവായനക്കാർക്കു തോന്നിപ്പോകുന്നതു്? വാസ്തവത്തിൽ സെർവിയൂസ് 14-ാം ശതകത്തിനുശേഷം ജീവിച്ചിരുന്ന ഒരാളാണു്. ഈ സംഗതി എൻെറ ലേഖനത്തിൽനിന്നും ശ്രീ ജോസഫിനു ഗ്രഹിക്കാൻ കഴിയുമായിരുന്നിട്ടും ആറാം ശതകത്തിൽ ജീവിച്ചിരുന്ന മാർ യോഹന്നാനോടു ചേർത്തുദ്ധരിച്ചിരിക്കുന്നു.

8. ആഫ്രിക്കയെയും ആറേബ്യയെയും ഇൻഡ്യാകളായി ഗണിച്ചിരുന്നെന്നു് 7-ാം ശതകത്തിനുമുമ്പുള്ള ഗ്രീക്കുലത്തീൻ കൃതികളിൽനിന്നും തെളിയിക്കണമെന്നാണു് ഞാൻ തുടർച്ചയായി ശ്രീ ജോസഫിനോടാവശ്യപ്പെട്ടിട്ടുള്ളതു്. 1947 ആഗസ്റ്റ് ലക്കം Journal of Indian History യിൽ അദ്ദേഹം പറയുന്നതിങ്ങനെയാണു്: 'അറേബ്യ ഇൻഡ്യയാണെന്നു തെളിച്ചു പറയുന്ന (Says totidem verbis) ഗ്രീക്കു ലത്തീൻ സുറിയാനി മുതലായ പൗരാണികലേഖകൾ ഹാജരാക്കാൻ ഞാൻ അശക്തനാണു്." ഇതിനുശേഷം 1948 മേയ് മാസം 22-ാംനു-ലെ Examiner ൽ "ഇതഃ (citerior) അറേബ്യയെ ചില ജാതിക്കാർ (nations) പുരാതനകാലത്തു ഇൻഡ്യയെന്നുവിളിച്ചിരുന്നു" എന്നു് എഴുതിയിട്ടുണ്ടു്. രേഖകൾ ഹാജരാക്കാൻ താൻ അശക്തനാണെന്നു പറഞ്ഞശേഷം പുതിയരേഖകൾ ഒന്നുംതന്നെ ഹാജരാക്കാതെ വേറൊരു പത്രത്തിൽ കുറെ പൗരാണികജാതിക്കാർ അറേബ്യയെ ഇൻഡ്യയെന്നു വിളിച്ചിരുന്നുവെന്നു പറയുന്നതു സത്യോക്തിയോ?

ഇങ്ങനെ, സത്യനാദത്തിൽ ലേഖനമെഴുതിയ 1948 ജൂണിനുമുമ്പുതന്നെ ശ്രീ ജോസഫിൻെറ തൂലികാചലനരീതി എപ്രകാരമായിരുന്നുവെന്നു വ്യക്തമാകുന്നുണ്ടല്ലൊ. ഞാൻ പറഞ്ഞതിൻെറ യാഥാർത്ഥ്യം കൂടുതലായി ഗ്രഹിക്കണമെന്നുള്ളവർ Examiner, Journal of Indian History, കുടുംബദീപം, സത്യനാദം എന്നീ പത്രമാസികകളിൽ ഞങ്ങൾ എഴുതിയിട്ടുള്ള ലേഖനങ്ങൾ വായിക്കുന്നതു നന്നായിരിക്കും. ആ പാരായണത്തിൽനിന്നു് ശ്രീ ജോസഫിൻെറ തൂലികാചലനനാദത്തെപ്പററി ഞാൻ പറഞ്ഞതു മുൻവിധിനിമിത്തമാണൊ അല്ലെയൊ എന്നു കരതലാമലകംപോലെ വ്യക്തമാകുന്നതാണു്.

വി. തോമ്മാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെപ്പററി അനുകൂലികളും പ്രതികൂലികളും നൽകുന്ന തെളിവുകളും പുരാതനരേഖകളും പരിശോധിച്ചിട്ടുള്ള ഈ ലേഖകനു് ക്രിസ്ത്വാബ്ദം 20-ലെന്നു ശ്രീ ജോസഫ് പറയുന്ന രേഖ ഏതാണെന്നനുമാനിക്കാൻ സാധിക്കുന്നതാണു്. പോരെങ്കിൽ 1948 ഡിസംബറിലെ മദ്രാസ് മെയിലിൽ ശ്രീ ജോസഫെഴുതിയ വിചിത്രലേഖനം ഈ സംഗതി വിശദമാക്കുന്നുമുണ്ടു്. തന്നിമിത്തം മുൻവിധിയാൽ പ്രേരിതനായിട്ടല്ല ഞാൻ അഭിപ്രായം പ്രസിദ്ധപ്പെടുത്തിയതെന്നു പറഞ്ഞുകൊള്ളട്ടെ.

---

## തിരികെവിളിച്ചു

ചെക്കോസ്ലോവാക്യ വത്തിക്കാനിലേക്കയച്ചിരുന്ന പ്രതിനിധിയെ തിരികെവിളിച്ചിരിക്കുന്നു.

## ഭവനരഹിതർക്കായി

ആസ്ത്രേലിയായിൽ മെൽബേണിലെ വിൻസെൻറ് ഡി പോൾ സംഘക്കാർ ഭവനരഹിതരെ ഉദ്ദേശിച്ചു് 7 ലക്ഷം രൂപ വിലവരുന്ന ഒരു കോൺക്രീററ് കെട്ടിടം പണികഴിപ്പിച്ചിരിക്കുന്നു.


ട്രാവൻകൂർ

ഫെഡറൽ ബാങ്ക് ക്ലിപ്തം

ആലുവാ, അങ്കമാലി, പെരുമ്പാവൂർ

ഡെപ്പോസിററ് നിരക്ക്

1 കൊല്ലം 4½, 2 കൊല്ലം 5%, 3 കൊല്ലം 5½. 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 4% സേവിംഗ്സ് 3% കറൻറ് 1%.

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ചെയ്തുതരുന്നതാണു്.

ക്യാപ്ററൻ ഫ്രാൻസിസ് പാനികുളം, B. A., M. B. B. S., D. A. (Eng.), ചെയർമൻ

കെ. പി. ഉറുമീസ്, B. A., B. L., മാനേജിംഗ് ഡയറക്ടർ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി.

വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ

എം. എ, പി എച്ച്. ഡി., ഡി ഡി., ഡി. സി. എൽ.

റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ), 6 രൂപ 8 ണ. (തപാലിൽ)

Vol. 22 ‖ ERNAKULAM, APRIL 13, 1949 ‖ No 33


# തിരുനാൾമംഗളം



തൃശ്ശൂർ രൂപതയെ പ്രശസ്തമായി ഭരിച്ചുവരുന്ന റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് പി എച്ച്. ഡി., ഡി. ഡി. തിരുമനസ്സിലെ നാമകാരണനായ വി. ഗീവറുഗീസു സഹദായുടെ തിരുനാൾ ഏപ്രിൽ 23-ാംനു- ശനിയാഴ്ചയാണല്ലോ. ഈ വിശിഷ്ടാവസരത്തിൽ, തിരുമനസ്സിലെ അജഗണങ്ങളോടു ചേർന്നുകൊണ്ടു്, "സത്യദീപ"വും പുത്രനിർവ്വിശേഷമായ സ്നേഹാദരങ്ങളോടുകൂടി, അവിടുത്തേക്കു സകലവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളട്ടെ. തിരുമനസ്സിലെ സ്നേഹമസൃണമായ പ്രോത്സാഹനം വഴി "സത്യദീപ"ത്തിനു തൃശ്ശൂർ രൂപതയിലെ എല്ലാ ഇടവകകളിലും പ്രചാരം സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന വസ്തുത ഞങ്ങൾ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു. തിരുമേനി രൂപതാഭരണം കയ്യേററിട്ടു ഇപ്പോൾ അഞ്ചുവർഷങ്ങളേ ആയുള്ളു. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ രൂപതയ്ക്കുണ്ടായ ബഹുമുഖമായ അഭിവൃദ്ധിയെപ്പററി ആരേയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. രൂപതയിലെ പല ഇടവകകളിലും വിൻസെൻറ് ഡി പോൾ സംഘത്തിൻെറ ശാഖകൾ സ്ഥാപിതമായിട്ടുണ്ടെന്നും 1948-ൽ തന്നെ 28000 ക. യോളം അവയുടെ ആഭിമുഖ്യത്തിൽ സാധുജനസംരക്ഷണാർത്ഥം ചെലവാക്കപ്പെട്ടിട്ടുണ്ടെന്നുമുള്ളതു് ഏററവും ചാരിതാർത്ഥ്യജനകമാണു്. തിരുമേനി ദീർഘായുഷ്മാനായി വാഴട്ടെയെന്നു നമുക്കേവർക്കും ജഗദീശനോടു പ്രാർത്ഥിക്കാം.

# സംഘടിതമതങ്ങളും കമ്മ്യൂണിസ്റ്റ് പാർട്ടിയും

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളക്കമ്മിററി പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവനയിൽ പരസ്പരവൈരുദ്ധ്യവും ആശയക്കുഴപ്പവും ധാരാളമുണ്ടു്. അതിൽ ചിലതെല്ലാം ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഇനിയും പലതും ചൂണ്ടിക്കാണിക്കുവാനുണ്ടു്. അതിലൊന്നു സംഘടിതമതങ്ങളെപ്പററി പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതാണു്.

"സംഘടിതമതങ്ങളുടെയെല്ലാം നായകന്മാർ കമ്മ്യൂണിസ്റ്റുകാരുടെ ശത്രുക്കളാണെന്നതിനു് സംശയമില്ല. കാരണം, ഈ മതസ്ഥാപനങ്ങളെല്ലാം, അവയുടെ നായകന്മാരെല്ലാം, മേലേക്കിടയിലുള്ള ജന്മികളും മുതലാളികളും കരിഞ്ചന്തക്കാരായ ജനദ്രോഹികളുമാണു്. ദേവസ്വങ്ങളുടേയും പള്ളികളുടേയും മതസ്ഥാപനങ്ങളുടേയും വകയായ ഭൂമി മുഴുവൻ, മററു ജന്മികളുടെ ഭൂമിയെപ്പോലെ, പ്രതിഫലം കൂടാതെ പിടിച്ചെടുത്തു കൃഷിക്കായി കൃഷിക്കാർക്കു കൊടുക്കണമെന്നതു് കമ്മ്യൂണിസ്റ്റുകാരുടെ അടിയന്തിരാവശ്യങ്ങളിലൊന്നാണു്. അതുപോലെതന്നെ വ്യവസായങ്ങൾ ദേശീയവൽക്കരിക്കുന്നതിലും, മററു ജന്മിമുതലാളിവർഗ്ഗങ്ങളെപ്പോലെതന്നെ, ദേവസ്വങ്ങളേയും പള്ളികളേയും മററു സ്ഥാപനങ്ങളേയും കണക്കാക്കണമെന്നു് കമ്മ്യൂണിസ്റ്റ് പാർട്ടി ആവശ്യപ്പെടുന്നു."

കമ്മ്യൂണിസ്റ്റ് പാർട്ടിക്കു സംഘടിതമതങ്ങളുടെയെല്ലാം നായകന്മാർ ശത്രുക്കളാണെന്നു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതു് അതിലെ മുൻപ്രസ്താവനകൾക്കു കടകവിരുദ്ധമാണെന്നു ഞങ്ങൾ തെളിയിക്കാം. മതസ്ഥാപനങ്ങളും അവയുടെ നായകന്മാരും, ജന്മിമുതലാളികളാണെന്നും മററുമുള്ള പ്രസ്താവത്തിൽ വലിയ ആശയക്കുഴപ്പമുണ്ടെന്നും തെളിയിക്കാം.

## സംഘടിതമതം എന്തുകൊണ്ടു പാടില്ല?

"ഓരോ പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കാനുള്ള അവകാശം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള എല്ലാ ഭരണകൂടങ്ങളും അവയുടെ മൗലികാവകാശപ്രഖ്യാപനങ്ങളുടെ കൂട്ടത്തിൽ അംഗീകരിച്ചിട്ടുണ്ടു്" എന്നാണല്ലോ പ്രസ്താവനയുടെ ആദ്യഭാഗത്തു പറഞ്ഞിട്ടുള്ളതു്. ഇതു ഞങ്ങൾ മുന്നൊരു ലേഖനത്തിൽ ഉദ്ധരിക്കുകയും അതിൻെറ യാഥാർത്ഥ്യം എത്രത്തോളമുണ്ടെന്നു വിശദീകരിക്കുകയും ചെയ്തിട്ടുള്ളതാണു്. ഓരോ പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കാനുള്ള അവകാശം കമ്മ്യൂണിസ്റ്റ് പാർട്ടി എവിടെയും അംഗീകരിക്കുന്നുണ്ടെന്നു വാദത്തിനുവേണ്ടി ഇവിടെ സമ്മതിച്ചുകൊള്ളുന്നു. സമ്മതിച്ചശേഷം ഞങ്ങൾക്കു ചോദിക്കുവാനുള്ളതു്, എന്നാൽ പിന്നെ സംഘടിതമതങ്ങളെ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിക്കാത്തതു് എന്തുകൊണ്ടെന്നാണു്. ആദ്യത്തേതു് അംഗീകരിക്കുകയും രണ്ടാമത്തേതു് അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതിൽ പരസ്പരവൈരുദ്ധ്യമില്ലയോ? ഓരോ പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കാൻ അവകാശമുണ്ടെങ്കിൽ അങ്ങനെ സ്വീകരിക്കുന്ന പൗരന്മാർക്കെല്ലാവർക്കുംകൂടി മതത്തിൻെറ നാമത്തിൽ സംഘടിക്കുവാനും അവകാശമുണ്ടായിരിക്കണമല്ലോ. സംഘടിതമതം എന്നതിനു് മതവിശ്വാസികളുടെ സംഘടനയെന്നല്ലാതെ മറെറന്താണർത്ഥം? സംഘടിക്കുവാനുള്ള അവകാശം മൗലികാവകാശങ്ങളുടെ ഗണത്തിൽ പെടുന്നതല്ലയോ? ഈ അവകാശത്തിനുവേണ്ടി മററാരേയുംകാൾ വാദകോലാഹലം നടത്തുന്നതു് എവിടെയും കമ്മ്യൂണിസ്റ്റ് പാർട്ടിതന്നെയല്ലയോ? തൊഴിലാളികൾക്കു സംഘടിക്കുവാനുള്ള അവകാശത്തിനുവേണ്ടി വാദിക്കുന്നവരുടെ കൂട്ടത്തിൽ വലിയ ഒച്ചപ്പാടുണ്ടാക്കുന്നതു് കമ്മ്യൂണിസ്റ്റ് പർട്ടി യല്ലയോ? ഓരോ പൗരനും ഇഷ്ടമുള്ള തൊഴിൽ സ്വീകരിക്കുവാൻ അവകാശമുള്ളതുകൊണ്ടു്, പ്രസ്തുതാവകാശത്തിൻെറ സുരക്ഷിതത്വത്തിനുവേണ്ടി തൊഴിലാളികൾക്കു സംഘടിക്കുവാൻ അവകാശമുണ്ടായിരിക്കണമെന്നല്ലയോ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെതന്നെയും സംഘടനാവകാശവാദത്തിൽ അടങ്ങിയിരിക്കുന്ന യുക്തി? തൊഴിലിൻെറ കാര്യത്തിൽ ഈ യുക്തി ശരിയാണെങ്കിൽ, മതത്തിൻെറ കാര്യത്തിൽ എന്തുകൊണ്ടു് അതു ശരിയാകയില്ല? തൊഴിലാളിക്കു തൊഴിൽസംബന്ധമായ അവൻെറ അവകാശം സുരക്ഷിതമാക്കുവാൻ സംഘടന ആവശ്യമാണെങ്കിൽ, മതവിശ്വാസിക്കു് അവൻെറ മതപരമായ അവകാശങ്ങളെ സുരക്ഷിതമാക്കുവാൻ സംഘടന ആവശ്യമല്ലയോ? മാത്രമല്ല, മതവിശ്വാസിക്കു കൂടുതൽ ന്യായത്താൽ സംഘടന ആവശ്യമല്ലയോ? ഇന്നത്തെ രാഷ്ട്രങ്ങൾ ഭൗതികരാഷ്ട്രങ്ങളായിരിക്കണമെന്നാണല്ലോ സ്വീകൃതമായ അഭിപ്രായം. ഭൗതികരാഷ്ട്രങ്ങളുടെ ചുമതല പൗരസഞ്ചയത്തിൻെറ ഈലോകജീവിതം ക്ഷേമകരമാക്കുക എന്നതാകയാൽ, തൊഴിലാളികളുടെ തൊഴിൽസംബന്ധമായ അവകാശങ്ങളെ സുരക്ഷിതങ്ങളാക്കുവാൻ ആ രാഷ്ട്രങ്ങൾ വേണ്ടതെല്ലാം ചെയ്യുമെന്നു തീർച്ചയാണു്; ചെയ്യുന്നുമുണ്ടു്. നേരേമറിച്ചു്, പൗരസഞ്ചയത്തിൻെറ മതകാര്യങ്ങളിൽ ഭൗതികരാഷ്ട്രങ്ങൾ ഇടപെടുകയില്ല. ക്രമസമാധാനങ്ങളുടെ പാലനം ആവശ്യമായിരിക്കുന്നിടത്തോളമല്ലാതെ, പൗരസഞ്ചയത്തിൻെറ മതപരമായ അവകാശങ്ങളുടെ കാര്യത്തിൽ ആ രാഷ്ട്രങ്ങൾ ഒരു സഹായവും ചെയ്യുകയില്ല. തന്മൂലം മതവിശ്വാസികൾക്കു് അവരുടെ മതപരമായ അവകാശങ്ങൾ സുരക്ഷിതങ്ങളായി കിട്ടണമെങ്കിൽ അതിനുള്ള ഏകമാർഗ്ഗം സംഘടനയാണെന്നു പറയാം. എന്നിരിക്കെ, മതവിശ്വാസികൾക്കു സംഘടിക്കാൻ പാടില്ലെന്നു പറയുന്നതിൻെറ അർത്ഥം, ഫലത്തെ സംബന്ധിച്ചിടത്തോളം പൗരന്മാർക്കു മതവിശ്വാസംതന്നെ പാടില്ലെന്നായിരിക്കും. ഇങ്ങനെ ആലോചിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഓരോ പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കുവാനുള്ള അവകാശം അംഗീകരിക്കുകയും അതേസമയംതന്നെ മതപരമായി അവർക്കു സംഘടിക്കുവാനുള്ള അവകാശം അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതു്, ഒരു കൈകൊണ്ടു കെട്ടിപ്പൊക്കുന്നതു് മറേറകൈകൊണ്ടു ഇടിച്ചുപൊളിക്കുന്നതുപോലെ ആകുന്നില്ലയോ? ആകയാൽ സംഘടിതമതങ്ങളും അവയുടെ നായകന്മാരും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശത്രുക്കളാണെന്നു പ്രസ്താവനയുടെ രണ്ടാംഭാഗത്തു പറയുകയും, ഓരോ പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കാനുള്ള അവകാശം കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിച്ചിട്ടുണ്ടെന്നു പ്രസ്താവനയുടെ ആദ്യഭാഗത്തു പറയുകയും ചെയ്തിരിക്കുന്നതിൽ ഏററവും പ്രത്യക്ഷമായ പരസ്പരവൈരുദ്ധ്യമില്ലയോ?

## മതസ്ഥാപനങ്ങളുടെ സ്വത്തു പിടിച്ചെടുക്കുന്നതു്

പ്രസ്താവനയുടെ ആരംഭത്തിൽ ഇങ്ങനെയും പറഞ്ഞിട്ടുണ്ടല്ലോ:

"സോവ്യററ് യൂണിയനിൽ മതസ്ഥാപനങ്ങൾക്കു് അവയുടെ മതപരമായ ചടങ്ങുകൾ നിറവേററാനാവശ്യമായ പല സൗകര്യങ്ങളും നൽകീട്ടുണ്ടു്." "മതവിശ്വാസികളായ തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഇടത്തരക്കാരുടേയും മതപരമായ വികാരങ്ങളെ വേദനപ്പെടുത്താതെ"യുള്ളതാണു് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രായോഗികപരിപാടി.

മതപരമായ ചടങ്ങുകൾ നിറവേററുവാൻ മതസ്ഥാപനങ്ങൾക്കാവശ്യമായ സൗകര്യങ്ങളെന്നു പറയുന്നതു് എന്തൊക്കെയാണു്? ഉദാഹരണമായി, കത്തോലിക്കരുടെ കാര്യമെടുക്കാം. അവർക്കു് പള്ളികൾ വേണം; കെട്ടിടവും അതിരിക്കുന്ന സ്ഥലവും. മതപരമായ ചടങ്ങുകൾ നിറവേററുന്ന ആളുകൾ വേണം; വൈദികരും അവരെ സഹായിക്കുന്നവരും. മതപാഠങ്ങൾ കുട്ടികളേയും മുതിർന്നവരേയും പഠിപ്പിക്കുവാൻ സ്കൂളുകൾ വേണം; അതിനുള്ള കെട്ടിടങ്ങളും സ്ഥലങ്ങളും സാധനസാമഗ്രികളും പഠിപ്പിക്കുവാൻ അദ്ധ്യാപകരും. ഇവയ്ക്കുപുറമേ പത്രങ്ങൾ, മാസികകൾ, ഗ്രന്ഥങ്ങൾ മുതലായവയും, റേഡിയോ തുടങ്ങിയുള്ള വിജ്ഞാനപ്രചരണത്തിൻെറ ആധുനികങ്ങളായ ഉപകരണങ്ങളും വേണം. ഇപ്പറഞ്ഞവകളെല്ലാം പണംകൂടാതെ സാധിക്കുന്നവയല്ലല്ലോ. ഒരു ഇടവകയിൽത്തന്നെ എത്രമാത്രം പണമുണ്ടായാലാണു് ഇവയെല്ലാം സാധിക്കുക? ഇടവകകൾ എണ്ണത്തിലും വണ്ണത്തിലും വർദ്ധിക്കുന്തോറും ആവശ്യകമായ പണത്തിൻെറ തുകയും ഭീമമായി വർദ്ധിച്ചുകഴിയും. സ്ഥലങ്ങൾ വാങ്ങുക, കെട്ടിടങ്ങൾ പണിയുക, സാധനസാമഗ്രികൾ സജ്ജീകരിക്കുക. മുതലായ പ്രാരംഭചിലവുകൾ വഹിച്ചശേഷം, സ്ഥാപനങ്ങളുടെ അന്നന്നുള്ള നടത്തിപ്പിനുവേണ്ടിവരുന്ന ഭീമമായ ചിലവുകളും വഹിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള വകകൾ ശേഖരിച്ചു് പണമായി സൂക്ഷിക്കുന്നതിനുപകരം ആദായം പുറപ്പെടുവിക്കുന്ന നിലങ്ങളും പുരയിടങ്ങളുമായി സൂക്ഷിക്കുന്നതായിരിക്കുമല്ലോ കൂടുതൽ പ്രായോഗികവും കാര്യക്ഷമവും. ഇക്കാരണത്താലാണു് പള്ളികളും അവയുടെ വകയായ മററു പരോപകാരസ്ഥാപനങ്ങളും സ്ഥാവരവസ്തുക്കൾ പിടിക്കുകയും കൈവശം വയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതു്. ഈവിധം വീക്ഷിക്കുമ്പോൾ സംഘടിത മതസ്ഥാപനങ്ങളുടെ സ്വത്തുക്കൾ "മതപരമായ ചടങ്ങുകൾ നിറവേററാനാവശ്യമായ സൗകര്യങ്ങൾ" മാത്രമാണെന്നു കാണാം. അങ്ങനെയിരിക്കെ "പള്ളികളുടേയും മതസ്ഥാപനങ്ങളുടേയും വകയായ ഭൂമിമുഴുവൻ മററുജന്മികളുടെ ഭൂമിയെപ്പോലെ പ്രതിഫലംകൂടാതെ പിടിച്ചെടുക്കുക കമ്മ്യൂണിസ്റ്റുകാരുടെ അടിയന്തിരാവശ്യങ്ങളിലൊന്നാണു്" എന്നു പ്രസ്താവനയിൽ പറയുന്നതിൻെറ അർത്ഥമെന്തു? മതസ്ഥാപനങ്ങൾക്കു് അവയുടെ മതപരമായ ചടങ്ങുകൾ നിറവേററാനാവശ്യമായ സൗകര്യങ്ങൾ നൽകുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറില്ലെന്നല്ലയോ? അങ്ങനെയെങ്കിൽ പ്രസ്തുത സൗകര്യങ്ങൾ പലതും കമ്മ്യൂണിസ്റ്റ് പാർട്ടി നൽകുവാൻ തയ്യാറാണെന്നും, സോവ്യററുയൂണിയനിൽ പോലും അപ്രകാരമാണു് ചെയ്തുപോരുന്നതെന്നും പ്രസ്താവനയുടെ ആദ്യഭാഗത്തു പറഞ്ഞിട്ടുള്ളതിൽ വല്ല യാഥാർത്ഥ്യവുമുണ്ടോ? രണ്ടു പ്രസ്താവങ്ങളും പരസ്പരവിരുദ്ധങ്ങളല്ലയോ?

## മതസ്ഥാപനങ്ങൾ ജന്മിമുതലാളികളാണോ?

"പള്ളികളുടേയും മതസ്ഥാപനങ്ങളുടേയും വകയായ ഭൂമി മുഴുവൻ മററു ജന്മികളുടെ ഭൂമിയെപ്പോലെ പ്രതിഫലം കൂടാതെ പിടിച്ചെടുത്തു കൃഷിക്കായി കൃഷിക്കാർക്കു കൊടുക്കണമെന്നുള്ള "കമ്മ്യൂണിസ്റ്റുകാരുടെ പരിപാടിയിൽ ഭീമമായ ആശയക്കുഴപ്പം അടങ്ങിയിട്ടുണ്ടു്. ഒന്നാമതായി, ജന്മി എന്നപദത്തിൻെറ സ്വീകൃതമായ അർത്ഥത്തിൽ, ഭൂമി ഉടമയുള്ള മതസ്ഥാപനങ്ങൾ ജന്മികളാണോ? വളരെ ഭൂമി സ്വന്തം ഉടമയിൽ വച്ചുകൊണ്ടിരിക്കുന്നതിനുപുറമേ, ആദായമോഹത്താൽമാത്രം പ്രേരിതരായി പാട്ടത്തിനും വാരത്തിനും മററും അന്യന്മാരെ ആ ഭൂമികൾ ഏല്പിക്കുന്നവരെന്നാണല്ലോ ജന്മി എന്ന പദത്തിൻെറ സ്വീകൃതമായ അർത്ഥം. ഭൂമികൾ സ്വന്തം ഉടമയിൽ വച്ചുകൊണ്ടിരിക്കുന്ന മതസ്ഥാപനങ്ങൾ അവയെ കൃഷിക്കായി മററുള്ളവരെ ഏല്പിക്കുന്നുണ്ടെങ്കിൽ അതിനുള്ള പ്രേരണ ആദായമോഹമല്ല, പ്രത്യുത സേവനതല്പരതയാണു്. മുകളിൽ പറഞ്ഞതുപോലെ പള്ളികളും മററു മതസ്ഥാപനങ്ങളും അവയുടെ മതപരമായ ചടങ്ങുകൾ നിറവേററാനാവശ്യമായ സൗകര്യങ്ങൾക്കുവേണ്ടിമാത്രമാണു് ഭൂമികൾ സ്വന്തം ഉടമയിൽ വച്ചിരിക്കുന്നതും കൃഷിക്കായി മററുള്ളവരെ ഏല്പിക്കുന്നതും. മാത്രമല്ല പള്ളികളുടേയും മററു മതസ്ഥാപനങ്ങളുടേയും "നായകന്മാർ" പ്രസ്തുത ഭൂമികളുടെ ആദായം അവരുടെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടിയല്ല, പ്രത്യുത മതവിശ്വാസികളായ ബഹുജനങ്ങളുടെ മതപരമായ ചടങ്ങുകൾ നിറവേററാൻ വേണ്ടിയാണു വിനിയോഗിക്കുന്നതു്. തന്മൂലം ഭൂമി ഉടമയുള്ള പള്ളികളേയും മററു മതസ്ഥാപനങ്ങളേയും "മററു ജന്മികളെപ്പോലെ" ഗണിക്കുന്നതിൽ തീർച്ചയായും ആശയക്കുഴപ്പമില്ലയോ? ഈ ആശയക്കുഴപ്പം മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്നതു പ്രസ്താവനയിലെ താഴെക്കാണുന്ന വാക്കുകളിലാണു്:

"ഇവരുടെ (പള്ളികളുടേയും മററും) കീഴിലുള്ള കുടിയാന്മാർ, കുടികിടപ്പുകാർ, കാർഷികതൊഴിലാളികൾ മുതലായ പാവപ്പെട്ടവർ കഞ്ഞികുടിക്കാൻ ഗ

തിയില്ലാതെ അലഞ്ഞുതിരിയുമ്പോൾ ദൈവത്തിന്റെ പ്രതിപുരുഷന്മാരെന്നു പറയപ്പെടുന്ന പുരോഹിതന്മാർ സദ്യയും ഡിന്നറും കഴിച്ചും പായസവും കള്ളും കുടിച്ചും കിടന്നു കൂത്താടുകയാണ്." പുരോഹിതന്മാരെപ്പററിയുള്ള സാമാന്യമായ ഈ ദോഷാരോപണം അതർഹിക്കുന്ന അവജ്ഞയോടുകൂടി തൽക്കാലം വിസ്മരിച്ചുകൊണ്ട് പ്രസ്താവത്തിലടങ്ങിയിരിക്കുന്ന ഭീമമായ ആശയക്കുഴപ്പത്തെപ്പററി ചിന്തിക്കാം. പള്ളികളുടേയും മററു മതസ്ഥാപനങ്ങളുടേയും സ്വത്തുക്കൾ അവരുടെ കീഴിലുള്ള കുടിയാന്മാരുടേയും കുടികിടപ്പുകാരുടേയും കാർഷികതൊഴിലാളികൾ മുതലായ പാവപ്പെട്ടവരുടേയും ഭൗതികമായ ദുരിതങ്ങൾക്കു പരിഹാരമുണ്ടാക്കുവാനുള്ള മാർഗ്ഗമാണെന്നു കമ്മ്യൂണിസ്റ്റ് പാർട്ടി ധരിച്ചുവച്ചിരിക്കുന്നതിലാണ് ആശയക്കുഴപ്പം കിടക്കുന്നതു്. ഭൗതികമാത്രമായ ജീവിതമല്ലാതെ മറെറാന്നും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വീക്ഷണകോണത്തിൽ ഉൾപ്പെടാത്തതു സഹജമാണെന്നു സമ്മതിക്കാം. എന്നാൽ ആ തോതുവച്ച് പള്ളികളുടേയും മതസ്ഥാപനങ്ങളുടേയും നടപടികളെ അളക്കുന്നതു് ഏററവും വലിയ അബദ്ധമല്ലയോ? പള്ളികളും മററു മതസ്ഥാപനങ്ങളും അവയുടെ സ്വഭാവത്താൽ തന്നെ മനുഷ്യരുടെ ഭൗതികമായ ആവശ്യങ്ങൾ നിറവേററുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയല്ല. അവയുടെ ഉദ്ദേശം മനുഷ്യരുടെ ആദ്ധ്യാത്മികമായ ആവശ്യങ്ങൾ നിറവേററുകയാണ്. പള്ളികൾക്കും മററു മതസ്ഥാപനങ്ങൾക്കും കൈവശം വന്നിട്ടുള്ള സ്വത്തുക്കളധികവും മതവിശ്വാസികളുടെ വഴിപാടുകളുടേയും സംഭാവനകളുടേയും മററും ഫലമാണ്. അവയെല്ലാം ആദ്ധ്യാത്മികമായ ആവശ്യങ്ങൾക്കായി വിനിയോഗിക്കണമെന്നാണ് ദാതാക്കളുടെ നിശ്ചയംതന്നെ. ആകയാൽ ആവക സ്വത്തുക്കൾ കുടിയാന്മാരുടേയും കുടികിടപ്പുകാരുടേയും കാർഷികതൊഴിലാളികൾ മുതലായ പാവപ്പെട്ടവരുടേയും ഭൗതികമായ ദുരിതങ്ങൾ പരിഹരിക്കുവാൻ വിനിയോഗിക്കുന്നതു് ഉദ്ദിഷ്ടത്തെ ബലികഴിക്കുന്ന വലിയ കൃത്യവിലോപംതന്നെയായിരിക്കും. കാര്യം കാണുവാൻ എന്തും ചെയ്യാമെന്നുള്ള തത്വം സന്മാർഗ്ഗപ്രമാണമായി സ്വീകരിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് ഈ കൃത്യവിലോപത്തിന്റെ ഹീനത്വം ഗ്രഹിക്കുവാൻ സാദ്ധ്യമല്ലെന്നേയുള്ളൂ. പള്ളികളും മതസ്ഥാപനങ്ങളും പാവങ്ങളുടെ ഭൗതികമായ ദുരിതനിവാരണത്തിനു യാതൊന്നും ചെയ്യുന്നില്ലെന്നുള്ള പ്രസ്താവനയിലെ സൂചന തികച്ചും അസത്യമാണെന്നും പറയേണ്ടിയിരിക്കുന്നു. ഈ ദുരിതനിവാരണം ആദ്ധ്യാത്മികജീവിതത്തിന്റെ കർത്തവ്യങ്ങളിൽ ഒന്നായതുകൊണ്ട് അക്കാര്യത്തിനായും പള്ളികളുടേയും മററു മതസ്ഥാപനങ്ങളുടേയും സ്വത്തുക്കളിൽ ഒരു ഭാഗം വിനിയോഗിക്കപ്പെടുന്നുണ്ടെന്നുള്ളതു് ആർക്കാണു നിഷേധിക്കുവാൻ കഴിയുക? മാത്രമല്ല പള്ളികളുടെ വകയായ മതസ്ഥാപനങ്ങളിൽ വലിയൊരുഭാഗം പാവങ്ങളുടെ നാനാതരങ്ങളായ ദുരിതങ്ങളെ നിവാരണം ചെയ്യുവാൻ പ്രത്യേകം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും പ്രസ്തുത ഉദ്ദേശം സഫലമായി സാധിച്ചുപോരുന്നുണ്ടെന്നും പ്രസിദ്ധമല്ലയോ? ഏതു രാജ്യത്തുമുള്ള ദുരിതനിവാരണകേന്ദ്രങ്ങൾ, അനാഥശാലകൾ, അഗതിമന്ദിരങ്ങൾ, കുഷ്ഠരോഗാസ്പത്രികൾ, മററാസ്പത്രികൾ മുതലായവ പ്രധാനമായി പള്ളികളുടേയും മററു മതസ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിലും ചിലവിലും നടത്തിപ്പിലും ഉള്ളവയാണെന്നു ആരെയെങ്കിലും പറഞ്ഞറിയിക്കേണ്ട ആവശ്യമുണ്ടോ?

ഇപ്രകാരം പരസ്പരവൈരുദ്ധ്യവും ആശയക്കുഴപ്പവും അസത്യസൂചനയും നിറഞ്ഞ പ്രസ്താവനകളോടുകൂടിയാണ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കേരളക്കമ്മിററി സംഘടിതമതങ്ങളോടുള്ള തങ്ങളുടെ ശത്രുതയെ വമിച്ചിരിക്കുന്നതു്. ഈ ശത്രുത "മതവിശ്വാസികളായ തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഇടത്തരക്കാരുടേയും മതപരമായ വികാരങ്ങളെ വേദനപ്പെടുത്താതെ" പ്രയോഗത്തിൽ വരുത്താമെന്നുള്ള കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വാഗ്ദാനം അവരുടെ ബുദ്ധിയെ മാത്രമല്ല, പരമാർത്ഥതയേയും ചോദ്യംചെയ്യുവാൻ പര്യാപ്തമാണ്.

## പ്രസാധകക്കുറിപ്പുകൾ

### ദൈവവിളി വർദ്ധിക്കുന്നതിനായി

വൈദികജീവിതത്തിലേക്കും സന്യാസജീവിതത്തിലേക്കുമുള്ള ദൈവവിളി വർദ്ധിക്കുന്നതിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്നുള്ളതാണ് ജപാപ്പോസ്തോലസഖ്യത്തിന്റെ ഏപ്രിൽമാസത്തിലെ പൊതുനിയോഗം. സഭയുടെ സുസ്ഥിതിക്കും അഭിവൃദ്ധിക്കും വൈദികരും സന്യാസികളും ആവശ്യമാണെന്നുള്ളതു തീർച്ചയാണല്ലോ. വൈദികരുടെ കുറവുനിമിത്തം വികാരിമാർ ഇല്ലാത്ത ഇടവകകൾ ഇന്നു ഫ്രാൻസിൽപ്പോലുമുണ്ടെന്നു് വൃത്താന്തപത്രങ്ങളിൽ കാണുന്നു. അങ്ങനെയെങ്കിൽ മിഷൻരാജ്യങ്ങളുടെ സ്ഥിതി പറയണമോ? വൈദികർ ഇല്ലാത്തതിനാൽ വിശ്വാസികൾ ആത്മീയശുശ്രൂഷ ലഭിക്കാതെ ജീവിക്കുന്നതിനു് ഇടവരുന്നതു ശോചനീയംതന്നെ. ലോകത്തിലാകപ്പാടെ നോക്കിയാൽ വൈദികരുടേയും സന്യാസികളുടേയും സംഖ്യ കുറഞ്ഞിട്ടില്ലെങ്കിലും, ചില പ്രത്യേകരാജ്യങ്ങളിലും സ്ഥലങ്ങളിലും കുറഞ്ഞിട്ടുണ്ടെന്നുമാത്രമേ ഇവിടെ വിവക്ഷയുള്ളൂ. എങ്ങനെയായാലും, വൈദികരും സന്യാസികളും ഉത്തമജീവിതം നയിക്കുന്നതിനുവേണ്ടിമാത്രമല്ല, ഏവംവിധം സഭാസേവനത്തിനു സ്വയം പ്രതിഷ്ഠിക്കുന്നവരുടെ സംഖ്യ വർദ്ധിക്കുന്നതിനുവേണ്ടിക്കൂടി പ്രാർത്ഥിക്കേണ്ടതു നമ്മുടെ ചുമതലയാണ്. "അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെട്ടവനല്ലാതെ ഒരുവനും (ഈ) ബഹുമാനം സ്വയമേ സ്വീകരിക്കുന്നില്ല" (എബ്രായ 5,4) എന്നാണല്ലോ വിശുദ്ധലിഖിതം സാക്ഷിക്കുന്നതു്. ദൈവത്താൽ വിളിക്കപ്പെടുന്നവർക്കു്, ആ സ്വരം ശ്രവിച്ചു അതിനെ പിഞ്ചെല്ലുന്നതിനുവേണ്ട സന്നദ്ധതയുണ്ടാകുന്നതിനും ശക്തിയും ധൈര്യവും ലഭിക്കുന്നതിനുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം. ഭൗതികത്വത്തിന്റെ വിഷമയമായ കാററു് മരുവഴിക്കു വീശുന്നതിനാൽ താദൃശമായ പ്രാർത്ഥന ഇന്നത്തെ സാഹചര്യങ്ങളിൽ ഏററവും ആവശ്യമായിരിക്കുന്നു. ബർമ്മായിലേയും സിലോണിലേയും മിഷൻ പ്രവർത്തനങ്ങളുടെ വികസനമാണ് ഈ മാസത്തെ മിഷൻനിയോഗം.

### സമ്മർസ്കൂൾ

തൃശ്ശൂർവച്ച് അടുത്തുതന്നെ നടത്തുവാൻപോകുന്ന സമ്മർസ്കൂളിന്റെ വിജ്ഞാപനം അന്യത്ര ചേർത്തിരിക്കുന്നതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അഖിലകേരളകത്തോലിക്കാകോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1949 മേയ് 7-ാം നു- മുതൽ 11-ാം നു-വരെ തേവര സേക്രഡ്ഹാർട്ട് കോളെജിൽവച്ചും ഒരു സമ്മർസ്കൂൾ നടത്തുന്നതാണെന്നു അറിവായിരിക്കുന്നു. സഭാശത്രുക്കൾ "സമയത്തും അസമയത്തും" സുസംഘടിതമായ രീതിയിൽ അദ്ധ്യയനക്ലാസുകൾ നടത്തുന്ന ഒരു കാലമാണിതു്. "ഇരുളിന്റെ മക്കൾ പ്രകാശത്തിന്റെ മക്കളെക്കാൾ ബുദ്ധിയുള്ളവരാകുന്നു" എന്നുള്ള ദിവ്യരക്ഷകന്റെ പ്രസ്താവം എത്ര അർത്ഥവത്തായിരിക്കുന്നു! ക്രിസ്തുവിന്റെ ദിവ്യപ്രബോധനങ്ങളുടെ വെളിച്ചംകൊണ്ടു് നാലുപാടും പ്രകാശമാനമാക്കുന്നതിനു ബാദ്ധ്യസ്ഥരായ നാം ഇത്തരുണത്തിൽ അലസരായി വർത്തിക്കുന്നെങ്കിൽ അതു് ഏററവും വലിയ കൃത്യവിലോപമായിരിക്കും. സ്വന്തം വിശ്വാസം ഉദ്ധവത്താക്കുന്നതിനും, ആ വിശ്വാസത്തിന്റെ ആധാരം എന്തെന്നു മററുള്ളവരെ പറഞ്ഞുമനസ്സിലാക്കുന്നതിനു വേണ്ട കഴിവു് നമുക്കു കൈവരുന്നതിനും നമ്മുടെ മതതത്വങ്ങൾ നാം കൂലങ്കഷമായി പഠിച്ചു മനസ്സിലാക്കണം. "വിജ്ഞാനം വഴി വിശ്വാസം സംജാതമാകയും പരിപുഷ്ടമാകയും ദൃഢീകൃതമാകയും ചെയ്യുന്നു" എന്നുള്ള ലെയോ 13-ാമൻ മാർപ്പാപ്പായുടെ വാക്കുകൾ (Enc. Aeterni Patris) ഇത്തരുണത്തിൽ സ്മരണീയമാണു്. ആകയാൽ, വേദാദ്ധ്യയനസമിതികളുടെ ആവശ്യകതയും പ്രാധാന്യവും നല്ലപോലെ മനസ്സിലാക്കി, സമ്മർസ്കൂളുകളിൽ പങ്കെടുത്തു സഭാസേവനം നിർവ്വഹിക്കുന്നതിനു സന്നദ്ധരാകാൻ എല്ലാ കത്തോലിക്കായുവാക്കന്മാരേയും ഞങ്ങൾ ആഹ്വാനംചെയ്തുകൊള്ളുന്നു.

### സൗജന്യവിതരണഫണ്ട്

സൗജന്യമായി സത്യദീപം അയച്ചുകൊടുക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് അകത്തോലിക്കരുടെ കത്തുകൾ അനുദിനമെന്നോണം ഞങ്ങൾക്കു ലഭിക്കുന്നുണ്ടു്. ഫണ്ടു നേരത്തെതന്നെ തീർന്നിരിക്കുന്നതിനാൽ തൽക്കാലം ആർക്കും അയച്ചുകൊടുക്കുന്നതിനു നിവൃത്തിയില്ല. ഇപ്പോൾതന്നെ ഏതാനുംപേർക്കു അയക്കുന്നതു ഫണ്ടുണ്ടായിട്ടല്ല, സംഭാവനകൾ ലഭിക്കുമ്പോൾ കടം നികത്താമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ്. ഉദാരമതികളായ കത്തോലിക്കർ ഇത്തരുണത്തിൽ മുന്നോട്ടുവന്നു് സൗജന്യവിതരണഫണ്ടിനെ പുഷ്ടിപ്പെടുത്താൻ സഹായിക്കയാണെങ്കിൽ അതു വിശിഷ്ടമായ ഒരു പരോപകാരപ്രവൃത്തിയായിരിക്കും. ആറു രൂപ അയച്ചുതന്നാൽ ഒരു കൊല്ലത്തേക്കു ഒരകത്തോലിക്കാവ്യക്തി നിങ്ങളുടെ ഔദാര്യത്തിന്റെ ഫലം അനുഭവിക്കുന്നതായിരിക്കും. സാമ്പത്തികവിഷമതകളെ നേരിട്ടുകൊണ്ടാണ് തുച്ഛമായ വിലക്കു സത്യദീപം ഞങ്ങൾ വിററുവരുന്നതു്. ആ സ്ഥിതിക്കു സൗജന്യവിതരണം നടത്തണമെങ്കിൽ മാന്യമഹാജനങ്ങളുടെ സഹകരണം കൂടാതെ നിവൃത്തിയില്ല.

### അഭിനന്ദനീയം

സത്യദീപത്തിന്റെ സൗജന്യവിതരണം എത്ര അഭിനന്ദനീയമായിരിക്കുമെന്നു മനസ്സിലാക്കുന്നതിനു കങ്കനാടി (മംഗളൂർ) യിലെ കുഷ്ഠരോഗാസ്പത്രിയിലെ അക്രൈസ്തവനായ ഒരു അന്തേവാസി ഞങ്ങൾക്കയച്ച ഒരു കത്തു് ഉദ്ധരിക്കാം: "മാന്യ മഹാശയ! അങ്ങു് സദയം അയച്ചുതന്ന നാലുലക്കം "സത്യദീപം" ഇവിടെ കിട്ടി; നിർവ്യാജമായ നന്ദി പറഞ്ഞുകൊള്ളുന്നു. മലയാളികളായ ഞങ്ങൾക്കു അങ്ങയുടെ വിലയേറിയ ദാനം എത്രമാത്രം അനുഗ്രഹപ്രദമാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. സത്യദീപത്തിന്റെ ആദർശനിഷ്ഠ സ്തുത്യർഹംതന്നെ. അതിലുള്ള ഓരോ ലേഖനങ്ങളും അനർഘങ്ങളാണ്. ഇന്നത്തെ കാലത്തു ചെറുകഥാസാഹിത്യത്തിനു പ്രചുരമായ പ്രചാരമാണു സിദ്ധിച്ചുകൊണ്ടിരിക്കുന്നതെങ്കിലും, സദാചാരബോധമുള്ളവർക്കു വായിക്കാൻ കൊള്ളാവുന്നവയല്ല ഇന്നത്തെ മിക്ക ചെറുകഥകളുമെന്നു് ഈയുള്ളവനു പലപ്പോഴും തോന്നിയിട്ടുണ്ടു്. എന്നാൽ സത്യദീപത്തിൽ കാണുന്ന ചെറുകഥകൾ ആ വിധത്തിലുള്ളവയല്ലെന്നുമാത്രമല്ല, ഭക്തിജനകമായ സദ്വികാരങ്ങളെ ഉത്തേജിപ്പിക്കുന്നവയും ചിലതു് ഇന്നത്തെ സാമൂഹ്യസ്ഥിതിയിലുള്ള അസമത്വത്തെ നിഷ്കളങ്കമായും നിർമ്മത്സരബുദ്ധിയോടുകൂടെയും ഉയർത്തിക്കാണിക്കുന്നവയുമാണെന്നു പറയാനിടയായതിൽ അതിയായ സന്തോഷമുണ്ടു്. മേലിലും സത്യദീപം ഓരോലക്കവും ഞങ്ങൾക്കു ലഭിക്കുമെന്നുള്ള പ്രതീക്ഷയോടും, അതിനുള്ള അപേക്ഷയോടും, ലഭിച്ചതിനു ഒരിക്കൽക്കൂടെ നന്ദി പറഞ്ഞുകൊണ്ടും ഈ കത്തു ഉപസംഹരിക്കുന്നു."



ഈശോ ലാസറിനെ ഉയർപ്പിക്കുന്നതു്

"അവിടുന്നു് ഉയർന്ന സ്വരത്തിൽ വിളിച്ചുപറഞ്ഞു: ലാസറേ പുറത്തുവരിക. അപ്പോൾ മൃതനായിരുന്ന അയാൾ കൈകളും കാലുകളും പ്രേതശീലകളാൽ ബദ്ധനായും, മുഖം തിരശീലയാൽ ആവൃതനായും പുറത്തുവന്നു." (യോഹന്നാൻ 11, 43—44)


# SISTERS OF NAZARETH

A congregation of sisters who follow the active domestic life of Nazareth, and whose distinct aim is the promotion of Catholic domestic culture. The congregation devotes itself entirely to social, domestic and rural uplift works and intends to give our girls suitable training in Home Science, upbringing of children, house-hold duties and cottage industries.

Having as their model and ideal the Good Shepherd, the Sisters conduct a Refuge Home to give shelter to unprotected women, and a child-welfare centre to look after forsaken babies; and a dispensary with maternity ward will be attached to the Institute. A home for those ladies who want to spend a retired life in prayer and solitude, will also be conducted under the auspices of the Sisters.

For further details write to

The Director, The Institute of the Sisters of Nazareth and the House of Refuge, Paduapuram, Karukutty A.O.
Koratty P. O.


## വിജ്ഞാപനം

ഈസ്റ്റർ പ്രമാണിച്ചു് ഓഫീസ് ഒഴിവാകയാൽ അടുത്ത ആഴ്ചയിൽ സത്യദീപമുണ്ടായിരിക്കുന്നതല്ല

പുസ്തകാഭിപ്രായം

## രാഷ്ട്രവും വിദ്യാഭ്യാസവും

(ഗ്രന്ഥകർത്താ: പാപ്പു വി. പരവര, തൃക്കാക്കര, ഇടപ്പിള്ളി. പക്കം 52. വില 12 ണ.)

കത്തോലിക്കാസഭയിലും അതിൻെറ ആദർശങ്ങളിലും തീവ്രമായി വിശ്വസിക്കുന്ന ഒരു യുവഹൃദയത്തിൽനിന്നു ബഹിർഗ്ഗമിച്ചിരിക്കുന്ന പ്രഥമകൃതിയാണു് രാഷ്ട്രവും വിദ്യാഭ്യാസവും. മുഖവുരയിൽ പണ്ഡിതനായ ശ്രീ എ. വി. സെബാസ്റ്റ്യൻ പറയുന്നു: "ഉൽകൃഷ്ടമായ കലാലയബിരുദങ്ങളോ പ്രായത്തികവുകൊണ്ടുള്ള ലോകപരിജ്ഞാനമോ സിദ്ധിക്കാൻ കഴിവായിട്ടില്ലാത്ത ഒരു യുവാവിൻെറ പേനത്തുമ്പിൽനിന്നു നിർഗ്ഗളിച്ച ഇതിലെ മകരന്ദബിന്ദുക്കളുടെ ആസ്വാദനം എന്നെ ആനന്ദിപ്പിക്കുക മാത്രമല്ല അത്ഭുതാധീനനാക്കുകകൂടി ചെയ്യുകയുണ്ടായി."

വിദ്യാഭ്യാസപദ്ധതിയിൽ സന്മാർഗ്ഗോപദേശത്തിനു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടായിരിക്കണമെന്നും കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ മാതാപിതാക്കളുടെ ചുമതലയും അവകാശവും ഒരിക്കലും അവഗണിക്കപ്പെടാവുന്നതല്ലെന്നും രാഷ്ട്രത്തിനുപോലും ആ അവകാശം അപഹരിക്കാൻ അധികാരമില്ലെന്നും തെളിയിക്കുവാനാണു ഗ്രന്ഥകാരൻ പരിശ്രമിച്ചിട്ടുള്ളതു്. വിദ്യാഭ്യാസവിഷയത്തിൽ, വിശിഷ്യ, സർവ്വകലാശാലസ്ഥാപനകാര്യത്തിൽ തിരുസ്സഭ ചെയ്തിട്ടുള്ള സേവനവും ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു്. അവസാനത്തെ നാലു പക്ഷങ്ങളിലായി തിരുസ്സഭയേയും അതിൻെറ സ്ഥാപകനായ ക്രിസ്തുവിനേയും പററി ചില മഹാന്മാർ ചെയ്തിട്ടുള്ള പ്രസ്താവനകൾ ചേർത്തിട്ടുമുണ്ടു്. പുസ്തകത്തിൻെറ അച്ചടി ഭംഗിയാണു്. കവർപേജു് വളരെ ആകർഷകമായിരിക്കുന്നു.

പുസ്തകത്തിൻെറ പ്രാരംഭത്തിലുള്ള സമർപ്പണം വായിക്കുമ്പോൾ എന്തൊരു കഠിനഭാഷയായിരിക്കും പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നതെന്നു ചിലർ ശങ്കിച്ചേക്കുമെങ്കിലും അത്രകണ്ടു ഭയം മുന്നോട്ടുപോകുമ്പോൾ തോന്നുകയില്ല. ഓരോ വാദമുഖത്തിനു നല്കിയിട്ടുള്ള യുക്തികളും ഇടയ്ക്കിടയ്ക്കു ചെയ്തിട്ടുള്ള അനുമാനങ്ങളും ചില ഉപമകളും അത്രഭംഗിയായിട്ടുണ്ടെന്നുപറയുവാൻ വഹിയാ. എന്നുവരികിലും ഉപോദ്ഘാതത്തിൽ ശ്രീ എ. ഡി. ഹരിശർമ്മ പറയുന്നതു്, "പ്രതിപാദനരീതിയുടെ പ്രസന്നതയും ഭാഷയുടെ ലാളിത്യവും പ്രസ്തുതകൃതിയെപ്രത്യേകിച്ചും ആകർഷകമാക്കിത്തീർത്തിട്ടുണ്ടെന്നാണു്. രചന സുന്ദരവും അകൃത്രിമവുമാണെന്നു മാത്രമല്ല പലേടത്തും ഹൃദയസ്പൃക്കവുമാണു്" എന്നു് ശ്രീ എ. വി. സെബാസ്റ്റ്യനും പ്രസ്താവിച്ചിരിക്കുന്നു. ഈ ഉദ്‌ഘോഷങ്ങൾ ഗ്രന്ഥകർത്താവിൻെറ പരിശ്രമങ്ങൾക്കു മതിയായ അനുമോദനമാണല്ലോ. അവതാരികാകാരനായ മോൺ. നടുവത്തുശ്ശേരിയോടുകൂടെ ഈ ചെറുപുസ്തകത്തിൻെറ യുവഗ്രന്ഥകാരനു വിജയഭാവുകങ്ങൾ ആശംസിക്കുന്നു.

T. M.

## പരിണാമസങ്കല്പം

(ഗ്രന്ഥകർത്താ: സി സ്വാമിനാഥൻ, ബി. എ., എൽ. ററി. പേജ് vi + 407, വില 2 ക. 12 ണ. എസ്. എച്ച്. ലീഗ്, ആലുവാ.)

പരിണാമവാദികളുടെ അഭ്യൂഹങ്ങളെ ശാസ്ത്രത്തിൻേറയും അനുഭവത്തിൻേറയും വെളിച്ചത്തിൽ സമർത്ഥമായി പരിശോധനനടത്തുന്ന ഒരു വിശിഷ്ടഗ്രന്ഥമാണു് "പരിണാമസങ്കല്പം". ആധുനികകാലത്തു ശാസ്ത്രലോകം പരിണാമവാദത്തെ ഒരു പ്രവർത്തകസങ്കല്പം (Working Hypothesis) ആയി മാത്രമേ പരിഗണിക്കുന്നുള്ളുവെങ്കിലും, അതു വ്യവസ്ഥാപിതമായ ഒരു ശാസ്ത്രതത്വത്തിൻെറ സ്ഥാനം ചില മലയാളപാഠപുസ്തകങ്ങളിൽ കരസ്ഥമാക്കിയിട്ടുണ്ടു്. അടുത്തകാലത്തുതന്നെ തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്നും "പരിണാമം", "മാനുഷോദയം" എന്ന രണ്ടു ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായിരിക്കുന്നുവെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണു്. അവയിൽ ആദ്യത്തേതിൻെറ കർത്താവു് ഡോക്ടർ കെ. ഭാസ്കരൻ നായർ അവർകളും രണ്ടാമത്തേതിൻെറ കർത്താ: ശ്രീ പി. ബാലകൃഷ്ണപിള്ളയുമാണു്. "പരിണാമം" എന്ന ഗ്രന്ഥം കോളെജുക്ലാസിൽ പാഠ്യപുസ്തകമായി അംഗീകരിക്കപ്പെട്ടിട്ടുകൂടിയുണ്ടു്. മേൽപ്പറഞ്ഞ രണ്ടു ഗ്രന്ഥങ്ങളിൽനിന്നും ശ്രീ കുററിപ്പുഴ കൃഷ്ണപിള്ളയുടെ "നവദർശന"ത്തിൽനിന്നും പല ഭാഗങ്ങളും ഉദ്ധരിച്ചു് "പരിണാമസങ്കല്പ"ത്തിൻെറ കർത്താവു് പണ്ഡിതോചിതമായ രീതിയിൽ വിമർശിച്ചിരിക്കുന്നു.

"പരിണാമം പരമാർത്ഥമാകുന്നു. അതു ഒരു സുസമ്മതമായ ശാസ്ത്രതത്വമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു" എന്നെല്ലാം കൊട്ടിഘോഷിക്കയും അപ്രകാരം പിഞ്ചുബാലന്മാരെ പഠിപ്പിക്കുന്നതിനു മുതിരുകയും ചെയ്യുന്ന പണ്ഡിതമ്മന്യന്മാർ ശ്രീ സ്വാമിനാഥൻ ആവിഷ്കരിക്കുന്ന ന്യായങ്ങൾക്കു നീണ്ടുനിവർന്നുനിന്നു സമാധാനം പറയട്ടെ. അല്ലാതെ, "പരിണാമം പരമാർത്ഥമാകുന്നു" എന്നു പതിനായിരം പ്രാവശ്യം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞതുകൊണ്ടു് പ്രയോജനമില്ല. പരിണാമവാദികൾ ആലംബമായി കരുതുന്ന 4 എല്ലുകഷണങ്ങളെക്കുറിച്ചു് 57 അഭിപ്രായങ്ങളാണുള്ളതെങ്കിൽ (പരിണാമസങ്കല്പം, പേജ് 387) പരിണാമവാദത്തിനു ശാസ്ത്രദൃഷ്ട്യാ എത്രമാത്രം സ്ഥാനം കല്പിക്കാമെന്നുള്ളതു ചിന്ത്യമാണല്ലോ.

പക്ഷെ എല്ലാത്തരം പരിണാമവാദവും നിഷിദ്ധമാണെന്നു ഇവിടെ വിവക്ഷയില്ല. "നാസ്തികപരിണാമം" തീർച്ചയായും നിഷിദ്ധമാണു്. (പരിണാമസങ്കല്പം പേജ് 16) മാത്രമല്ല, സസ്യങ്ങളിൽതന്നെയോ (ഉദാ: പ്രിംറോസ് ചെടി) ജന്തുക്കളിൽതന്നെയോ (കുതിര, കഴുത etc.) ചില പരിണാമങ്ങൾ സംഭവിച്ചിട്ടുണ്ടായിരിക്കാം. പക്ഷെ, "സസ്യങ്ങൾ ജന്തുക്കളായി മറുജന്മം എടുത്തതായി അറിവില്ല. മത്സ്യം ഉഭയജീവിയായി പരിണമിച്ചതായിട്ടോ, വാനരൻ നരനായി മറുരൂപപ്പെട്ടതായിട്ടോ യാതൊരു തെളിവുകളും ഇതേവരെ ലഭിച്ചിട്ടില്ല." (പരിണാമസങ്കല്പം പേജ് 24) പരിണാമസങ്കല്പം രണ്ടു തരത്തിലുള്ളതാകാം. 1 പുരോഗമനപരിണാമം. (Progressive evolution) 2 ആരോഹണപരിണാമം (Ascending evolution). ഇവസംബന്ധിച്ചു് ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നതു് ശ്രദ്ധേയമാണു്: "പുരോഗമനപരിണാമം ജീവതന്ത്രുവിശേഷങ്ങളുടെ പൂർണ്ണവികാസമത്രേ. ഓരോ ജീവിയിലും പല ഗുണങ്ങളും അന്തർഭവിച്ചിട്ടുണ്ടു്. ഈ ഗുണങ്ങളെല്ലാം ഏകകാലത്തു പ്രത്യക്ഷപ്പെട്ടു എന്നുവരികയില്ല. കാലക്രമംകൊണ്ടു് പരിതഃസ്ഥിതികളുടെ പ്രേരണയാലോ മററുവല്ല കാരണങ്ങളാലോ ചില പ്രകടഗുണങ്ങൾ അപ്രത്യക്ഷപ്പെടുകയും ചില അപ്രകടഗുണങ്ങൾ പ്രത്യക്ഷപ്പെടുകയും തദനുസരണമായി രൂപഭേദങ്ങളും മററും സംഭവിക്കുകയും ചെയ്യും. പുരോഗമനത്തിൽ, ഇല്ലാത്ത ഗുണങ്ങൾ ഉണ്ടാകുന്നില്ല. വേണ്ടാത്തതു നശിക്കുകയും അപ്രത്യക്ഷമായിരിക്കുന്നതു പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. പുരോഗമനപരിണാമമെന്നു നാം വ്യാഖ്യാനിക്കുന്നതിൻെറ അർത്ഥം, "ആവശ്യകം എന്നു കാണുന്ന ഗുണങ്ങളുടെ പൂർണ്ണവികസനവും നിരുപയോഗമെന്നോ ഹാനികരമെന്നോ കാണുന്ന ഗുണങ്ങളുടെ നിർമ്മാർജ്ജനവും മാത്രമാകുന്നു. പരിണാമവാദത്തിൻെറ പ്രധാന തെളിവുകളെന്നു വിസ്തരിക്കപ്പെട്ടിട്ടുള്ള സകലദൃഷ്ടാന്തങ്ങളും ഈ വകുപ്പിൽപ്പെട്ടതാകുന്നു...മത്സ്യം തവളയായും, ഗൗളിപക്ഷിയായും, അണ്ഡജം സസ്തനം ആയും രൂപാന്തരപ്പെടാമെങ്കിൽ ആരോഹണപരിണാമം സംഭവിക്കുന്നു എന്നു പറയാം. ഈ സംഭവം നടന്നിട്ടുള്ളതായി യാതൊരു തരത്തിലുള്ള തെളിവും ഇല്ല." (പരിണാമസങ്കല്പം പേജ് 31 & 32)

ഏവംവിധം പരിണാമസിദ്ധാന്തത്തിൻെറ വാദമുഖങ്ങളിൽ സ്വീകാര്യങ്ങളേവയെന്നും ത്യാജ്യങ്ങളേവയെന്നും "പരിണാമസങ്കല്പ"ത്തിൽ സമഗ്രമായി പ്രതിപാദിക്കപ്പെടുന്നു. ഇത്ര അവസരോചിതവും വിജ്ഞാനപ്രദവും പണ്ഡിതോചിതവുമായ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചതിൽ ഗ്രന്ഥകാരനേയും പ്രസാധകരേയും ഞങ്ങൾ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു. ഗ്രന്ഥത്തിലെ ഭാഷ നിർദ്ദോഷവും പ്രതിപാദ്യവിഷയത്തിനു ഏററവും യോജിച്ചതുമാണു്. ഇതു ഒരുശാസ്ത്രീയഗ്രന്ഥമാണെങ്കിലും പ്രതിപാദനരീതി ശുഷ്കമല്ല; ആദ്യന്തം ആസ്വാദ്യമാണു്. "പരിണാമസങ്കല്പ"ത്തിനു എല്ലാവിദ്യാലയങ്ങളിലേയും ഗ്രന്ഥശേഖരത്തിൽ പ്രവേശനം നല്കേണ്ടതാണെന്നു മാത്രമല്ല സാമാന്യജനങ്ങൾകൂടി ഇതു വാങ്ങി വായിക്കേണ്ടതാണു്. ഇംഗ്ലീഷു ഗ്രന്ഥങ്ങളിലുള്ളതുപോലെ അകാരാദി അനുസരിച്ചുള്ള ഒരു വിഷയസൂചി (Alphabetical Index) അടുത്ത പതിപ്പിൽ ചേർക്കുകയാണെങ്കിൽ ഗ്രന്ഥത്തിൻെറ പ്രയോജനം പതിന്മടങ്ങു വർദ്ധിക്കുമെന്നുകൂടി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

P. I. J.

## എൻെറ സമ്പാദ്യം സൂക്ഷിച്ചു വർദ്ധിപ്പിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗം എന്താണു്?

മാസന്തോറും ഒരു ക്ലിപ്തസംഖ്യ മാത്രം വരവുള്ളവർക്കു് അവരുടെ ആയവ്യയക്കണക്കുകൾ ശരിപ്പെടുത്തുന്നതു് ഒരു മുഖ്യപ്രശ്നമായി ഭവിക്കുന്നു. വീട്ടുചിലവുകൾ നിർവ്വഹിച്ച ശേഷം, ഭാവിയിലേക്കു് ഒരു നിശ്ചിത തുക കരുതിവയ്ക്കുന്നതു് എങ്ങിനെ?

ഇന്നു മുതൽ നിങ്ങളുടെ സമ്പാദ്യം സൂക്ഷിച്ചു വർദ്ധിപ്പിക്കുവാൻ എങ്ങിനെ സാധിക്കുമെന്നു് പാലാ സെൻട്രൽ ബാങ്കു് ബ്രാഞ്ചു മാനേജർ സസന്തോഷം പറഞ്ഞു തരും. ഏററവും എളുപ്പ വഴി, ബാങ്കിൽ ഒരു സേവിംഗ്സ് അക്കൌണ്ടു് ആരംഭിക്കുകയാണു്. അക്കൌണ്ടു് തുടങ്ങുവാൻ 5 രൂപാ മാത്രം മതി. പിന്നെ ഒരു രൂപായിൽ കുറയാത്ത ഏതു സംഖ്യ വേണമെങ്കിലും നിക്ഷേപിക്കാം.

സേവിംഗ്സ് അക്കൌണ്ടുകൾ • സ്ഥിരം ഡിപ്പോസിററുകൾ • കറണ്ടു് അക്കൌണ്ടുകൾ • കാഷ് സർട്ടിഫിക്കററുകൾ • കൃഷി, കച്ചവട സംബന്ധമായ കടവായ്പകൾ.




പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

(തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്യപ്പെട്ടതു്. ഓഹരിക്കാരുടെ ബാദ്ധ്യത ക്ലിപ്തം)

ESTD. 1927

പാലാ - തിരുവിതാംകൂർ



ഒടുവിലത്തെ അത്താഴം

"ഇതെൻെറ ശരീരമാകുന്നു......ഇതെൻെറ രക്തമാകുന്നു." (മത്തായി 26, 26-28)

## പുനരുത്ഥാനഗാനം

(വിദ്വാൻ ജോസഫ പള്ളിപ്പാട്ടർ, ഇടപ്പള്ളി)

"ശേലിച്ചുഹവൽമേ" എന്ന ഹിന്ദിവർണ്ണമട്ടു് താളം ആദി.

ലോകൈകഭാഗ്യനാ—! അത്ഭുതസാരാ!
ലോകൈകതാതാ!—ശ്രീയേശുനാഥാ! (ലോ)

1 പുനരൽഭുതാകരാൽ—
തിരുവുയിരൻപിൽ—
സ്വീകൃതനായി—മിന്നിടുവോനെ!
പരിമളകാന്തി—യെഴും ഭവൽപ്പൊൻതാർ
പ്പദമിഹമേ—ഗതിതാനെ—
ശ്രീയേശുനാഥാ!— (ലോ)

2 ഭുവനമനോഭുവി—
അതിശയമകി—
വിലസിടുവോനെ!—വരഗുണരാശെ!
മമ, നവമായി—ജീവിതമേലാൻ
വരമലിവായ് - അരുളേണേ!—
ശ്രീയേശുനാഥാ!— (ലോ)

# പീഡാനുഭവരംഗങ്ങൾ

[മിശിഹായുടെ പീഡാനുഭവരംഗങ്ങളുടെ ആധുനികസ്ഥിതിയെക്കുറിച്ചു് റവ. ഡോക്ടർ സിറിയക് കാപ്പിൽ "തീർത്ഥയാത്രാസ്മരണകൾ" എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിജ്ഞാനപ്രദങ്ങളായ ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.]

## സ്ലീവാപാത

അനന്തരം ഞങ്ങൾ ദുഃഖത്തിന്റെ പാത എന്നു പറയുന്ന കുരിശിന്റെ വഴിയിൽക്കൂടി "മനുഷ്യനെ കണ്ടാലും" എന്ന പള്ളിയിലേക്കു പോയി. നമ്മുടെ കർത്താവു് ഭാരമേറിയ സ്ലീവാമരം ചുമന്നുകൊണ്ടു് കാൽവരിമലയിലേക്കു പോയ വഴിയാണതു്. "വിയാസാക്ര" എന്നു പറയുന്ന ഭക്തകർമ്മത്തിന്റെ ആരംഭം ഇവിടെത്തന്നെ. എല്ലാ വെള്ളിയാഴ്ചയും തീർത്ഥയാത്രക്കാർ ഫ്രാൻസിസ്കൻ അച്ചന്മാരുടെ നേതൃത്വത്തിൽ ഈ വഴിയിൽക്കൂടെ വിയാസാക്ര കഴിക്കുന്നതു കാണേണ്ട കാഴ്ചതന്നെ. ഞങ്ങൾ വി. വെറോനിക്കായുടെ ഭവനം, കർത്താവു് കുരിശോടു കൂടി വീണ സ്ഥലം (അവിടെ ഇപ്പോൾ അർമേനിയൻ കത്തോലിക്കരുടെ പള്ളി ഇരിക്കുന്നു) എന്നിങ്ങനെ മൂന്നു നാലു സ്ഥലങ്ങൾ സന്ദർശിച്ചു. ഈ സ്ഥലങ്ങളിൽ ചിലതു് മഹമ്മദീയരുടെ സൂക്ഷത്തിലാണെങ്കിലും സ്വതന്ത്രമായി പ്രവേശിക്കാം. രണ്ടു കാശു് കാവൽക്കാരനായ മഹമ്മദീയനു കൊടുത്താൽ അവൻ ആ സ്ഥലത്തിന്റെ മാഹാത്മ്യത്തെപ്പറ്റി പ്രസംഗിക്കുകയും ചെയ്യും. എച്ചെഹോമൊ (മനുഷ്യനെ കണ്ടാലും) എന്ന പള്ളി, നമ്മുടെ കർത്താവിനെ കൽത്തൂണിൽ കെട്ടി അടിച്ചതിനുശേഷമുള്ള ദയനീയമായ കാഴ്ചകണ്ടിട്ടെങ്കിലും യൂദജനത്തിന്റെ കാഠിന്യത്തിനു കുറവുവരുമെന്നു കരുതി പീലാത്തോസു് തന്റെ അരമനയുടെ മുൻഭാഗത്തെ ബാൽക്കണിയിൽ നമ്മുടെ കർത്താവിനെ കൊണ്ടുവന്നിട്ടു് രക്തത്തിനായി അലറിക്കൊണ്ടു താഴെനിന്ന ജനത്തെ കാണിച്ചു്, "ഇതാ മനുഷ്യനെ കണ്ടാലും" എന്നു പറഞ്ഞ സ്ഥലത്താണിരിക്കുന്നതു്. മാനസാന്തരപ്പെട്ട റാറ്റിസ് ബോൺ എന്ന യൂദനാൽ പണിയിക്കപ്പെട്ട ഈ പള്ളി "സിയോനിലെ കന്യാസ്ത്രീകൾ" എന്നറിയപ്പെടുന്ന സന്യാസിനികളുടെ വകയാണു്. പള്ളിയകത്തു പ്രവേശിച്ചാൽ പ്രധാനബലിപീഠത്തിനു മുകളിലായി കാണുന്ന ബാൽക്കണിയാണു് പീലാത്തോസിന്റെ അരമനയുടെ ബാൽക്കണി. അതിനു പിന്നിൽ കെട്ടിടത്തിന്റെ അകത്തുതന്നെ പഴയ റോമൻറോഡിന്റെ അംശങ്ങൾ കാണുന്നുണ്ടു്. പള്ളിയകത്തു് പൂർവ്വകാലങ്ങളിൽ ദീർഘദർശികൾ പ്രസംഗിക്കാനുപയോഗിച്ചിരുന്ന കൽപ്പീഠങ്ങളിൽ ഒരെണ്ണം സൂക്ഷിച്ചിരിക്കുന്നു. യൂദന്മാരുടെ മാനസാന്തരഃവലയിൽ ഏർപ്പെട്ടിരിക്കുന്ന ആ കന്യാസ്ത്രീകൾ അവിടെ ചെല്ലുന്നവരെയെല്ലാംതന്നെ മാനസാന്തരസഖ്യത്തിൽ ചേർക്കുന്നുണ്ടു്.

## പ്രാർത്ഥനയുടെ ഗുഹ

ഒലിവെററു് മലയിലേക്കു പോകുന്നതിനുമുമ്പു് മലയടിവാരത്തിലുള്ള ദൈവമാതാവിന്റെ കവറിടപ്പള്ളിയും നമ്മുടെ കർത്താവു് ഗദ്സമേനിലേക്കു് പോയപ്പോൾ ശ്ലീഹന്മാരെ നിറുത്തിയിട്ടു പോയ പ്രാർത്ഥനയുടെ ഗുഹയും ഞങ്ങൾ സന്ദർശിച്ചു. മാതാവിന്റെ കവറിടത്തിനുമുകളിൽ കത്തോലിക്കർ പണിയിച്ച ആ പള്ളി ഇപ്പോൾ ഗ്രീക്കുശീശ്മക്കാരുടെ കൈവശമാണു്. പള്ളിയകം ഭൂനിരപ്പിൽനിന്നു് അമ്പൊട്ടടി താഴെയാണെന്നു മാത്രമല്ല അന്ധകാരമയവുമായിരിക്കുന്നു. വിളക്കുംകൊണ്ടു പോയാണു് മാതാവിന്റെ കവറിടം ഞങ്ങൾ ചുംബിച്ചതു്. അതിന്റെ ഇടത്തുവശത്താണു് പ്രാർത്ഥനയുടെ ഗുഹ. അതു ഫ്രാൻസിസ്കൻസിന്റെ അധീനത്തിലാകയാൽ കേടുപാടുകൂടാതെയിരിക്കുന്നു. പാറക്കെട്ടിനകത്താണു് ആ ഗുഹ. അതിനകത്തു പ്രവേശിച്ചാൽ ഒരു പ്രാർത്ഥനയുടെ അരൂപി ഏവനും അനുഭവപ്പെടും.

## ഒലിവെററുമല

ഇനി നമുക്കു് ഒലിവെററുമലയിലേക്കു കയറാം. എന്നാൽ അതിന്റെ ചരിവിലുള്ള ഗദ്സമേൻതോട്ടം ഒരാവർത്തികൂടി കാണാതെ തരമില്ല. ആ തോട്ടത്തിൽ നില്ക്കുന്ന ഒലിവുമരങ്ങൾ കർത്താവിന്റെ കാലത്തേതാണെന്നു പറയപ്പെടുന്നു. തീർത്ഥയാത്രക്കാർ ഒലിവിന്റെ ഇലയും കൊമ്പും തൊലിയും എടുത്തുതുടങ്ങിയതിനാൽ മരങ്ങൾ തീരെ നശിക്കുമെന്നുകണ്ടു് ആ തോട്ടത്തിൽനിന്നും എന്തെങ്കിലും എടുക്കുന്നവർക്കു മാർപ്പാപ്പാ മഹറോൻ കല്പിക്കേണ്ടതായിവന്നു. ആ തോട്ടത്തിലുള്ള പള്ളിയുടെ മദ്ബഹായ്ക്കകത്താണു് നമ്മുടെ കർത്താവു് രക്തം ചിന്തി പ്രാർത്ഥിച്ച പാറ. ആ ബലിപീഠത്തിൽ ഈയുള്ളവൻ ദിവ്യപൂജ അണച്ചു. അതിമനോഹരമായ ആ പള്ളിയകത്തെ മങ്ങിയവെളിച്ചം അതിനൊരുപ്രത്യേകത നല്കുന്നുണ്ടു്. അതിൽ പ്രവേശിച്ചാൽ സംസാരിക്കുന്നതിനുപോലും തോന്നുകയില്ല. നമ്മുടെ പാപത്താൽ ദിവ്യരക്ഷകൻ വിയർത്ത രക്തം വീണ ആ പാറയ്ക്കു ഒരഞ്ചാറടി വിസ്താരമുണ്ടു്. അവിടെ മുട്ടിന്മേൽ നിന്നു് "കർത്താവേ, നിന്റെ തിരുമനസ്സു് എന്നിൽ നിറവേറട്ടെ" എന്നു പ്രാർത്ഥിച്ചുകൊണ്ടു് ആ തിരുക്കല്ലു മുത്തുമ്പോൾ ഏതു ക്രിസ്ത്യാനിക്കും ഒരു പ്രത്യേകസമാധാനമുണ്ടാകുമെന്നതിനു തർക്കമില്ല. ആ പള്ളി ഫ്രാൻസിസ്കൻസിന്റെ വകയാണു്.

ഗദ്സമേൻതോട്ടത്തിൽനിന്നു് ഒരു ഫർലോംഗ് മുകളിലോട്ടു കയറിയാൽ, നമ്മുടെ കർത്താവു് ജറുസലേംപട്ടണത്തേയും ദേവാലയത്തേയും നോക്കി അതിനു സംഭവിക്കാൻപോകുന്ന നാശത്തെ ഓർത്തു് വിലപിച്ച സ്ഥലത്തെത്തും. അവിടെ ഒരു ചെറിയ കപ്പേളയുണ്ടു്.

നമ്മുടെ ദിവ്യരക്ഷകൻ സ്വർഗ്ഗാരോഹണം ചെയ്തതു് ഒലിവെററുമലയുടെ മുകളിൽനിന്നാണല്ലോ. അവിടെ ആദിമശതകങ്ങളിൽത്തന്നെ ഒരു പള്ളി പണിയപ്പെട്ടു. ആ പള്ളി സാലാഡിൻ ഒരു മഹമ്മദീയപള്ളിയാക്കി പകർത്തി. കുരിശുയുദ്ധക്കാർ അതു വീണ്ടെടുത്തെങ്കിലും പിന്നീടു് തുർക്കികൾ അതു നശിപ്പിച്ചു. ഇപ്പോളവിടെ കപ്പേളപോലെ ഒരു ചെറിയ കെട്ടിടമുണ്ടു്. അതും മഹമ്മദീയരുടെ വകയാണു്. അതിനകത്തു് നമ്മുടെ കർത്താവിന്റെ കാലടി പതിഞ്ഞ കല്ലു് അഴിയിട്ടുവച്ചിട്ടുള്ളതു് കണ്ടാരാധിക്കുന്നതിനു് അറബികൾക്കു് ഒരു ചെറിയ സമ്മാനം കൊടുക്കേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനികൾക്കു് സ്വാതന്ത്ര്യമായി പ്രവേശിക്കാവുന്നകാലത്തെ നമുക്കു പ്രതീക്ഷിക്കാം.

അവിടെനിന്നു് ഒരു കാൽഫർലോംഗ് നടന്നാൽ "പാത്തർനോസ്റ്റർ പള്ളി" യിരുന്ന സ്ഥലത്തെത്തും. അവിടെ വച്ചാണു് നമ്മുടെ കർത്താവീശോമിശിഹാ ശിഷ്യന്മാരെ "ആകാശങ്ങളിലിരിക്കുന്ന" നമസ്കാരം പഠിപ്പിച്ചതു്. ആ സ്ഥലത്തുണ്ടായിരുന്ന മനോഹരമായ ദേവാലയം അടുത്തകാലത്തു ഭൂമികുലുക്കത്താൽ നശിച്ചുപോയി. ഇപ്പോൾ (1930-ൽ) മാർപ്പാപ്പായുടെ ആഗ്രഹപ്രകാരം അവിടെ സർവ്വരാജ്യതിരുഹൃദയദേവാലയം പണിയാൻ അടിസ്ഥാനമിട്ടുകഴിഞ്ഞു.



ഈശോ ഗദ്സേമനിതോട്ടത്തിൽ
"തത്സമയം അവിടുത്തെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്നു് ഒരു ദൂതൻ അവിടുത്തേക്കു പ്രത്യക്ഷനായി." (ലൂക്ക 22, 43)

# ഏജൻറുമാരുടെ പ്രത്യേക ശ്രദ്ധയ്ക്കു്

പത്രവില മുൻകൂർ കിട്ടാതെ പത്രക്കെട്ടുകൾ അയക്കുന്നതല്ലെന്നുള്ള വിവരം പലതവണയും അറിയിച്ചിട്ടുള്ളതാണല്ലോ. എന്നാൽ ചിലരെ സംബന്ധിച്ചിടത്തോളം പണം താമസിച്ചുകിട്ടുന്നതുകൊണ്ടു പത്രക്കെട്ടു അയച്ചുകൊടുക്കുന്നതിനു താമസം നേരിടുന്നുണ്ടു്. ആകയാൽ പത്രം പ്രസിദ്ധപ്പെടുത്തുന്നതിനു ഒരാഴ്ച മുമ്പു ആപ്പീസിൽ പണം കിട്ടാത്തപക്ഷം അങ്ങനെയുള്ള ഏജൻറുമാർക്കുള്ള പത്രത്തിന്റെ പ്രതികൾ അടിക്കുന്നതല്ലെന്നു അറിയിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം

# രാമപുരം സമ്മേളനം

അഖിലകേരള കത്തോലിക്ക കോൺഗ്രസിന്റെ 24-ാമതു വാർഷിക പൊതുയോഗം 1949 മേയ് 2, 3, 4, ഈ തീയതികളിൽ രാമപുരത്തു് "ഗോവർണദോർ നഗരി"ൽ പ്രത്യേകം സജ്ജമാക്കിയിരിക്കുന്ന പന്തലിൽവച്ചു നടത്തപ്പെടുന്നതാണു്.

ചങ്ങനാശേരി മെത്രാൻ തിരുമനസ്സുകൊണ്ടു് കോൺഗ്രസ് പതാക ഉയർത്തുന്നതും മിഷൻപ്രദർശനം ഉൽഘാടനം ചെയ്യുന്നതുമാണു്. മദ്രാസ് മെത്രാപ്പോലീത്തായായിരിക്കും കോൺഗ്രസ് സമ്മേളനം ഉൽഘാടനം ചെയ്യുന്നതു്. അന്നുതന്നെ കൂടുന്ന വിദ്യാഭ്യാസസമ്മേളനത്തിൽ ഷെവലിയർ എം. രത്തിനസ്വാമിയും എം. സി. എസ്. എൽ. വാർഷികസമ്മേളനത്തിൽ (കോട്ടയം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ തോമസ് തറയിൽ തിരുമേനിയും, മൂന്നാം ദിവസം നടക്കുന്ന മിഷൻസമ്മേളനത്തിൽ തിരുവല്ലാ അഡ്മിനിസ്ട്രേറർ റൈററ് റവ. മാർ സെവേരിയോസ് തിരുമേനിയും, വനിതാസമ്മേളനത്തിൽ അഡ്വോക്കേററു് മിസ് കെ. വി. മറിയക്കുട്ടി ബി. എ. ബി. എൽ-ഉം, സെൻറ് വിൻസെൻറ് ഡി പോൾ, ലീജിയൻ ഓഫ് മേരി സംയുക്തസമ്മേളനത്തിൽ തിരുവിതാംകൂർ ധനകാര്യമന്ത്രി ശ്രീ എ. ജെ. ജോൺ ബി. എ. ബി. എൽ-ഉം, നാലാംദിവസത്തെ സാമ്പത്തികസമ്മേളനത്തിൽ കൊച്ചി വിദ്യാഭ്യാസമന്ത്രി ശ്രീ സി. എ. ഔസേപ്പു് ബി. എ. ബി. എൽ-ഉം ആദ്ധ്യക്ഷ്യം വഹിക്കുന്നതായിരിക്കും.

## കാര്യപരിപാടി

മേയ് 2- തിങ്കൾ

കാലത്തു 6 മണിക്കു വി. കുർബാന

11 മണിക്കു് ഉൽഘാടനസമ്മേളനം

1) പ്രാർത്ഥന
2) സ്വാഗതപ്രസംഗം
3) ഉൽഘാടനപ്രസംഗം
4) അദ്ധ്യക്ഷപ്രസംഗം
5) സന്ദേശപാരായണം
6) വിഷയനിർണ്ണയക്കമ്മിററി രൂപവൽക്കരണം.

രാത്രി 8 മണിക്കു വിഷയനിർണ്ണയക്കമ്മിററിയോഗം

മേയ് 3- ചൊവ്വാ

കാലത്തു 6 മണിക്കു വി. കുർബാന

ഉച്ചകഴിഞ്ഞു് 2 മണിക്കു് കോൺഗ്രസ് കാര്യാലോചനായോഗം

1) വാർഷികറിപ്പോർട്ടു്
2) വാർഷിക വരവുചെലവു തെരട്ടും ബാക്കിപത്രവും
3) ബഡ്ജററു്

7-30 നു മാനേജിംഗ് കമ്മിററിയോഗം

8-30നു കോൺഗ്രസ് പ്രവർത്തകസമ്മേളനം

മേയ് 4- ബുധൻ

ഉച്ചകഴിഞ്ഞു് 1 30 നു ഉപസംഹാരസമ്മേളനം

1) സാഹിത്യമത്സരങ്ങളിൽ വിജയികളായവർക്കു സമ്മാനദാനം
2) പ്രമേയാവതരണങ്ങൾ
3) ഉപസംഹാരപ്രസംഗം
4) കൃതജ്ഞതാപ്രകാശനം

# മിഷൻ പ്രദർശനം

അ. കേ. ക. കോൺഗ്രസ്സു് സമ്മേളനത്തോടു് അനുബന്ധിച്ചു നടത്തുന്ന മിഷൻപ്രദർശനത്തിൽ, തിരുവസ്ത്രങ്ങൾ, ലെയിസുകൾ, കടലാസുകൊണ്ടും തുണികൊണ്ടുമുള്ള വിവിധ പണിത്തരങ്ങൾ, പുഷ്പഫലമൂലാദികൾ, രൂപങ്ങൾ, പുസ്തകങ്ങൾ, കാശുരൂപങ്ങൾ, കൊന്തകൾ തുടങ്ങിയ ഏതുതരം സാധനങ്ങളും പ്രദർശനയോഗ്യമായിരിക്കും. കേരളത്തിലെ കത്തോലിക്കർ ഏവരും ഈ സംരംഭത്തിൽ സഹകരിച്ചു് ഇതു വിജയത്തിലെത്തിക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഏററവും നല്ല പ്രദർശനസാധനങ്ങൾക്കു് സമ്മാനങ്ങളും മററുള്ളവയ്ക്കു് യോഗ്യതാനുസരണം പ്രശംസാപത്രങ്ങളും നൽകുന്നതാണു്.

## മത്സരപ്രദർശനം

ഉണ്ണിമിശിഹാ നാനാമതസ്ഥരായ കുട്ടികളുടെ മദ്ധ്യേനിന്നുകൊണ്ടു് അവരെ തന്റെ പക്കലേക്കു് ക്ഷണിച്ചു് ഉല്ലസിക്കുന്ന ഒരു രംഗം ഏററവും തന്മയമായി ചിത്രീകരിക്കുന്ന മൂന്നു നല്ല ചിത്രങ്ങൾക്കു് സ്വർണ്ണമെഡലുകളും, മിഷൻ ഞായർ പ്ലക്കാർഡുകളുടെയും ചുവർപരസ്യങ്ങളുടെയും നല്ലമാതൃകകൾക്കു് വെള്ളിമെഡലുകളും സമ്മാനിക്കുന്നതാണു്.

| | |
|---|---|
| രാമപുരം<br>23-8-1124 | കൺവീനർ<br>ഫാ. ജേക്കബ് മണ്ണനാൽ |

# നിങ്ങൾക്കറിയാമോ?

(4-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 ഒന്നുമില്ല. വി. യോഹന്നാൻ പ്രധാനമായി മിശിഹാ പ്രവർത്തിച്ച അത്ഭുതങ്ങളെക്കുറിച്ചാണു് പ്രതിപാദിക്കുന്നതു്.

2 കടന്നുപോകൽ.

3 മാലാഖാ പ്രത്യക്ഷനായി ഈജിപ്റ്റുകാരുടെ ആദ്യപുത്രന്മാരെ വധിച്ചതിനെയും ഇസ്രായേൽക്കാർക്കു് യാതൊരുപദ്രവവും ചെയ്യാതിരുന്നതിനേയും പ്രസ്തുത അത്ഭുതസംഭവം നിമിത്തം ഈജിപ്റ്റു വിടുവാൻ ഇസ്രായേൽ ജനത്തിനു ഫറവോനിൽനിന്നു അനുമതി ലഭിച്ചതിനേയും അനുസ്മരിക്കുവാൻ വേണ്ടി ആഘോഷിച്ചിരുന്ന തിരുനാളാണു്.

4 ജറുസലത്തിനടുത്തുള്ള ഒരു കുന്നാണു്. അവിടെയാണു് പാതകികൾക്കു് വധശിക്ഷ നൽകിയിരുന്നതു്.

5 ജറുസലത്തിനു കിഴക്കുള്ള സൈത്തുമല (Mount of Olives) യിലെ ഒരു ഭാഗമാണു്.

വേദശാസ്ത്രപംക്തി

# സ്ഥൈര്യലേപനം

## പരിശുദ്ധാത്മാവിൻെറ അനർഘദാനങ്ങൾ

സ്ഥൈര്യലേപനം കൈക്കൊള്ളുന്നവൻ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു. അവിടുന്നു് നമ്മിൽ എഴുന്നെള്ളുന്നതു് നമ്മെ ഉത്തമക്രിസ്ത്യാനികളും ക്രിസ്തുവിൻെറ ധീരയോദ്ധാക്കളും ആക്കുന്നതിനുവേണ്ടിയത്രെ.

അന്ധകാരംനിറഞ്ഞതും ആഴമേറിയതും ആയ ജന്മപാപച്ചുഴിയിൽ വീഴുക കാരണം നിത്യസത്യങ്ങളെ ഗ്രഹിക്കുന്നതിനു നമ്മുടെ സ്വാഭാവികബുദ്ധിക്കോ, ദൈവശാസനങ്ങളെ സ്നേഹിച്ചനുസരിക്കുന്നതിനു നമ്മുടെ മനസ്സിനോ കഴിവില്ലാതായി. എന്നാൽ, നമ്മിൽ കുടികൊള്ളുന്ന പരിശുദ്ധാത്മാവു് ബുദ്ധിക്കു പ്രകാശവും മനസ്സിനു ധൈര്യവും നൽകുന്നു. അപ്പസ്തോലന്മാർ പരിശുദ്ധാത്മാവിനെ കൈക്കൊണ്ട നിമിഷത്തിൽ അവരിൽ സംഭവിച്ച മാററം സുപ്രസിദ്ധമാണല്ലോ. മന്ദബുദ്ധികളായിരുന്ന അവർ കുശാഗ്രബുദ്ധികളും, ഭീരുക്കളായിരുന്ന അവർ ധീരന്മാരും ആയിത്തീർന്നു. അത്തരം ഒരു മാററം നമ്മുടെ ഹൃദയാന്തർഭാഗങ്ങളിലും നടക്കുന്നുണ്ടു്.

പരിശുദ്ധാത്മാവു് പ്രസ്തുതപരിവർത്തനം നമ്മിൽ വരുത്തുന്നതു് തൻെറ സപ്തദാനങ്ങളാലത്രെ. ജ്ഞാനം, അറിവു്, ബുദ്ധി, ആലോചന എന്നിവ ബുദ്ധിയെയും ആത്മശക്തി, ഭക്തി, ദൈവഭയം എന്നിവ മനസ്സിനെയും സ്പർശിക്കുന്നു, പ്രകാശിപ്പിക്കുന്നു, ശക്തിപ്പെടുത്തുന്നു.

ജ്ഞാനം (wisdom) സ്രഷ്ടാവിനെയും അവിടുത്തെ അനന്തഗുണങ്ങളെയും യഥാർത്ഥസ്വഭാവത്തിൽ സാധ്യമായിടത്തോളം ഗ്രഹിക്കുന്നതിനു നമ്മുടെ സ്വാഭാവികബുദ്ധിയെ സഹായിക്കുന്നു. അറിവു് (knowledge) സൃഷ്ടവസ്തുക്കളെ അവയുടെ യഥാർത്ഥസ്വഭാവത്തിൽ ഗ്രഹിക്കുന്നതിനു സഹായകമാകുന്ന ദാനമാണു്. ജ്ഞാനംവഴി ലഭിക്കുന്ന പ്രകാശത്താൽ അത്യുന്നതങ്ങളായ ദിവ്യരഹസ്യങ്ങളിലേക്കു്, ദൈവചിന്തയിലേക്കു് നാം ആകൃഷ്ടരാകുമ്പോൾ, അറിവു എന്ന ദാനംവഴിയായി ഏതെല്ലാം സൃഷ്ടവസ്തുക്കൾ എങ്ങനെയൊക്കെ നമ്മെ ദൈവത്തിലേക്കു് അടുപ്പിക്കുന്നുവെന്നും അകററുന്നുവെന്നും നാം ഗ്രഹിക്കുന്നു. ബുദ്ധി (Understanding) ആവിഷ്കൃതസത്യങ്ങളെക്കുറിച്ചു് കൂടുതൽ ചിന്തിച്ചു് പഠിക്കുന്നതിനും. അവയുടെ അർത്ഥം പൂർണ്ണമായി ഗ്രഹിക്കുക സാധ്യമല്ലെങ്കിലും അവയുടെ യുക്തിയുക്തത മനസ്സിലാക്കുന്നതിനും വേണ്ട തെളിവു് നമുക്കു നൽകുന്നു. ആലോചന (Counsel) ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉതകുന്ന കാര്യങ്ങൾ ക്രിസ്തീയവിവേകത്തോടുകൂടെ ഓരോ സാഹചര്യത്തിലും, പ്രത്യേകിച്ചു് വിഷമഘട്ടങ്ങളിൽ, ഉടനടി തിരഞ്ഞെടുത്തു് പ്രവർത്തിക്കാനുള്ള ദിവ്യപ്രകാശം നമ്മുടെബുദ്ധിയിൽ ചൊരിയുന്ന വിശിഷ്ടദാനമാണു്. ആത്മശക്തി (Fortitude) നമ്മുടെയും മററുള്ളവരുടെയും ആത്മരക്ഷയെപ്രതി എന്തും ചെയ്യുന്നതിനും ഏതു പ്രതിബന്ധങ്ങളെയും തരണംചെയ്യുന്നതിനുമുള്ള കരുത്തു മനസ്സിനു നൽകുന്നു. ഭക്തി (Piety) ദിവ്യോപദേശങ്ങളെ സന്തോഷസമേതം അനുസരിക്കുന്നതിനുള്ള ഉത്സാഹവും സന്നദ്ധതയും തരുന്ന ദാനമാണു്. ദൈവഭയം (Fear of God) മക്കൾക്കുടുത്തവിധം ദൈവത്തെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും, പിതാവായ ദൈവത്തിൻെറ ന്യായമായ കോപത്തിനു് കാരണമായ ദുർമ്മാർഗ്ഗങ്ങളിൽനിന്നു് ഭയത്തോടുകൂടെ ഓടി അകലുന്നതിനും പ്രേരിപ്പിക്കുന്ന അമൂല്യദാനമാകുന്നു.

സ്ഥിരീകൃതനാകുന്നവൻ മേല്പറഞ്ഞ ദാനങ്ങൾക്കുപുറമെ, ഒരിക്കലും മാഞ്ഞുപോകാത്ത ഒരു മുദ്ര—ക്രിസ്തുപടയാളിയുടെ വീരമുദ്ര—സമ്പാദിക്കുന്നുണ്ടു്. വി. പൗലോസ്ശ്ലീഹാ എഴുതുന്നു, "നിങ്ങൾ പരിശുദ്ധാത്മാവിനാൽ അഭിഷിക്തരും മുദ്രണം ചെയ്യപ്പെട്ടവരുമാകുന്നു" (II Cor I, 22) എന്നും, "നിങ്ങൾ ദൈവത്തിൻെറ ആലയമാകുന്നുവെന്നും, ദൈവാത്മാവു് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ" എന്നും (I Cor 3-16). ഏവംവിധം അഭിഷിക്തനാകുന്നവൻ ക്രിസ്തുവിൻെറ പടയാളിയെന്ന അത്യുൽകൃഷ്ടസ്ഥാനത്തിലേക്കു് അവരോഹിതനാകുന്നു. തജ്ജന്യമായ നിരവധി ചുമതലകളും അവനുണ്ടാകുന്നുണ്ടു്. അവയെ ശരിയാംവണ്ണം നിറവേററുന്നതിനു വേണ്ട കൂദാശയ്ക്കടുത്ത (Sacramental) വരപ്രസാദവും അവനു നൽകപ്പെടുന്നു.

അപ്പസ്തോലന്മാരും ആദിമക്രിസ്ത്യാനികളും ഈ കൂദാശ സ്വീകരിച്ചപ്പോൾ, അഥവാ പരിശുദ്ധാത്മാവിനെ കൈക്കൊണ്ടപ്പോൾ നിരവധി പ്രത്യേകവരങ്ങളും പ്രാപിക്കയുണ്ടായി. അവർ പ്രവചിച്ചു; വിവിധഭാഷകൾ സംസാരിച്ചു; അത്ഭുതങ്ങൾ പ്രവർത്തിച്ചു. ചുരുക്കത്തിൽ പരിശുദ്ധാത്മാവിൻെറ പ്രവർത്തനം ദർശനീയമായിരുന്നു. പരിശുദ്ധാത്മാവിനെ നമ്മളും കൈക്കൊള്ളുന്നുണ്ടെങ്കിലും, നാം പരിശുദ്ധാത്മാവിൻെറ വാസസ്ഥാനം ആകുന്നുണ്ടെങ്കിലും, അത്തരം പ്രത്യക്ഷഫലങ്ങൾ നമ്മിൽ കാണുന്നില്ല. അതെന്തുകൊണ്ടു്? പറയാം. അന്നു് അതു് ആവശ്യമായിരുന്നു. ഇന്നു അതു് ആവശ്യമില്ല. അന്നു് തിരുസ്സഭ വേരൂന്നിയിരുന്നില്ല. ഒരു ചെറുചെടിമാത്രമായിരുന്നു. അന്നു് അതിൻെറ വളർച്ചയ്ക്കു് അത്ഭുതപ്രവർത്തനങ്ങൾ കൂടിയേ കഴിയുമായിരുന്നുള്ളു. ഇന്നു് തിരുസ്സഭ വളർച്ചപ്രാപിച്ച വൻവൃക്ഷമാണു്. വി. ഗ്രിഗറി പ്രസ്താവിക്കുന്നതുപോലെ, ചെറുചെടികൾക്കു് കൂടുതൽ ശുശ്രൂഷചെയ്യണം. മണ്ണിളക്കിക്കൊടുക്കണം; വളമിട്ടുകൊടുക്കണം; നനയ്ക്കണം. എന്നാൽ അതു് ഒരു വലിയ വൃക്ഷമായാൽ അത്തരം പരിചരണങ്ങൾ വേണ്ടിവരികയില്ലല്ലോ.

വി. ആഗുസ്തീനോസിൻെറകാലത്തും ഏതാദൃശഅത്ഭുതവരങ്ങൾ ആരും കൈവരിച്ചിരുന്നില്ല. അതേപ്പററി ആ ശാസ്ത്രപാരംഗതൻ പറയുന്നു. "സഭയുടെ ആദ്യദിവസങ്ങളിൽ പരിശുദ്ധാത്മാവു് വിശ്വാസികളുടെമേൽ എഴുന്നെള്ളുകയും അവർ തങ്ങൾക്കജ്ഞാതമായ ഭാഷയിൽ സംസാരിക്കയുംചെയ്തു...... അവ ആ സമയത്തിനു പററിയ അത്ഭുതങ്ങളായിരുന്നു."

ആ പ്രത്യേകസൗജന്യദാനങ്ങൾ ഒഴികെ മററെല്ലാ ദാനങ്ങളും, വരപ്രസാദവർദ്ധനയും നമ്മൾ എല്ലാവരും സ്വീകരിക്കുന്നുണ്ടെന്നുള്ളതു് തീർച്ചയാണു്. നമുക്കു നിരവധി സ്വാഭാവികവാസനകൾ ഉണ്ടല്ലോ. അവ വികസിക്കണമെങ്കിൽ, ഫലഭൂയിഷ്ഠമാകണമെങ്കിൽ, അദ്ധ്വാനിച്ചു് പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു. എത്ര കലാവാസനയുള്ളവനായാലും അതു വികസ്വരമാകാൻ സാഹചര്യങ്ങൾ ഏതുവിധേനയെങ്കിലും ഉണ്ടാകണം. ഉദാഹരണമായി ചിത്രനിർമ്മാണം ഒരു സുകുമാരകലയാണല്ലോ. ഏതെല്ലാം സാമഗ്രികൾ ഒത്തിണങ്ങിയാലാണു് ആ നൈസർഗ്ഗികവാസന ഫലംപുറപ്പെടുവിക്കുന്നതു്? അതുപോലതന്നെ, കലാവാസനയെന്നവിധം, നമ്മിൽ നിഗൂഢമായി ബീജാവാപം ചെയ്യപ്പെടുന്ന പരിശുദ്ധാത്മാവിൻെറ വിശിഷ്ടദാനങ്ങൾ ഫലപ്രദവും ദർശനീയവുമാകണമെങ്കിൽ നിരന്തരാഭ്യാസത്താൽ സാമാന്യസന്ദർഭങ്ങളിൽ അവയെ വികസിപ്പിക്കേണ്ടിയിരിക്കുന്നു. അസാധാരണാവസരങ്ങളിൽ മാത്രമേ, പരിശുദ്ധാത്മാവു് ആദിമക്രിസ്ത്യാനികളിൽ ചെയ്തതുപോലെ പ്രത്യക്ഷഫലങ്ങൾ നമ്മളിൽ പുറപ്പെടുവിക്കയുള്ളു. T. K.


റോയിസ് നിറം
സാററിൻ സിൽക്കിൽ
കുർബ്ബാനക്കുപ്പായം
തയ്യാറുണ്ടു്

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്ക് കൊളംബോ സാരിവർക്സ്, ബ്രോഡ് വെ—എറണാകുളം.



FREE INDIA BANK LIMITED
H. O. Kottayam, Travancore
(Incorporated under Travancore Companies Act— Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam. | Ramapuram. | Ullala. |

FIXED DEPOSITS received at rates varying from 4%—6% interest per annum.
6% CASH CERTIFICATES issued.
CHEQUES, DRAFTS & BILLS accepted
All interests payable Half Yearly.
BANKING BUSINESS OF ALL KINDS UNDERTAKEN.

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |


വിമർശനവീഥി

# ഗലീലിയോകേസിൽ ലേഖകൻെറ അജ്ഞത

ഞങ്ങൾ വിമർശിച്ചുകൊണ്ടിരിക്കുന്ന ലേഖകൻ, കത്തോലിക്കാമതവിശ്വാസം ശാസ്ത്രപുരോഗതിക്കു പ്രതിബന്ധമാണെന്നു കാണിക്കുവാൻ, കുപ്രസിദ്ധമായ ഗലീലിയോകേസ് ഉദ്ധരിക്കുന്നുണ്ടു്. അതുസംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ വാക്കുകൾ ഇങ്ങനെയാണു്:

"പ്രത്യക്ഷമായ യാതൊരു കാരണവും കൂടാതെ, ദീർഘകാലമായി നാം ശരിയാണെന്നു വിചാരിച്ചിരുന്ന ഏതെങ്കിലും ഒന്നു് തെററാണെന്നു സയുക്തികം സ്ഥാപിക്കപ്പെട്ടുകഴിഞ്ഞാലും, അതിൻെറ തെററായ നിലയെ സാധൂകരിക്കാനുള്ളൊരു വാസന നമുക്കു് ജന്മസിദ്ധമാണു്. മനുഷ്യനിലുള്ള ബലഹീനമായ ഒരു വശം മാത്രമാണതു്. ഭൂമി കറങ്ങുന്നുവെന്നു പറഞ്ഞതിനു് ഗലീലിയോവിനെ തുറുങ്കിലടച്ച മതവിശ്വാസികൾ മനുഷ്യൻെറ പുരോഗതിക്കു സഹായിച്ചുവെന്നു് പറയുന്നതു വെറും മൗഢ്യമാണു്. ദൈവങ്ങളും, ദേവാലയങ്ങളും, മതങ്ങളുംകൂടി മനുഷ്യനെ അധഃപതിപ്പിച്ചു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. ഇവയ്ക്കെതിരായി മനുഷ്യൻ നേടിട്ടുള്ള വിജയങ്ങളാണു് അവൻെറ പുരോഗതിയുടെ ചരിത്രം."

ലേഖകൻ പറയുന്ന "ജന്മസിദ്ധമായ വാസന"യ്ക്കും, "ബലഹീനമായ വശ"ത്തിനും ഒന്നാന്തരം ദൃഷ്ടാന്തം ഗലീലിയോകേസുതന്നെയാണു്. കത്തോലിക്കാസഭയുടെ വിരോധികൾ അവളുടെ "ശാസ്ത്രവിരുദ്ധമായ" മനോഭാവത്തെ തെളിയിക്കുവാൻ സർവ്വസാധാരണമായി ആരോപിക്കാറുള്ള കുററമാണു് ഗലീലിയോകേസ്. എന്നാൽ ആ കേസ് അതിനുപകരിക്കുന്നില്ലെന്നു അനിഷേധ്യങ്ങളായ തെളിവുകൾസഹിതം അനേകമനേകം പ്രാവശ്യം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും, സഭാവിരോധികൾ ആ പഴഞ്ചൻകേസുംകൊണ്ടു വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടാറാണു് പതിവു്. ഈ കേസിനെപ്പററി കഴിഞ്ഞ നൂററാണ്ടിലെ പ്രസിദ്ധശാസ്ത്രജ്ഞനായ, അതും അവിശ്വാസിയായ, തോമസ് ഹക്സിലി വിധിപറഞ്ഞിട്ടുള്ളതു്, "മാർപ്പാപ്പായുടേയും കർദ്ദിനാളന്മാരുടേയും ഭാഗത്താണു് ന്യായം" എന്നത്രേ. (The Pope and the Cardinals had rather the best of it.) സർ ജോൺ മക്ഡൊണാൾഡ് എന്ന പണ്ഡിതൻ ഗലീലിയോ കേസിനെപ്പററി എഴുതിട്ടുള്ളതും, ഇംഗ്ലണ്ടിലെ "റാഷണലിസ്റ്റ് പ്രസ്സ് അസോസിയേഷൻ" എന്ന അവിശ്വാസിസംഘത്തിൽനിന്നു പുനഃപ്രസാധനം ചെയ്തിട്ടുള്ളതുമായ ഒരു പ്രബന്ധത്തിൽ ഗലീലിയോകേസ് വിസ്തരിക്കുകയുംവിധിപറയുകയുംചെയ്ത കത്തോലിക്കാ വൈദികാധികാരികളെപ്പററി വിധിപറഞ്ഞിട്ടുള്ളതു് ഇങ്ങനെയാണു്: "നിഷ്പക്ഷമായി അവരെക്കുറിച്ചു വിധിപറയുന്നപക്ഷം, അവർ പ്രകൃതിശാസ്ത്രത്തിൻെറ മാർഗ്ഗത്തിനു തടസ്സമായി നിന്നുവെന്നു പറയാവുന്നതല്ല. അവർ നിയന്ത്രിക്കുവാൻ ശ്രമിച്ചിട്ടുള്ളതു് മതതത്വങ്ങളുടേയും അവയെ പ്രകാശിപ്പിക്കാൻ വിനിയോഗിക്കപ്പെട്ടിട്ടുള്ള പദങ്ങളുടേയും കാര്യങ്ങളാണു്." പ്രസിദ്ധശാസ്ത്രജ്ഞനും ബ്രിട്ടീഷ് ശാസ്ത്രജ്ഞസംഘത്തിലെ അംഗവുമായിരുന്ന പ്രഫസർ വൈററു് ഹെഡ് ഗലീലിയോ കേസിനെപ്പററി വിധിപറഞ്ഞിട്ടുള്ളതും ശ്രദ്ധേയമാണു്. "ഗലീലിയോ സഹിച്ചതു് ബഹുമാന്യമായ തടങ്കലും രോഗശയ്യയിൽ സമാധാനത്തോടുകൂടി മരിക്കുന്നതിനു മുൻപു് നൽകപ്പെട്ട മാർദ്ദവമായ ശാസനയുമാകുന്നു." കത്തോലിക്കാസഭയോടു പക്ഷപാതമുള്ളവരെന്നു വിചാരിക്കുവാൻ യാതൊരു ന്യായവുമില്ലാത്ത ശാസ്ത്രജ്ഞന്മാരായ ഈ പണ്ഡിതന്മാരുടെ പ്രസ്തുത സാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ ലേഖകൻെറ ആരോപണങ്ങൾ എത്രമാത്രം അവാസ്തവങ്ങളാണെന്നു് പ്രത്യക്ഷമാകുന്നില്ലയോ? "ഭൂമി കറങ്ങുന്നുവെന്നു പറഞ്ഞതിനു" അല്ലാ ഗലീലിയോയുടെ പേരിൽ വൈദികാധികാരികൾ കേസെടുത്തതെന്നല്ലയോ സർ മാക്ഡൊനാൾഡ് പ്രസ്താവിക്കുന്നതു്? "ഗലീലിയോവിനെ തുറുങ്കിലടച്ചു" എന്നല്ല, ബഹുമാന്യമായ വിധത്തിൽ തടങ്കലിൽ വയ്ക്കുകയാണുണ്ടായതെന്നല്ലയോ പ്രഫസർ വൈററ് ഹെഡ് പ്രസ്താവിക്കുന്നതു്?

### ഭൂമി കറങ്ങുന്നുവെന്നു ആദ്യം പഠിപ്പിച്ചതു് കത്തോലിക്കാ വൈദികൻ

പ്രാചീനർ, മഹാപണ്ഡിതന്മാരുൾപ്പെടെ, വിശ്വസിച്ചിരുന്നതുപോലെ സൂര്യൻ ഭൂമിയെ ചുററുകയല്ലാ, ഭൂമി സൂര്യനെ ചുററുകയാണു് ചെയ്യുന്നതെന്ന നവീനശാസ്ത്രസിദ്ധാന്തത്തിനു നൽകപ്പെട്ടിരിക്കുന്ന നാമംതന്നെ "കൊപ്പർനിക്കൻ സിദ്ധാന്തം" എന്നാണല്ലോ. ഈ നാമംതന്നെ "കൊപ്പർനിക്കസ്" എന്ന ഒരു കത്തോലിക്കാവൈദികവര്യൻെറ നാമത്തിൽനിന്നും സിദ്ധിച്ചിട്ടുള്ളതാണു്. കാരണം, ഭൂമി സൂര്യനെ ചുററുന്നുവെന്നുള്ള നവീനസിദ്ധാന്തം ആദ്യമായി കണ്ടുപിടിക്കുകയും പഠിപ്പിക്കുകയും ചെയ്തതു് ആ വൈദികവര്യനാണു്. ആ സിദ്ധാന്തം ഉള്ളടക്കി അദ്ദേഹം ഒരുഗ്രന്ഥം രചിച്ചു. പ്രസ്തുത ഗ്രന്ഥം അന്നത്തെ മാർപ്പാപ്പായായ പോൾ തൃതീയനാണു് അദ്ദേഹം ഔദ്യോഗികമായി സമർപ്പണംചെയ്തതു്. ഒരു കർദ്ദിനാളും (Schonberg), ഒരു മെത്രാനും (Grese) ആ ഗ്രന്ഥത്തിൻെറ കാര്യത്തിൽ ഏററവുമധികം താല്പര്യം പ്രദർശിപ്പിച്ചതുകൊണ്ടാണു് അതു സൂര്യവെളിച്ചം കാണുവാൻ ഇടവന്നതു്. ഗലീലിയോകേസ് ഉത്ഭവിച്ചതു് പോൾ അഞ്ചാമൻ, മാർപ്പാപ്പായായിരുന്നപ്പോളാണു്. പോൾമൂന്നാമൻെറ കാലം മുതൽ പോൾ അഞ്ചാമൻെറ കാലംവരെ ഒൻപതു് മാർപ്പാപ്പാമാർ വാണിട്ടുണ്ടു്. അവരാരും കൊപ്പർനിക്കൻ സിദ്ധാന്തത്തിനു് എതിരാളികളല്ലായിരുന്നു. ഗലീലിയോ കേസ് കഴിഞ്ഞിട്ടു് പതിനെട്ടുവർഷത്തിനുശേഷം, കൊപ്പർനിക്കൻ സിദ്ധാന്തമനുസരിച്ചു അസ്ട്രോ

ണമി (ഗ്രഹശാസ്ത്രം) റോമയിൽ പഠിപ്പിക്കുവാനും അതിനുവേണ്ട സാധനസാമഗ്രികൾ സജ്ജീകരിക്കുവാനും വൈദികാധികാരികളാണ് വേണ്ട സഹകരണം നല്കിയതു്. അഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ ഒരു പണ്ഡിതകത്തോലിക്കാവൈദികനും, (Bullialdus) ഒൻപതുകൊല്ലം കഴിഞ്ഞപ്പോൾ വേറൊരു പണ്ഡിതകത്തോലിക്കാ വൈദികനും (Gassendi) കൊപ്പർനിക്കൻ സിദ്ധാന്തത്തിനനുകൂലമായി ശാസ്ത്രലോകത്തിൽ വാദം നടത്തി. പത്തുകൊല്ലം കഴിഞ്ഞപ്പോൾ കൊപ്പർനിക്കൻ സിദ്ധാന്തത്തിനനുകൂലമായ വാദത്തിനു റോമയിൽ ഔദ്യോഗികമായ അംഗീകരണംതന്നെ നൽകപ്പെട്ടു. ഈ വസ്തുതകൾ തെളിയിക്കുന്നതെന്താണ്? "ഭൂമി കറങ്ങുന്നു"വെന്ന നവീനസിദ്ധാന്തത്തിനു കത്തോലിക്കാസഭാധികാരികൾ എതിരായിരിക്കുവാൻ സാദ്ധ്യമായിരുന്നില്ലെന്നല്ലയോ? തന്മൂലം ഗലീലിയോകേസിന്റെ അടിയിൽ കിടക്കുന്നതു് കേവലം ശാസ്ത്രപരമായ പ്രശ്നമായിരിക്കുവാൻ ഇടയില്ലെന്നല്ലയോ? ഗലീലിയോകേസിന്റെ ശരിയായ സ്വഭാവം ഞങ്ങൾ വഴിയെ വിശദീകരിച്ചുകൊള്ളാം. "മതവിശ്വാസികൾ മനുഷ്യന്റെ പുരോഗതിക്കു സഹായിച്ചുവെന്നു പറയുന്നതു് വെറും മൗഢ്യമാണ്" എന്ന പ്രസ്താവത്തിൽ ഉൾക്കൊണ്ടിരിക്കുന്ന മഹാമൗഢ്യത്തെപ്പററി അല്പം പറഞ്ഞുകൊള്ളട്ടെ.

### ക്രിസ്തുമതവും മനുഷ്യപുരോഗതിയും

ക്രിസ്തുമതവിശ്വാസം മനുഷ്യപുരോഗതിക്കു സഹായമായിരുന്നോ പ്രതിബന്ധമായിരുന്നോയെന്ന ചോദ്യത്തിനു യൂറോപ്യൻചരിത്രം അല്പമെങ്കിലും അറിഞ്ഞിട്ടുള്ളവർക്കു മറുപടി പറയുവാൻ യാതൊരു പ്രയാസവുമില്ല. ഒരു മഹാപണ്ഡിതനും തികഞ്ഞ വാഗ്മിയും ബ്രിട്ടീഷ് പ്രധാനമന്ത്രിയുമായിരുന്ന ഗ്ലാഡ്സ്റ്റന്റെ (Gladstone) സാക്ഷ്യം കേട്ടാലും. പ്രൊട്ടസ്റ്റൻറു ക്രിസ്ത്യാനിയായിരുന്ന അദ്ദേഹം കത്തോലിക്കാസഭയെപ്പററി പറയുന്ന സാക്ഷിക്കു് കൂടുതൽ വിലയുണ്ടല്ലോ.

"അവൾ (കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലം മുതൽ) 1500 വർഷമായി നാഗരികതയുടെ നേതൃത്വം വഹിച്ചുകൊണ്ടു പുരോഗമനംചെയ്തുകൊണ്ടിരിക്കയാണ്. ഈ ഘോഷയാത്രയിൽ അവൾ ലോകത്തിലെ മാനസികവും ഭൗതികവുമായ പ്രധാനപ്രവർത്തനശക്തികളെ, ഒരു വിജയരഥത്തോടു കുതിരകളെന്നോണം, തന്റെ രഥത്തോടു ബന്ധിച്ചിരിക്കുന്നു. അവളുടെ കലാവിദ്യ ലോകത്തിന്റെ കലാവിദ്യയും, അവളുടെ പ്രതിഭാവിലാസം ലോകത്തിന്റെ പ്രതിഭാവിലാസവുമായിരിക്കുന്നു. അവളുടെ മഹത്വവും പ്രതാപവും പ്രൗഢിയും ഗാംഭീര്യവുംതന്നെയാണ്, നിശ്ശേഷമായിട്ടല്ലെങ്കിലും ഏകദേശമായി, ആ വിഷയത്തിൽ ലോകത്തിനു് അഭിമാനിക്കത്തക്കതായിരിക്കുന്നതു്. ആശ്ചര്യപാത്രമായ ഈ സഭ, ക്രിസ്തുവിന്റെ കാലംവരെയുള്ള പഴക്കവും മനുഷ്യവർഗ്ഗത്തോളംതന്നെ വ്യാപ്തിയുമുള്ള ഈ സഭ, ഇരുപതു ശതാബ്ദക്കാലത്തെ ജീവിതത്തിനുശേഷവും ഇന്നു്, സ്വർഗ്ഗീയാഗ്നി ഭൂമിയിൽ വർഷിക്കപ്പെട്ട ആ പെന്തക്കുസ്തദിനത്തിൽ ഇരുന്നപോലെ അത്ര നവചൈതന്യത്തോടും ഫലഭൂയിഷ്ഠതയോടുംകൂടി വർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു."

കത്തോലിക്കാസഭ ലോകത്തിനു നൽകിയിട്ടുള്ള പുരോഗതി അറിയാത്തവനു യൂറോപ്യൻചരിത്രം അറിഞ്ഞുകൂടെന്നാണ് തെളിയുന്നതു്. ഇരുപത്തഞ്ചു



ഇതാ മനുഷ്യൻ!

കൊല്ലത്തിൽപ്പരം നടത്തിയ സത്യാന്വേഷണത്തിന്റെയും നിഷ്പക്ഷപാതത്തിന്റെയും ഫലമായി യുക്തിയുടെ ശാസനയാൽ അവിശ്വാസമുപേക്ഷിച്ചു കത്തോലിക്കാസഭയിൽ പ്രവേശിച്ച അർനോൾഡു് ലന്നിന്റെ സാക്ഷ്യവും കേൾക്കേണ്ടതാണ്.

"യൂറോപ്പിലെ ചിന്താസരണിയെ രൂപവൽക്കരിച്ച പ്രവർത്തകശക്തികളിൽ ഏററവും മഹത്തായതു കത്തോലിക്കാസഭയാണ്. പ്രാചീനലോകത്തിലെ സാഹിത്യവിജ്ഞാനത്തെ നാശത്തിൽനിന്നും രക്ഷിച്ചതു് സഭയാണ്. ഉത്തരദേശങ്ങളിൽനിന്നും മദോന്മത്തരായി പാഞ്ഞുവന്ന അപരിഷ്കൃതജനതതിയെ മര്യാദ പഠിപ്പിച്ചു സംസ്കരിച്ചതു സഭയാണ്. യൂറോപ്പിലെ നമ്മുടെ വിജ്ഞാനകേന്ദ്രങ്ങളെ സ്ഥാപിച്ചതും സഭതന്നെ. സുകുമാരകലകളിലും ശില്പവിദ്യയിലും ഏററവും മനോഹരവും ഏററവും ഉൽകൃഷ്ടവുമായ നിർമ്മാണങ്ങൾ നടത്തുന്നതിനുവേണ്ട കല്പനാശക്തികളെ ലോകത്തിനു പ്രദാനം ചെയ്തിട്ടുള്ളതും സഭയാകുന്നു. രാജ്യനിയമം, വിദ്യാഭ്യാസം, സുകുമാരകല ശില്പവിദ്യ, എന്നുവേണ്ട ആധുനികജീവിതത്തിലെ ഏതുവശം നോക്കിയാലും അവയെല്ലാം ഏതെങ്കിലുമൊരുകാലത്തു കത്തോലിക്കാസഭയാൽ രൂപവൽക്കരിക്കപ്പെട്ടതാണെന്നു കാണാം."

പ്രകൃതിശാസ്ത്രത്തെപ്പററിയാണല്ലോ ഗലീലിയോകേസ് ഉദ്ധരിച്ചുകൊണ്ടു്, ലേഖകൻ മതവിശ്വാസത്തെ പൊതുവിലും, കത്തോലിക്കാവിശ്വാസത്തെ പ്രത്യേകിച്ചും കുററാരോപണം ചെയ്യുന്നതു്. അതിനു മറുപടിയായി കൗച്ചി (Cauchy) എന്ന സുപ്രസിദ്ധഗണിതശാസ്ത്രജ്ഞന്റെ സാക്ഷ്യം കേട്ടാലും:

"ഞാൻ ഒരു ക്രിസ്ത്യാനിയാകുന്നു. അതിന്റെ അർത്ഥം എന്തെന്നാൽ, ടൈക്കോ ബ്രാഹി (Tycho Brahi), കൊപ്പർനിക്കസ് (Copernicus), ഡെക്കാർട്ട് (Descartes), ന്യൂട്ടൺ (Newton), ഫെർമൽ (Fermal), ലെബ്നിററ്സ് (Lebinitz), പാസ്കൽ (Pascal), ഗ്രിമാൾഡി (Grimaldi), എയ്ലർ (Euler), ഗുഡ്ലിൻ (Gudlin), ബോസ്കോവിച്ചു് (Boscovitch), ജർഡിൽ (Gerdil), എന്നിവരോടുകൂടിയും, ഭൂതകാലത്തിലെ അഗ്രഗണ്യന്മാരായ സകല ജ്യോതിശ്ശാസ്ത്രജ്ഞന്മാരോടും പ്രകൃതിശാസ്ത്രജ്ഞന്മാരോടും ക്ഷേത്രഗണിതശാസ്ത്രജ്ഞന്മാരോടും കൂടിയും ഞാൻ യേശുക്രിസ്തുവിന്റെ ദൈവത്വം വിശ്വസിക്കുന്നു. ഇവരിൽ ഭൂരിപക്ഷത്തോടുകൂടി ഞാൻ ഒരു കത്തോലിക്കനായിരിക്കുന്നു. എന്റെ വിശ്വാസത്തിനുള്ള ന്യായം പറയാൻ ഞാൻ സന്നദ്ധനാണ്. എന്റെ മതബോദ്ധ്യം പരമ്പരാസിദ്ധമായ മുൻവിധികളുടെ ഫലമല്ല, പ്രത്യുത കൂലങ്കഷമായ പരിശോധനയുടെ ഫലമാകുന്നു. കോർനെയി (Corneille), റസീൻ (Racine), ലബ്രൂയേർ (Labruyere), ബോസ്വേ (Bossuet), ബൂർദലൂ (Bourdaloue), ഫെനലൺ (Fenelon), എന്നിവരോടും, ആധുനികകാലത്തെ ഏററവും പ്രസിദ്ധന്മാരായവരോടും, പ്രകൃതിശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും സാഹിത്യത്തിലും ഏററവും അധികം പ്രവർത്തിച്ചിട്ടുള്ളവരോടും, നമ്മുടെ വിദ്വൽസ്ഥാപനങ്ങളുടെ ഏററവും പ്രസിദ്ധന്മാരായ അംഗങ്ങളോടുംകൂടി ഞാൻ ഒരു നിഷ്കപടനായ കത്തോലിക്കനായിരിക്കുന്നു. റുഫീനി (Ruffini), ഹെയ്, (Hauy), ലേനക്കു് (Laennec), ആംപേർ (Ampere), പെല്ലേറിയേ (Pelletier), ഫ്രേസിനേ (Freycinet), കൊറിയോലിസ് (Corriolis) മുതലായ നമ്മുടെ ഏററവും വലിയ പണ്ഡിതന്മാരുടെ വാക്കുകളിലും പ്രവൃത്തികളിലും ഗ്രന്ഥങ്ങളിലും പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്ന അഗാധങ്ങളായ മതബോദ്ധ്യങ്ങളിൽ ഞാൻ ഭാഗഭാക്കായിരിക്കുന്നു."

### മൗഢ്യമല്ലയോ?

മഹാപണ്ഡിതന്മാരായ, യൂറോപ്യൻചരിത്രം അറിഞ്ഞിട്ടുള്ള ശാസ്ത്രവിദഗ്ദ്ധന്മാരായ, മഹാന്മാരുടെ മേലുദ്ധരിച്ച സാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ ലേഖകന്റെ പ്രസ്താവം, "ദൈവങ്ങളും ദേവാലയങ്ങളും മതങ്ങളുംകൂടി അധഃപതിപ്പിച്ചു" എന്ന പ്രസ്താവം, മൗഢ്യമല്ലയോ? കത്തോലിക്കാസഭ മനുഷ്യപുരോഗതിയുടെ, അതിലും പ്രത്യേകിച്ചു് ശാസ്ത്രാഭിവൃദ്ധിയുടെ സംരക്ഷികയാണെന്നുള്ള പശ്ചാത്തലത്തിൽ പരിഗണിക്കുന്നപക്ഷം, ഗലീലിയോകേസ് ഒരു വ്യത്യസ്തമായിമാത്രം സ്വീകരിക്കുന്നതല്ലയോ ബുദ്ധി? വ്യത്യസ്തം സാമാന്യനിയമത്തെ തെളിയിക്കുന്നു (Exception proves the rule) എന്നല്ലയോ ആപ്തവാക്യം? അതിനുപകരം ലേഖകൻ ചെയ്തിരിക്കുന്നതെന്താണ്! ഗലീലിയോകേസ് എന്ന ഏകസംഭവത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തീയസഭയുടെ രണ്ടായിരം കൊല്ലത്തെ ചരിത്രത്തെ അദ്ദേഹം വ്യാഖ്യാനിക്കുന്നു! സാക്ഷാൽ ഇതല്ലയോ ഏററവും വലിയ മൗഢ്യം?

---

## മാർപ്പാപ്പാ കുട്ടികളോട്

"കടലിനക്കരെയുള്ള നിങ്ങളുടെ സ്കൂളുകളിൽ റേഡിയോമുഖേന ഒരിക്കൽക്കൂടി ഒരു സന്ദർശനം നടത്തുന്നതിനുള്ള ഏററവും വലിയ ഭാഗ്യം പ്രദാനംചെയ്ത ദൈവം വളരെ നല്ലവനല്ലയോ?" എന്നാണ് പരിശുദ്ധ പിതാവു് അമേരിക്കൻകുട്ടികളെ ഉദ്ദേശിച്ചു നടത്തിയ ഒരു പ്രക്ഷേപണിപ്രസംഗത്തിൽ പ്രസ്താവിച്ചതു്. പാലസ്റ്റൈനിലും ചൈനായിലും ഗ്രീസിലും കഠിനയാതനകൾ അനുഭവിച്ചുവരുന്ന കുട്ടികളുടെ കാര്യം അനുസ്മരിപ്പിച്ചശേഷം അവർക്കുവേണ്ടി സംഭാവനകൾ അയച്ചുകൊടുക്കുവാൻ അവിടുന്നു അമേരിക്കൻ കുട്ടികളെ ആഹ്വാനം ചെയ്തു.

---

വിജ്ഞാനവീഥി

# ഭാരതത്തിലെ കത്തോലിക്കാഹയരാർക്കികൾ

| | എറണാകുളം | വരാപ്പുഴ | തിരുവനന്തപുരം | ബോംബേ | പോണ്ടിച്ചേരി | മദ്രാസ് | ഗോവാ | ആഗ്രാ | കൽക്കട്ടാ | ഡൽഹി-സിംലാ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| കത്തോലിക്കർ | 947109 | 522,599 | 57737 | 868597 | 444440 | 319975 | 692256 | 52236 | 530500 | 20328 | 4455777 |
| ദേവാലയങ്ങൾ | 589 | 483 | 120 | 417 | 223 | 273 | 265 | 101 | 183 | 26 | 2680 |
| കപ്പേളകൾ | 490 | | 183 | 1350 | 695 | 1058 | 876 | 32 | 1374 | 57 | 6115 |
| വൈദികർ | 809 | 252 | 113 | 578 | 317 | 215 | 969 | 94 | 81 | 36 | 3464 |
| സന്യാസവൈദികർ | 344 | 126 | 34 | 439 | 137 | 209 | 88 | 138 | 373 | 19 | 1907 |
| സന്യാസസഹോദരർ | | 57 | 8 | 199 | 25 | 39 | 21 | 108 | 14 | 2 | 473 |
| സെമ്മിനാരി വിദ്യാർത്ഥികൾ | 257 | 166 | 23 | 296 | 273 | 222 | 453 | 100 | 101 | | 1891 |
| കന്യാസ്ത്രീകൾ | 3109 | 585 | 86 | 2034 | 1378 | 1211 | 761 | 497 | 718 | 162 | 10541 |
| വേദോപദേഷ്ടാക്കൾ | | | 72 | 760 | 291 | 1079 | 759 | 139 | 1386 | 52 | 4538 |
| കോളെജ് | 4 | 2 | | 10 | 5 | 1 | 1 | 3 | 11 | 4 | 42 |
| " വിദ്യാർത്ഥികൾ | 3344 | | | 9997 | 1286 | 17 | 1573 | 644 | 1961 | 127 | 18949 |
| ഹൈസ്കൂളുകൾ | 66 | 20 | 7 | 95 | 47 | 39 | 38 | 24 | 41 | 12 | 389 |
| " കുട്ടികൾ | 33285 | 6545 | 1340 | 50157 | 9092 | 8060 | 15833 | 5382 | 8041 | 315 | 138050 |
| മിഡിൽസ്കൂളുകൾ | 148 | 50 | 17 | 27 | 65 | 43 | 39 | 22 | 85 | 18 | 514 |
| " വിദ്യാർത്ഥികൾ | 30485 | 11535 | 4715 | 7210 | 10767 | 6905 | 9504 | 3169 | 9423 | 892 | 94605 |
| പ്രൈമറിസ്കൂളുകൾ | 401 | 301 | 69 | 969 | 417 | 662 | 266 | 110 | 1461 | 37 | 4693 |
| " കുട്ടികൾ | 116112 | 50139 | 11925 | 89130 | 25306 | 42706 | 24763 | 4938 | 44523 | 3913 | 413459 |
| ബോർഡിങ്ങുസ്കൂളുകൾ | | | | 30 | 11 | 18 | 15 | 26 | 76 | 3 | 175 |
| " കുട്ടികൾ | | | | 1101 | 1000 | 1104 | 1128 | 821 | 5735 | 310 | 11199 |
| മററു സ്കൂളുകൾ | 25 | 26 | 3 | 53 | 13 | 24 | 34 | 4 | 45 | 1 | 228 |
| " കുട്ടികൾ | 379 | 1275 | 44 | 1705 | 274 | 1209 | 2184 | 35 | 1421 | | 8526 |
| അനാഥശാലകൾ | 23 | 17 | | 86 | 43 | 61 | 35 | 18 | 32 | 4 | 319 |
| അനാഥർ | | 1036 | | 6024 | 1651 | 5245 | 2093 | 592 | 2108 | 226 | 18975 |
| വൃദ്ധമന്ദിരങ്ങൾ | 16 | 9 | | 17 | 12 | 7 | 11 | 4 | 4 | | 80 |
| വൃദ്ധർ | | 160 | | 256 | 61 | 392 | | 55 | | | 924 |
| ആശുപത്രികൾ | 11 | 5 | | 26 | 19 | 31 | 9 | 56 | 10 | | 167 |

(1948—ലെ കണക്കു് കിട്ടിയിടത്തോളം മുകളിൽ ചേർത്തിരിക്കുന്നു.)

# Sathya Deepam

Vol. 22 | Ernakulam April 13, 1949 | No. 33


## ക്രിസ്തുവിന്റെ പുനരുത്ഥാനം

(1-ാം പേജ് തുടർച്ച)

എന്തെന്നാൽ നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം മാനുഷികശക്തിയല്ല; ഈ ലോകത്തിന്റെ അനീതിയെ പരാജയപ്പെടുത്തിയ ദൈവത്തിന്റെ ശക്തിയാകുന്നു.

ക്രിസ്തുവിന്റെ ചരിത്രം കുരിശുമരണത്തോടുകൂടി തീർന്നിരുന്നുവെങ്കിൽ, നന്മയെ നശിപ്പിക്കുകയും നീതിയെ ക്രൂശിക്കുകയുംചെയ്ത ലോകത്തിന്റെ സ്ഥിതി എന്താകുമായിരുന്നു? ദൈവനന്ദനന്മാരുടെ മഹനീയമായ സ്വാതന്ത്ര്യത്തെ നമുക്കു പ്രദാനം ചെയ്യുന്നതിനായി മരണം വരിച്ച അവിടുത്തേക്കു്, മരണശൃംഖലയെ ഭേദിക്കുവാൻ സാധിക്കാതിരുന്നെങ്കിൽ, അടിമത്തത്തിലാണ്ടു കിടന്ന ലോകത്തിന്റെ സ്ഥിതി എന്താകുമായിരുന്നു! നമ്മുടെ പാപങ്ങളുടെ ഉദ്ധാരകൻ, മാനസങ്ങളുടെ അദ്ധ്യാപകൻ, പുനരുത്ഥാനം ചെയ്യാതിരുന്നെങ്കിൽ, മനുഷ്യന്റെ ദയനീയത എത്ര ഭയങ്കരമായിരുന്നേനെ. മനുഷ്യാസ്തിക്യംതന്നെ എന്നെന്നേക്കും അന്ധകാരപൂരിതമായിരുന്നേനെ.

പുനരുത്ഥാനം സയൻസിനും മനുഷ്യരുടെ അനുഭവജ്ഞാനത്തിനും എതിരാണെന്നു വാദിക്കുന്നവരുണ്ടു്. എന്നാൽ പരമമായ സത്യം കുഴിമാടത്തിൽ കിടന്നു നശിക്കുകയെന്നതു് ആയിരം മടങ്ങു് അധികം അസാദ്ധ്യമാകുന്നു എന്നു ഞാൻ പറയുന്നു. മനുഷ്യശക്തി നന്മയെ ക്രൂശിച്ച ഒരു പ്രപഞ്ചത്തെപ്പററി നമുക്കു ഭാവനചെയ്യുവാൻ സാധിക്കും; എന്നാൽ അതിനെ ഉദ്ധരിക്കുവാൻ പ്രാപ്തമായ ഒരു ഉന്നതശക്തിയില്ലാത്ത ഒരു പ്രപഞ്ചത്തെ എങ്ങനെ ഭാവനചെയ്യും?

അന്ധകാരം വിജയം നടിക്കുന്ന ഒരു ലോകത്തെ ഭാവനചെയ്യാം. ശത്രുക്കളിൽനിന്നു മർദ്ദനമനുഭവിക്കുന്ന ഒരു പോളണ്ടോ, ക്രിസ്ത്യാനികളും യഹൂദന്മാരും നാടുകടത്തപ്പെടുന്ന ഒരു ജർമ്മനിയോ, വിദ്യാഭ്യാസാദർശങ്ങൾക്കുവേണ്ടി വാദിക്കുകയാൽ കർദ്ദിനാളന്മാരും മെത്രാന്മാരും തടവിലാക്കപ്പെടുന്ന ഒരു ഹംഗറിയോ, യൂഗോസ്ലാവിയയോ, മതം കറുപ്പാണെന്നു പറഞ്ഞു നാല്പതിനായിരം ദേവാലയങ്ങൾ അടച്ചു പൂട്ടപ്പെടുന്ന ഒരു സോവ്യറോ ഉള്ള ലോകം നമുക്കു ഭാവനചെയ്യാം. എന്നാൽ വിജയകാഹളം ധ്വനിക്കുന്ന ഒരു പുനരുത്ഥാനദിനം ഇല്ലാത്ത ലോകത്തെപ്പററി ഭാവനചെയ്യുക സാദ്ധ്യമല്ല. നാം ഇന്നു തരണംചെയ്യുന്ന അന്ധകാരപൂരിതമായ ഈ നാഴികയ്ക്കപ്പുറത്തു പ്രകാശസമ്പൂർണ്ണമായ ഒരു പുനരുത്ഥാനദിനം നമ്മെ പ്രതീക്ഷിച്ചിരുപ്പുണ്ടു്.

സർവ്വാംഗം ആയുധധാരിയായി ഗോലിയാത്തിനെപ്പോലെ ശത്രുക്കൾ നമ്മെ നേരിട്ടുകൊള്ളട്ടെ; മരണത്തെ അപഹസിക്കുകയും മാനുഷികശക്തിയെ ലജ്ജിപ്പിക്കുകയും ചെയ്ത അവിടുത്തെ ശക്തിയാൽ നാം അലംകൃതരാണെങ്കിൽ ദാവീദിനെപ്പോലെ ശത്രുവിനെ കീഴ്പെടുത്തി വിജയശ്രീലാളിതരാകാം. സമാധാനത്തിനുവേണ്ടി ലോകം ഇന്നു ദാഹിക്കുന്നു. അതു് എവിടെ കിട്ടും? വിശ്വാസത്താൽ പവിത്രീകൃതരാകാത്ത സാമാന്യജനതയിൽനിന്നോ? ഇല്ല. എന്തെന്നാൽ ഒരിക്കൽ അധികാരത്തിൽ കയറിപ്പററിയാൽ പിന്നെ അവർ സാമാന്യരല്ലാതാകുകയും, സ്വേച്ഛാധിപതികളെന്ന അസാമാന്യരായിത്തീരുകയും ചെയ്യുന്നു. നേരെമറിച്ചു് ഏററവും സ്വേച്ഛാധികാരിയായ ഭരണകർത്താവിനോടു്, "ഉന്നതങ്ങളിൽനിന്നു നൽകപ്പെടാതിരുന്നെങ്കിൽ നിനക്കു യാതൊരു അധികാരവും ഉണ്ടാകുമായിരുന്നില്ല" എന്നു മുഖത്തു നോക്കി പറയുവാൻ തന്റേടമുണ്ടായ അവിടുത്തെ ശക്തിയാൽ അസാധാരണരാക്കിത്തീർക്കപ്പെട്ട സാധാരണക്കാരിൽനിന്നുമാത്രമേ അതു നമുക്കു ലഭിക്കുകയുള്ളു.

മതപീഡകന്മാർ സഭയെ, അതിന്റെ സ്ഥാപകനെപ്പോലെതന്നെ, കല്ലറയിലാക്കി, "കണ്ടാലും അതിനെ നാം സംസ്കരിച്ച സ്ഥലം" എന്നു ഔദ്ധത്യം കൊള്ളാറുണ്ടു്. പക്ഷേ വിശ്വാസദീപത്താൽ പ്രോജ്ജ്വലിതരായ നമുക്കറിയാം, സ്ഥാപകനെപ്പോലെതന്നെ സഭയും ഈ കല്ലറയെ നാണിപ്പിച്ചു് അവിടെ നിന്നു പുനരുത്ഥാനംചെയ്യുമെന്നു്. സഭയുടെ പുരോഗതി ഭൗതികശക്തിയുടെ അധോഗതിയെയാണു കാണിക്കുന്നതു്. സഭ എവിടെ എത്രയധികം മർദ്ദിക്കപ്പെടുന്നുവോ അവിടെ അത്രയധികം പുരോഗമിക്കപ്പെടുന്നു എന്നതാണു വാസ്തവം.

സഭയുടെ അഭിവൃദ്ധി ലോകത്തിൽനിന്നു ലഭിക്കുന്നതല്ല. സഭ ലോകത്തിന്റെ പ്രീതിഭാജനമായിത്തീർന്നാൽ, ലോകത്തിന്റെ രക്ഷാകേന്ദ്രമായി ഭവിക്കുകയില്ല. അവിടുന്നു ക്രൂശിക്കപ്പെട്ടപ്പോഴാണു് മരണത്തെ അതിജീവിച്ചു് ലോകത്തിന്റെ ഉദ്ധാരണം നിർവഹിച്ചതു്. സഭ പീഡിപ്പിക്കപ്പെടുന്നില്ലെങ്കിൽ അവൾ ദുർബലയായിത്തീരും. സഭയുടെ സത്യദീപ്തി ലോകത്തിന്റെ നേത്രങ്ങളെ അന്ധീകൃതമാക്കുന്നു. അതുകൊണ്ടാണു് ആ പ്രകാശത്തെ കെടുത്തിക്കളയാമോയെന്നു ലോകശക്തികൾ പരീക്ഷിക്കുന്നതു്. ദൈവികമായ ധാർമ്മികനിയമങ്ങളെ ആധാരമാക്കിയുള്ള സമുദായത്തിന്റെയും കുടുംബത്തിന്റെയും എല്ലാ ചിത്രങ്ങളെയും ഛിന്നഭിന്നമാക്കുവാൻ ലോകം ഇന്നു പാഴ്ശ്രമം ചെയ്യുന്നുണ്ടു്. പക്ഷേ അതിൽ നൈരാശ്യത്തിനു വകയില്ല; ആ ചിത്രങ്ങളുടെയെല്ലാംമൂലം സഭ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടു്.

മതത്യാഗിയായ ജൂലിയൻ ചക്രവർത്തിയായി വിലസിയ റോമാസാമ്രാജ്യത്തോടു സാധർമ്മ്യം വഹിക്കുന്ന ഒന്നാണു ഇന്നത്തെ ലോകസ്ഥിതി. നീറോ പ്രഭൃതികളെപ്പോലെ അക്രൈസ്തവതീക്ഷ്ണതകൊണ്ടല്ലാ ജൂലിയൻ ക്രൈസ്തവസഭയെ പീഡിപ്പിച്ചതു്. മതവിശ്വാസം നഷ്ടപ്പെട്ട ജൂലിയൻ തന്റെ അന്തഃകരണമർദ്ദനത്തെ ഗോപനം ചെയ്യുവാൻ ക്രിസ്തുസഭയെ ഉഗ്രമായി പീഡിപ്പിക്കയാണുചെയ്തതു്. ഇന്നത്തെമിക്ക മതപീഡകന്മാരും ഇക്കാര്യത്തിൽ ജൂലിയനെ അനുകരിക്കുകയാണു ചെയ്യുന്നതു്.


തന്റെ മതമർദ്ദനപ്രസ്ഥാനത്തിന്റെ വിജയം എമ്മാത്രമെന്നു നേരിട്ടുകണ്ടു മനസ്സിലാക്കുന്നതിനായി ജൂലിയൻ ഒരിക്കൽ അന്ത്യോഖ്യാപട്ടണം സന്ദർശിച്ചു ആയിരക്കണക്കിനു ജനങ്ങൾ തിങ്ങിക്കൂടിയിരുന്ന അവിടത്തെ "മിത്രാ" ക്ഷേത്രത്തിൽ അഗാത്തോൺ എന്ന ഒരു പൂർവ്വസുഹൃത്തിനെ ജൂലിയൻ കണ്ടെത്തി. ആ വമ്പിച്ച ജനാവലിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ജൂലിയൻ ചോദിച്ചു: "അഗാത്തോൺ, ഗലീലിയിലെ ആശാരിപ്പണിക്കാരനു് എന്തുപററി? ഇപ്പോൾ അയാൾക്കു് എന്തെങ്കിലും ജോലിയുണ്ടോ?"

അഗാത്തോൺ സവിനയം പ്രതിവചിച്ചു: "തിരുമേനി, അയാൾ റോമാസാമ്രാജ്യത്തിനും തിരുമേനിക്കും വേണ്ടി ഇപ്പോൾ ഒരു ശവപ്പെട്ടി പണിതുകൊണ്ടിരിക്കുകയാണു്."

ആറുമാസങ്ങളേ കഴിഞ്ഞുള്ളു. റോമാചക്രവർത്തിയായ ജൂലിയൻ ഒരു കഠാരി സ്വന്ത മാർവിൽ കുത്തിയിറക്കി. അനന്തരം മാറിൽനിന്നു വലിച്ചൂരി, പാപമലീമസമായ സ്വന്തരക്തം ഇററിററു വീഴ്കെ അതു ആകാശത്തിലേക്കു് എറിഞ്ഞുകൊണ്ടു്, ഉദ്ഘോഷിച്ചു: "ഹാ! ഗലീലിയാക്കാരാ, നീ തന്നെ വിജയിച്ചു!" ആ നിർഭാഗ്യന്റെ അന്തിമവചനങ്ങളായിരുന്നു ഇവ.

റോമൻ പടയാളികൾ മുദ്രവെച്ചു കാത്തുകിടന്നിരുന്ന കുഴിമാടത്തെയും തോല്പിച്ചു പുനരുത്ഥാനംചെയ്ത ആ ഗലീലിയാക്കാരൻ തന്നെ ഇതേവരെ ജയിച്ചിരിക്കുന്നു. മേലിലും ജയം അവിടുത്തേക്കുതന്നെയായിരിക്കും. പുനരുത്ഥാനം ലോകത്തിനു നൽകിയിരിക്കുന്ന സന്ദേശം അതാകുന്നു.

മർദ്ദനങ്ങളുടെയും പീഡനങ്ങളുടെയും അന്ധകാരത്തിൽ പെട്ടുഴലുന്നവർക്കു ഒരിക്കലും നിരാശയ്ക്കു വഴിയില്ല. കാരണം സാന്ദ്രസുന്ദരമായ ഒരു പുനരുത്ഥാനപ്രഭാതം അവരെ പ്രതീക്ഷിച്ചിരിക്കുന്നു. വിജയശ്രീലാളിതനായ ക്രിസ്തുവിന്റെ മഞ്ജുളസ്വനം അവരുടെ കണ്ണുകളെ ആനന്ദതുന്ദിലമാക്കുന്ന നാഴിക അവരെ പ്രതീക്ഷിച്ചിരിക്കുന്നു.



## "മാപ്പിരന്നാലും"

(ഫാദർ ജേക്കബ് കല്ലറക്കൽ)

ശംകഥസാന എ. മ. (മേല. ഹിന്ദി)

പോകുവതാരോ—ക്രൂശേന്തി ഹാ! ഹാ!
ക്ലേശിതനായ്—ബഹുപീഡിതനായി — — (പോക.)
1 കാണായലോക—മെല്ലാംചമച്ച
കാരുണ്യക്കാതൽ—വീണന്നുപാദം — — (പോക.)
2 ഞെട്ടുന്നു ഭീതി—വിഭ്രമം പൂണ്ടു
വിഷ്ടപംനില്പൂ—കോപകലുഷം — — (പോക.)
3 മർത്യനുമാത്ര—മില്ലാകുലുക്കം
കല്ലിലുംകല്ലാ—ണായവൻചിത്തം — — (പോക)
4 ഭാരം സഹിയാ—തയ്യോ! പതിപ്പൂ!!
ധാരധാരയായ്—ചോരയൊഴുക്കി — — (പോക.)
5 മാനുഷരൂപ—മല്ലല്ലകാൺകിൽ
"തേജോമയനോ"—രൂപവിഹീനൻ? — — (പോക.)
6 കുററമൊരല്പം—ചെയ്തോനല്ലല്ലോ!!
കുററമതിയി—സാധുമനുഷ്യൻ!! — — (പോക.)
7 നന്മകൾചെയ്തു—നീളെനടന്ന
കന്യാകുമാരൻ—നിന്ദിതനായോ? — — (പോക.)
8 ആക്കിതുപാക്കാം—ഓക്കാവോ ഹേതു?
തീക്കാവോ താപം?—മർത്യരെ ഓപ്പിൻ— — (പോക.)
9 പാപികൾ നമ്മൾ—ചെയ്യുംപാപങ്ങൾ
ഘോരഘോരമീ—ക്രൂരതകാട്ടി — — (പോക.)
10 കേണുകരഞ്ഞു—മാപ്പിരന്നാലും
സർവ്വംക്ഷമിക്കും—സർവ്വേശപുത്രൻ — — (പോക.)

## ബല്ലാരി മെത്രാൻ

മോൺ. പീറ്റർ ഹോഗാൻ ഒ. എഫ്. എം. ബല്ലാരിയിലെ പ്രഥമ മെത്രാനായി നിയമിതനായിരിക്കുന്നു. 1934 മുതൽ ഇദ്ദേഹം ബല്ലാരിമിഷന്റെ സുപ്പീരിയറായിരുന്നു. പ്രസ്തുതമിഷൻ ഇംഗ്ലീഷ് പ്രോവിൻസിൽപ്പെട്ടഫ്രാൻസിസ്കൻസിന്റെ അധീനതയിലാണു്.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam